2014 ഒക്ടോബർ 25
വാല്യം 07
ലക്കം 20

ബിലീവേഴ്സ് ജേണൽ

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA 225/2012 - 14 Annual Subscription Rs.150/- Pages:12

# മാർപാപ്പയുടെ നിർദ്ദേശം ബിഷപ്പുമാർ തള്ളി

## * പരിഷ്ക്കരണവാദികൾക്ക് തിരിച്ചടി * പ്രതിഷേധവുമായി സംഘടനകൾ



ജെയ്സ്പാണ്ടനാട്

സ്വവർഗ്ഗാനുരാഗികളെ അംഗീകരിക്കാനുള്ള പോപ്പ് ഫ്രാൻസിസിന്റെ നിർദ്ദേശം ബിഷപ്പുമാർ തള്ളി. ലോകത്തിന്റെ നാനാ ഭാഗങ്ങളിൽനിന്നായി 200-ഓളം ബിഷപ്പുമാർ പങ്കെടുത്ത സിനഡിന്റെ അവസാനത്തിൽ പുറത്തുവിട്ട കുറിപ്പിലാണ് സ്വവർഗ്ഗാനുരാഗികളെ ചർച്ചിന്റെ ഭാഗമാക്കാനാവില്ലെന്ന് വ്യക്തമാക്കിയത്. സ്വവർഗ്ഗാനുരാഗികൾക്ക് പുറമെ വിവാഹമോചനത്തിനു ശേഷം വീണ്ടും വിവാഹിതരായവരെയും അംഗീകരിക്കുന്നതുൾപ്പെടെയുള്ള വിഷയങ്ങളിൽ ഇപ്പോഴും സഭയിൽ നിലനിൽക്കുന്ന കടുത്ത ഭിന്നതയാണ് സിനഡിൽ അനുകൂല തീരുമാനത്തിനു തടസ്സമായത്. വിവാഹമോചിതർ വീണ്ടും വിവാഹിതരായാലും അംഗീകരിക്കാനാവില്ലെന്നാണ് സിനഡിന്റെ തീരുമാനം.

സ്വവർഗ്ഗാനുകൂലികളെ ആദരത്തോടെയും വൈകാരികതയോടെയും സ്വീകരിക്കണമെന്നും എന്നാൽ, വിവാഹം പുരുഷനും സ്ത്രീയും തമ്മിലേ സാദ്ധ്യമാകൂ എന്നും വിജ്ഞാപനം വ്യക്തമാക്കുന്നു. പഴയ വിശ്വാസങ്ങൾവിട്ട് പുതിയ കാലത്തെ ഉൾക്കൊണ്ട് സ്വവർഗ്ഗാനുകൂലികളെ അംഗീകരിക്കാൻ മുന്നോട്ടു വരണമെന്ന് നേരത്തെ ബിഷപ്പുമാരോട് പോപ്പ് ശക്തമായി ആവശ്യപ്പെട്ടിരുന്നു. സിനഡിന്റെ തുടക്കത്തിൽ പോപ്പിന്റെ നിർദ്ദേശത്തിന് പച്ചക്കൊടി ലഭിച്ചതായി സൂചനയുണ്ടായിരുന്നു.



ഒരുവിഭാഗം മെത്രാന്മാർ ഉന്നയിച്ച ഈ വാദങ്ങൾക്ക് ഭേദഗതികൾ നിർദ്ദേശിക്കാൻ പത്തു ചെറു ഗ്രൂപ്പുകളായി തിരിഞ്ഞുള്ള ചർച്ചകളാണ് പിന്നീട് നടന്നത്. എന്നാൽ, ഒടുവിൽ മൂന്നിൽ രണ്ടു ഭൂരിപക്ഷം കിട്ടാതായതോടെ പ്രമേയം പരാജയപ്പെടുകയയിരുന്നു. 62 ന് എതിരേ 118 വോട്ടുകൾക്കാണ് ഈ വാദം പരാജയപ്പെട്ടത്. സ്വവർഗ്ഗാനുരാഗികൾക്കും സഭയിൽ ഇടം വേണമെന്നും അവർ വാദിച്ചു. അവിവിവാഹിതരുടെ ഒന്നിച്ചു കഴിയലിനെയും പലരും വിശാലതയോടെയാണ് സമീപിച്ചത്. പള്ളി മുഖേന വിവാഹിതരാകാൻ ഇക്കൂട്ടരെ പ്രേരിപ്പിക്കണമെന്നായിരുന്ന ചിലരുടെ പക്ഷം. ഗർഭനിരോധന മാർഗ്ഗങ്ങൾ ഉപയോഗിക്കാനുള്ള ദമ്പതികളുടെ തീരുമാനങ്ങളെ മാനിക്കണമെന്നും വാദങ്ങളുയർന്നു.

എന്നാൽ ഇത്തരം വാദങ്ങൾക്കെതിരെ യാഥാസ്ഥിതികരായ മെത്രാന്മാർ പടവാൾ എടുക്കുന്നതാണ് പിന്നീട് കണ്ടത്. ഉപരിപ്ലവമായ വാദങ്ങൾ അംഗീകരിക്കാനാകില്ലെന്നും സഭയുടെ പ്രബോധനങ്ങൾക്കു വിരുദ്ധമായ സമീപനത്തെ ഉൾക്കൊള്ളാനാവില്ലെന്നും വ്യക്തമാക്കിയിരുന്നു. വിവാഹമോചനം ലഭിച്ചവർക്കും നിയമപരമായി പുനർവിവാഹം ചെയ്തവർക്കും വിശുദ്ധ കുർബാന സ്വീകരിക്കാമെന്ന വാദവും പരാജയപ്പെട്ടു.

എന്നാൽ, 50 ശതമാനത്തിലേറെ വോട്ട് നേടിയതിനാൽ റോമിൽ ഒരുവർഷത്തിനുള്ളിൽ നടക്കുന്ന അടുത്ത സിനഡിൽ വിഷയം വീണ്ടും ചർച്ച ചെയ്യും. കടുത്ത അഭിപ്രായഭിന്നതകളെ തുടർന്ന് ഇതുസംബന്ധിച്ച പ്രമേയം പലതവണ മാറ്റിയെഴുതേണ്ടി വന്നതായി

04

## പി. വൈ. പി. എ. സംസ്ഥാന ക്യാമ്പ് കൊട്ടാരക്കരയിൽ ഒരുക്കങ്ങൾ ആരംഭിച്ചു

**കുമ്പനാട്:** പെന്തെക്കോസ്ത് യുവജനസംഘടനയുടെ 67-ാം ജനറൽ ക്യാമ്പ് ഡിസംബർ 21 മുതൽ 24 വരെ കൊട്ടാരക്കര കേരള തിയോളജിക്കൽ സെമിനാരിയിൽ വെച്ച് നടക്കും. ഒക്ടോബർ 12ന് പി. വൈ. പി. എ. സ്റ്റേറ്റ് പ്രസിഡന്റ് സുവി. വിൽസൺ ശാമുവേലിന്റെ അദ്ധ്യക്ഷതയിൽ നടന്ന സ്വാഗതസംഘരൂപീകരണ സമ്മേളനത്തിൽ ജനറൽ കൺവീനർമാരായി പാസ്റ്റർ വർഗീസ് മത്തായി, ബ്രദർ ഡി. അലക്സാണ്ടർ എന്നിവരെ തിരഞ്ഞെടുത്തു.

ഭാരവാഹികളായി കോ-ഓഡിനേറ്റേഴ്സായി പാസ്റ്റർമാരായ ജോസ്. കെ. ഏബ്രഹാം, ഷിബു ജോർജ്ജ്. പ്രെയർ കൺവീനർമാരായി പാസ്റ്റർമാരായ കുഞ്ഞുമോൻ വർഗീസ്, സജിമോൻ ഫിലിപ്പ്. രജിസ്ട്രേഷൻ പാസ്റ്റർ ജോർജ്ജ് രാജൻ. ഫൈനാൻസ് ബ്രദർ ജി. കുഞ്ഞച്ചൻ വാളകം. മ്യൂസിക് ബ്രദർ ജയൻ എം. ചെറിയാൻ. മീഡിയാ ബ്രദർ മാത്യു സാം, ഫുഡ് പാസ്റ്റർ സുദർശനൻപിള്ള, വിജിലൻസ് പാസ്റ്റർ ബിജു വരിഞ്ഞം, പബ്ലിസിറ്റി ജോർജ്ജ് തോമസ്, അക്കോമോഡേഷൻ പാസ്റ്റർ തോമസ് മാത്യു, പന്തൽ, ലൈറ്റ് & സൗണ്ട് പാസ്റ്റർ ഷിബു തോമസ് എന്നിവരടങ്ങിയ വിപുലമായ കമ്മറ്റിയെ തിരഞ്ഞെടുത്തു. ഈ മീറ്റിംഗിൽ കൊട്ടാരക്കര മേഖലയിലെ എല്ലാ ലോക്കൽ യൂണിറ്റിൽ നിന്നുമുള്ള അംഗങ്ങൾ പങ്കെടുത്തു. ഈ ക്യാമ്പിൽ 2000 ത്തോളം പ്രതിനിധികൾ പങ്കെടുക്കും.

പി. വൈ. പി. എ. സംസ്ഥാന പ്രസിഡന്റ് സുവി. വിൽസൺ ശാമുവേൽ ക്യാമ്പ് ഉദ്ഘാടനം ചെയ്യും.

04

## ഐ.പി.സിയിൽ മാറ്റങ്ങൾക്കു വഴിയൊരുക്കുന്ന ഭരണഘടന ഭേദഗതി

**കുമ്പനാട്:** ഐ.പി.സിയിൽ സമൂല മാറ്റങ്ങൾക്കു വഴിയൊരുക്കുന്ന ഭരണഘടന ഭേദഗതിക്കുള്ള കരട് പ്രസിദ്ധീകരിച്ചു. നവംബർ 11നു നടക്കുന്ന ജനറൽ കൗൺസിലിന്റെ അംഗീകാരത്തിനുശേഷം 60 ദിവസത്തെ നോട്ടീസ് നൽകി ജനറൽ ബോഡിയിൽ അവതരിപ്പിക്കും. ജനുവരി 13 നു ഹെബ്രോൻപുരത്തു ജനറൽ ബോഡി നടത്താനാണ് കൗൺസിൽ തീരുമാനം.

ഭരണകാലയളവ് അഞ്ചു വർഷമാക്കുക, പ്രതിനിധികളുടെ എണ്ണം കുറയ്ക്കുക, ഭാരവാഹികളുടെ എണ്ണം വർദ്ധിപ്പിക്കുക എന്നിവയ്ക്കും ചീഫ് പാസ്റ്റർ, ജനറൽ മിഷനറി, ജനറൽ പാസ്റ്റർ, സീനിയർ പാസ്റ്റർ എന്നീ പുതിയ തസ്തികകളുടെ രൂപവത്ക്കരണവും പുതിയ നിർദ്ദേശങ്ങളാണ്. രാജ്യാന്തരതലത്തിൽ സഭയുടെ പേര് ഇന്റർ നാഷണൽ പെന്തെക്കോസ്തൽ ചർച്ച് ഓഫ് ഗോഡ് എന്നാക്കാനും നിർദ്ദേശമുണ്ട്. സെന്ററിലെ ഭൂരിപക്ഷം സഭകൾ ആവശ്യപ്പെട്ടാൽ 15 വർഷത്തിനുശേഷം സെന്റർ പാസ്റ്റർമാരെ സ്ഥലം മാറ്റണം. ലോക്കൽ പാസ്റ്റർമാരുടെ ശുശ്രൂഷക കാലാവധി മൂന്നു വർഷം നിർബന്ധമാക്കും. ജനറൽ പ്രസിഡന്റ്/ സെക്രട്ടറി/ട്രഷറർ എന്നിവരും പാസ്റ്റർമാരിൽ നിന്നുള്ള ജോയിന്റ് സെക്രട്ടറിയും കേരളത്തിൽ നിന്നാകും. പുതിയ മൂന്നു വൈസ് പ്രസിഡന്റുമാരിൽ ഒരാൾ ആന്ധ്രയിൽ നിന്നും, ഒരാൾ വടക്കേ അമേരിക്കയിൽ നിന്നും മൂന്നാമത്തെയാൾ ഏറ്റവും കൂടുതൽ അംഗങ്ങളുള്ള ഇന്ത്യൻ സംസ്ഥാനത്ത് നിന്നുമാകും. പാസ്റ്റർമാരിലെ ഒരു ജോയിന്റ് സെക്രട്ടറി ഗൾഫിൽ നിന്നും ഒരാൾ യൂറോപ്പ്/ആസ്ട്രേലിയ റീജിയനിൽ നിന്നും ഓരോ ടേം മാറിമാറി വരും. സഹോദരന്മാരിലെ ഒരു ജോയിന്റ് സെക്രട്ടറിയെ എക്സിക്യൂട്ടീവിൽ പ്രാതിനിധ്യമില്ലാത്ത ഇന്ത്യൻ സംസ്ഥാനത്ത് നിന്നും തെരഞ്ഞെടുക്കും.

ജനറൽ പ്രസിഡന്റും, ജനറൽ സെക്രട്ടറിയും വർഷത്തിൽ 50 ദിവസവും, ജനറൽ ട്രഷറാർ ആഴ്ചയിൽ ഒരു ദിവസം ഉൾപ്പെടെ 100 ദിവസവും, സ്റ്റേറ്റ്/ റീജിയൻ എക്സിക്യൂട്ടീവുകൾ വർഷത്തിൽ 180 ദിവസവും ഓഫീസുകളിൽ ഉണ്ടാകണം. ഹാജറിനായി പഞ്ചിങ്ങ് യന്ത്രവും രജിസ്റ്ററും ഉപയോഗിക്കും. ജനറൽ കൗൺസിലിൽ പരമാവധി മൂന്നു പേർക്കേ കേരളത്തിൽ നിന്നും തിരഞ്ഞെടുക്കാനാകൂ, ജനറലിൽ മത്സരിക്കുന്നവർ ഒരു ടേമെങ്കിലും സ്റ്റേറ്റ്/റീജിയൻ എക്സിക്യൂട്ടീവായി സേവനം ചെയ്തിരിക്കണം. രണ്ടു കൗൺസിലുകളിലും ഒരേ സമയം എക്സിക്യൂട്ടിവാകാൻ പാടില്ല.

ജനറൽ പ്രസിഡന്റായി സേവനം

07

## സാക്ഷി



പാകിസ്ഥാനെ ഇന്ത്യ പാഠം പഠിപ്പിച്ചു!

*“ഭീകരതയുടെ പതനം”*

## മതപരിവർത്തനം ചെയ്തവരുടെ സംവരണത്തെ എതിർക്കും: കേന്ദ്രമന്ത്രി തവർചന്ദ് ഗെഹ്ലോട്ട്

പ്രകാശ് പി.കോശി

ക്രൈസ്തവ/ ഇസ്ലാം വിശ്വാസങ്ങളിലേക്ക് പരിവർത്തനം ചെയ്ത ദലിതർക്ക് സംവരണം നൽകുകയാണെങ്കിൽ അത് മതപരിവർത്തനത്തെ പ്രോത്സാഹിക്കുന്നതുകൊണ്ട് കേന്ദ്രസർക്കാർ പരിവർത്തിത ന്യൂനപക്ഷങ്ങൾക്കുള്ള ദലിത് സംവരണത്തെ എതിർക്കും. കേന്ദ്ര സാമൂഹ്യ ക്ഷേമവകുപ്പ് മന്ത്രി തവർ ചന്ദ് ഗെഹ്ലോട്ടാണ് കേന്ദ്ര സർക്കാരിന്റെ നയം വ്യക്തമാക്കിയത്. ഹിന്ദു, സിക്ക്, ബുദ്ധ മതവിഭാഗങ്ങൾക്കപ്പുറം സംവരണം അനുവദിക്കുന്നതിന് കേന്ദ്രസർക്കാർ എതിരാണെന്ന് ഈ നയം ചൂണ്ടിക്കാട്ടുന്നു.

“മതപരിവർത്തനം ചെയ്തവർക്ക് ദലിത് സംവരണം നൽകുന്നത് കൂടുതൽ പരിവർത്തനത്തിന് കാരണമാകും. ഇങ്ങനെയുള്ളവരുടെ സംവരണാവശ്യം ഭരണഘടനാ വിരുദ്ധമാണ്. നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് ഈ വിഭാഗങ്ങളുടെ ഉന്നമനത്തിനായി പ്രവർത്തിക്കാൻ ഞങ്ങൾ തയ്യാറാണ്” കേന്ദ്ര സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി തവർ ചന്ദ് ഗെഹ്ലോട്ട് പറഞ്ഞു. ദലിത് ക്രൈസ്തവർക്കും മുസ്ലിങ്ങൾക്കും ഉള്ള സംവരണത്തെ പറ്റി സുപ്രീംകോടതിയിൽ വർഷങ്ങളായി നടന്നു കൊണ്ടിരിക്കുന്ന കേസിൽ കേന്ദ്ര സർക്കാരിന്റെ പുതിയ നയം ഗതിവ്യത്യാസത്തിന് വഴിയൊരുക്കും.

പരിവർത്തിത ക്രൈസ്തവർക്കുള്ള സംവരണത്തെ സംബന്ധിച്ച് നടക്കുന്ന കേസിൽ മുൻ UPA സർക്കാരുകൾ വ്യക്തമായ ഒരു പരിഹാരവും പ്രഖ്യാപിച്ചിട്ടില്ല. ഇത് ഈ കേസ് അനിയന്ത്രിതമായി താമസിപ്പിക്കുന്നു.

വളരെ സൂക്ഷമതയോടെ കൈകാര്യം ചെയ്യേണ്ട ഈ കേസിൽ മറ്റ് മതവിഭാഗങ്ങളുടെ പ്രതികരണം ഭയന്നാണ് ദലിത് ക്രൈസ്തവർക്ക് സംവരണാനുകൂല്യം നിഷേധിക്കപ്പെടുന്നത്.

സംവരണത്തിന് കൂടുതൽ അവകാശികൾ ഉണ്ടാവുന്നത് ഇപ്പോൾ ഇതിന്റെ ആനുകൂല്യങ്ങൾ അനുഭവിക്കുന്നവർക്ക് അംഗീകരിക്കുവാൻ കഴിയുന്നില്ല.

ക്രൈസ്തവ വിശ്വാസം സ്വീകരിക്കുന്ന ദലിതർക്ക് സംവരണം അനുവദിക്കുക

05

ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി
രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

ബിലീവേഴ്സ് ജേണൽ
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

## അറിയിപ്പ്

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ

# അടയാളങ്ങൾ കാണുന്നുണ്ട്..




ഇന്ത്യയും പാകിസ്ഥാനും നേർക്കു നേർ പോരിനൊരുങ്ങിയിരിക്കുന്നു. ഭീകരതയുടെ ഉറവിടവും താവളവുമായി മാറിയിരിക്കുന്ന പാകിസ്ഥാൻ ഭാരതത്തിന്റെ ശക്തിയെ ചോദ്യം ചെയ്യുകയാണ്. ചരിത്രത്തിൽ നിന്നും പാഠം ഉൾക്കൊള്ളുവാൻ ഇതുവരെയും പാകിസ്ഥാനു കഴിഞ്ഞിട്ടില്ല എന്നതാണ് ഇപ്രാവശ്യത്തെ നീക്കവും സൂചിപ്പിക്കുന്നത്. അധികാരം നിലനിർത്താനുള്ള തന്ത്രത്തിന്റെ ഭാഗമാണ് പാകിസ്ഥാനിലെ ഭരണാധികാരികൾക്കെന്നും ഭാരതവുമായുള്ള യുദ്ധം. യഥാർത്ഥ ഭരണാധികാരി സമാധാനവും സമൃദ്ധിയും തന്റെ രാജ്യത്ത് കൊണ്ടുവരുവാൻ ശ്രമിക്കുമ്പോൾ പാകിസ്ഥാനിലെ സ്ഥിതി തികച്ചും വ്യത്യസ്തമാണ്. ഭീകരത ഇന്നു ലോകമെങ്ങും വേരൂന്നി കഴിഞ്ഞു. ലോകരാഷ്ട്രങ്ങളുടെ ഉറക്കം കെടുത്തുന്ന നിലയിലേക്ക് ഭീകരത വളർന്നിരിക്കുന്നു. മതത്തിന്റെ പേരിൽ പിശാചിന്റെ തന്ത്രമാണിത്. ഉക്രൈനിലും റഷ്യയിലും സിറിയയിലും ഇറാഖിലും പാലസ്തീനിലും അഫ്ഗാനിസ്ഥാനിലും എല്ലാം ഇന്ന് നടക്കുന്നതതാണ്. അരാജകത്വം സൃഷ്ടിക്കുന്ന ഭീകരർ ജനത്തിന്റെ സ്വസ്തത കെടുത്തുന്നു. നിരപരാധികൾ കൊന്നൊടുക്കപ്പെടുന്നു. ആർക്കും നിയന്ത്രിക്കാൻ കഴിയാത്ത നിലയിൽ ഭീകരപ്രവർത്തനം മുന്നേറുകയാണ്. രാജ്യങ്ങൾ തമ്മിലും ജാതികൾ തമ്മിലും വംശങ്ങൾ തമ്മിലും പോർവിളി ഉയർത്തി നേർക്കുനേർ നിൽക്കുന്നു. ആയിരങ്ങൾ ബലിയാകുന്നു. ലക്ഷക്കണക്കിനാളുകൾ ഭവനരഹിതരായി പലായനം ചെയ്യുന്നു. സ്ത്രീകളും കുട്ടികളും വേട്ടയാടപ്പെടുന്നു. പട്ടിണിമരണവും രോഗവും വർദ്ധിക്കുന്നു. ഇതെല്ലാം ലോകജനതയുടെ സമാധാനത്തെ കെടുത്തിയിരിക്കുന്നു.

യേശുക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട ഒരു ദൈവ പൈതലിന്റെ പ്രത്യാശ ഇത്തരുണത്തിൽ വർദ്ധിക്കണം. ഇതൊക്കെ കാണുമ്പോൾ നിങ്ങളുടെ തല ഉയർത്തുവിൻ എന്നാണ് യേശുക്രിസ്തു പറഞ്ഞിരിക്കുന്നത്. മനുഷ്യപുത്രന്റെ വരവ് അന്നാളിൽ ഉണ്ടാകും.

നമ്മുടെ സഭകൾ ദൗത്യം മറന്നിരിക്കുന്ന ഒരു കാലമാണിത്. വലിയ കെട്ടിടങ്ങൾ പണിയുവാനും വസ്തുവകകൾ വാങ്ങിക്കൂട്ടുവാനും ഉള്ള വ്യഗ്രതയാണെങ്ങും എന്നാൽ വാസ്തവമായി ഇതിലെല്ലാം ദൈവ പ്രസാദമുണ്ടോ. സഭയുടെ ദൗത്യം ആത്മാക്കളെ നേടുക എന്നതാണ്. പോകുവീൻ എന്ന് പറഞ്ഞ് നിയോഗിച്ചയച്ചവന്റെ അടുക്കൽ ഒരു ദിനം നാം മടങ്ങിച്ചെല്ലേണ്ടവരാണ്. അന്ന് നാം കണക്ക് ബോധിപ്പിക്കേണ്ടിവരും. നാം നൽകുന്ന കണക്കുകളിൽ കെട്ടുപണികൾക്ക് പ്രതിഫലമുണ്ടാകുമോ? അതോ ആത്മാക്കളെ നേടിയതിനാണോ പ്രതിഫലം. പരസ്പരം പോരാടിക്കുന്നവർ, അധികാരകസേരയ്ക്കായി ഏതറ്റം വരെയും തരം താഴുന്നവർ ഇന്ന് സഭയെ നയിക്കുന്നത് തെറ്റായ പാതയിൽ തന്നെയാണ്. വരപ്രാപ്തർ ധാരാളമുള്ള സഭയിൽ ഫലമുള്ളവരെ കാൺമാനില്ല. വിരുതന്മാർ ധാരാളമുണ്ടിവിടെ. പക്ഷേ സമർപ്പണമുള്ളവർ ചുരുക്കം. വേണ്ടേ നമ്മുക്കൊരു മാനസാന്തരം വേണ്ടേ നമ്മുക്കൊരു മടങ്ങിവരവ്. കർത്താവിന്റെ വരവ് വാതിൽക്കലായിരിക്കുന്നു. കൊയ്ത്തു കഴിഞ്ഞു ഫലശേഖരവും കഴിഞ്ഞു. നാമോ രക്ഷിക്കപ്പെട്ടതുമില്ല എന്ന വചനം പോലെയായിരിക്കുന്ന കാര്യങ്ങൾ. ലോകരാജ്യങ്ങളും ലോകജാതികളും പരസ്പരം പോരടിക്കുന്നു. കർത്താവിന്റെ വരവിൻ ലക്ഷണങ്ങൾ തെളിവായികാണുന്നു പ്രകൃതിപോലും നാഥന്റെ വരവിനായി ഒരുങ്ങിയിരിക്കുന്നു നമുക്കുണരാം തല ഉയർത്താം.

## യാത്രാവിവരണം

# ഒബാമയുടെ നാട്ടിലൂടെ...

പാസ്റ്റർ സാംകുട്ടി മാത്യു

ഡാളസിൽ ധാരാളം മലയാളി പെന്തെക്കോസ്തു സഭകൾ ഉള്ള ഇടമാണെന്ന് മുമ്പ് പറഞ്ഞല്ലോ. ഒരു മാസത്തെ ഡാളസിലെ താമസകാലത്ത് 20 മീറ്റിംഗുകളിൽ പ്രസംഗിക്കുവാൻ അവസരം ലഭിച്ചത് സന്തോഷകരമായ അനുഭവമായിരുന്നു. അമേരിക്കയെപ്പറ്റിയുണ്ടായിരുന്ന എന്റെ ധാരണകളെ മാറ്റി മറിക്കുന്ന ഒരനുഭവം ഡാളസിൽ നിന്ന് ലഭിച്ചത് മറക്കാൻ പറ്റില്ല. സമൃദ്ധിയുടെയും മുതലാളിത്തത്തിന്റെയും പ്രതീകമാണല്ലോ അമേരിക്ക. ഭിക്ഷക്കാരും തെരുവിലലയുന്നവരും ഈ രാജ്യത്തുണ്ടാകും എന്ന് ഞാൻ സ്വപ്നത്തിൽ പോലും കരുതിയിരുന്നില്ല. ഹോംലസ് എന്നറിയപ്പെടുന്ന തെരുവിലലയുന്നവരെ അടുത്തറിയാൻ അവസരം ലഭിച്ചു. അതിനു മുഖാന്തരമായത് പാസ്റ്റർ സന്തോഷ് പൊടിമലയാണ്. സഭാ പ്രവർത്തനങ്ങൾ കൊണ്ട് സംതൃപ്തിയടയാൻ സാഹചര്യമുണ്ടായിട്ടും തെരുവിൽ കിടക്കുന്നവർക്കായി അധ്വാനിക്കുന്ന പാസ്റ്റർ സന്തോഷ് പൊടിമലയെ എത്ര അഭിനന്ദിച്ചാലും പ്രോത്സാഹിപ്പിച്ചാലും മതിയാവില്ല. കൊടും കുറ്റവാളികളും മയക്കുമരുന്നിനടിമകളും പിടിച്ചുപറിക്കാരും വേശ്യാവൃത്തി ചെയ്യുന്നവരുമായവരുടെ ലോകമാണത്. വെടിയുണ്ടകൾ കണക്കു തീർക്കുന്ന സ്ഥലം. കുളിക്കാതെ വൃത്തിഹീനമായ സാഹചര്യത്തിൽ തെരുവിലുറങ്ങുന്നവർ, ഒരു നേരത്തെ ആഹാരത്തിനായി അലയുന്നവർ. ഒരിക്കൽ കുറ്റവാളികളായി ജയിലിൽ പോയാൽ തുടർന്ന് ഒരു ജോലി ലഭിക്കുക എന്നത് അമേരിക്കയിലെ സംവിധാനത്തിൽ ഭയങ്കര പ്രയാസമാണ്. അതിനാൽ തന്നെ വീണ്ടും കുറ്റകൃത്യങ്ങളുടെ ലോകത്തേക്കാണ് അവർ എത്തിപ്പെടുന്നത്. അവരിലേക്ക് ക്രിസ്തുവിന്റെ സ്നേഹം എത്തിക്കുക എന്ന ശ്രമകരമായ ദൗത്യമാണ് സന്തോഷ് പൊടിമല ചെയ്യുന്നത്. പെന്തെക്കോസ്തു സഭയിലെ നാലാം തലമുറക്കാരനായ ഇദ്ദേഹം പാസ്റ്റർ ബെഞ്ചമിൻ തോമസിന്റെ മകനാണ്. ഇദ്ദേഹത്തോടൊരുമിച്ച് ഹോംലസ് ആളുകളുടെ മധ്യേ ശുശ്രൂഷിക്കാൻ കഴിഞ്ഞത് തികച്ചും വേറിട്ട അനുഭവമായിരുന്നു. സുവിശേഷം പങ്കിടുക, സുവിശേഷം സ്വീകരിച്ചവരെ ആത്മീയ പാതയിൽ നടത്തുക, സുവിശേഷകരാക്കുക, ട്രെയിനിംഗ് കൊടുക്കുക, ഉപജീവനമാർഗ്ഗം നേടാൻ സഹായിക്കുക, പുനഃരധിവാസത്തിനായി സഹായിക്കുക ഇങ്ങനെ വ്യത്യസ്തമായ പ്രവർത്തനങ്ങൾ. മറ്റുള്ളവരോടൊപ്പവും തനിയെയും എല്ലാം ഇതിൽ വ്യാപൃതനാവുന്ന ഉത്സാഹശാലിയാണിദ്ദേഹം. സുഖശീതളമായ ആരാധനാലയങ്ങളിലും പുൾപിറ്റിലും മാത്രം കർത്താവിന്റെ വേല ചെയ്യുന്ന നമ്മുടെ ഭൂരിപക്ഷത്തിന്റെ ദർശനത്തിന് ഒരു മാറ്റം വന്നിരുന്നെങ്കിൽ എന്നാശിച്ചു പോകുന്നു. അപകട സാധ്യതയുള്ള ഒരു മേഖലയാണിത്. എന്നാൽ അവരിലെ മാറ്റം ആരെയും കോൾമയിർ കൊള്ളിക്കും. വചന ശുശ്രൂഷയിൽ ശ്രദ്ധാലുക്കളായ അവരെ ഒരിക്കലും മറക്കില്ല.




പാസ്റ്റർ സന്തോഷ് പൊടിമലയും മക്കളും ഹോംലെസ് ആളുകൾക്കായി പങ്കെടുപ്പിച്ച മീറ്റിംഗിൽ പാടുന്നു

ഡാളസിലെ ആദ്യ ശുശ്രൂഷ പാസ്റ്റർ വീയപുരം ജോർജ്ജുകുട്ടി ശുശ്രൂഷിക്കുന്ന ശാലോം ഐ.പി.സിയിലായിരുന്നു. ഇത് പ്രത്യേകം പറയുവാൻ കാരണം വചനശുശ്രൂഷയ്ക്ക് ഈ സഭ നൽകുന്ന പ്രധാന്യം തന്നെയാണ്. ദീർഘമായ സമയം വചനശുശ്രൂഷയ്ക്കായി ലഭിച്ചു. മറ്റു സഭകളിൽ തിരക്കുകളാകാം വചന ശുശ്രൂഷയ്ക്ക് സമയം കുറയുന്നതിന് കാരണം. തിരക്കേറിയ ജീവിത സാഹചര്യം ആണല്ലേ അമേരിക്കയിൽ. (ശരിക്കും കഷ്ടപ്പെട്ട് അധ്വാനിക്കുന്നവരാണ് അമേരിക്കൻ മലയാളികൾ. സംഘർഷഭരിതമായ ജീവിത സാഹചര്യം തന്നെ. അവർ നേടുന്ന ഓരോ ഡോളറിനും അതിനാൽ തന്നെ മൂല്യമേറും) ഐ.പി.സി ജനറൽ ജോയിന്റ് സെക്രട്ടറിയും ക്രിസ്തുവിൽ ഞാൻ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന പാസ്റ്റർ സാം ജോർജ്ജാണ് പ്രോഗ്രാം ക്രമീകരിച്ചത്. അദ്ദേഹം സ്ഥലത്തില്ലായിരുന്നെങ്കിലും തന്റെ സഹധർമ്മിണിയും കൊടുന്തറ ഉമ്മച്ചന്റെ കൊച്ചുമകളുമായ മോളി അമ്മാമ്മ മീറ്റിംഗിൽ സംബന്ധിച്ചിരുന്നു. ഐ.പി.സി എൻ. ആർ.ഐ കൗൺസിൽ ജോ.സെക്രട്ടറിയായ ഇവാ. ഷിബു തോമസിനെയും കാണുവാനിടയായി. ഡാളസിലെ താമസകാലത്ത് കൊടുന്തറ ഉമ്മച്ചന്റെ മകൾ...... അമ്മച്ചിയെയും കാണുവാൻ കഴിഞ്ഞു. വീഴ്ചയെ തുടർന്നുണ്ടായ ശാരീരിക ക്ലേശത്താൽ കിടക്കയിലായിരിക്കുന്ന കർത്തൃദാസിയെ സന്ദർശിച്ച് പ്രാർത്ഥിക്കുവാൻ കഴിഞ്ഞു. പാസ്റ്റർ കെ. ജോർജ്ജ് മാത്യുവും ബിനോയി ആര്യപ്പള്ളിയുമൊത്താണ് അമ്മച്ചിയെ സന്ദർശിക്കുവാൻ പോയത് ആ മാതാവിനായി പ്രാർത്ഥിച്ചാലും.

(തുടരും)

# ഭാരവാഹികൾ

**നെടുമ്പാശ്ശേരി:** ഐ. പി. സി. നെടുമ്പാശ്ശേരി ഏരിയാ സോദരീ സമാജത്തിന്റെ ഭാരവാഹികളായി ജാസ്മിൻ സണ്ണി (പ്രസിഡന്റ്), ഏലിയാമ്മ ജോയ് (വൈസ് പ്രസിഡന്റ്), മോളി വിൽസൺ (സെക്രട്ടറി), ജിൻസി ബിനോയി (ജോ. സെക്രട്ടറി), സോണി ബെന്നി (ട്രഷറർ), ഡൽന ബേബി (പബ്ലിസിറ്റി), ഏലിയാമ്മ സണ്ണി, ഓമന ജോസ്, മേരി പോൾ എന്നിവരടങ്ങിയ ഒൻപതംഗ കമ്മറ്റിയെ പാസ്റ്റർ സണ്ണി മാത്യുവിന്റെ അദ്ധ്യക്ഷതയിൽ കരയാംപറമ്പിൽ ചേർന്ന ജനറൽ ബോഡി മീറ്റിംഗിൽ തിരഞ്ഞെടുത്തു.

# യുവജന സംസ്ഥാനതല മീറ്റിംഗ്

**കല്ലിയൂർ:** സൗത്ത് ഇന്ത്യൻ അപ്പോസ്തലിക്ക് ദൈവസഭയുടെ യുവജനവിഭാഗമായ അപ്പോസ്തലിക്ക് യൂത്ത്മൂവ്മെന്റ് (AYM) ആഭിമുഖ്യത്തിൽ ഒക്ടോബർ 22 ബുധനാഴ്ച രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെ കല്ലിയൂർ അപ്പോസ്തലിക്ക് ചർച്ച് സെന്റർ ഹാളിൽ വച്ച് AYM ജനറൽ സെക്രട്ടറി ബ്രദർ ഷൈജു റ്റി. കല്ലിയൂരിന്റെ അദ്ധ്യക്ഷതയിൽ സംസ്ഥാനതല ഉത്ഘാടനം സൗത്ത് ഇന്ത്യൻ അപ്പോസ്തലിക്ക് ദൈവസഭയുടെ ജനറൽ സെക്രട്ടറി പാസ്റ്റർ ജെരമ്യാ സുന്ദരം നിർവ്വഹിക്കുന്നു. ദൈവസ്നേഹം എന്ന വിഷയത്തെ ആസ്പദമാക്കി പാസ്റ്റർ രാജേഷ് ഏലപ്പാറ, ബ്രദർ റിജോ തോമസ്, ബ്രദർ ഷൈജു റ്റി. കല്ലിയൂർ എന്നിവർ സന്ദേശം നൽക്കുന്നു.

വേദ പഠനം

# ഇടയ ലേഖനങ്ങൾ
## (The Pastoral Epistles)



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

– തുടർച്ച –

വിശുദ്ധവേദപുസ്തകത്തിന്റെ മുഴുവൻ സന്ദേശവും സംക്ഷിപ്തമാക്കിയിരിക്കുന്നത് 1 തിമോ: 1:15–ാം വാക്യത്തിലാണ്. ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിലേക്കു വന്നു എന്നതാണ് സുവിശേഷത്തിന്റെ സാരാംശം. നീതിമാന്മാരെയല്ലാ മറിച്ച് പാപികളെ രക്ഷിപ്പാനാണ് യേശു ഭൂമിയിലേക്ക് വന്നത്. ഇതു എല്ലാവർക്കും അംഗീകരിപ്പാൻ യോഗ്യമായ വചനമാണിത്. ദൈവസഭയെ ഉപദ്രവിച്ചുവന്നതിനാൽ താൻ പാപികളിൽ ഒന്നാമനാണെന്ന് പൗലോസ് പറയുന്നു. തന്റെ സകലപാപങ്ങളും കർത്താവു ക്ഷമിച്ചു കൊടുത്തതിനാൽ ഇപ്പോൾ ക്ഷമിക്കപ്പെട്ട പാപികളിൽ ഒന്നാമനാണ്. അർത്ഥാൽ പാപികളിൽ ഏറ്റവും അധമനായ പാപിയാണ് താൻ എന്നു പൗലോസ് തന്നെത്താൻ ചിത്രീകരിക്കുന്നു. തന്റെ ജീവിതത്തിൽ അനുഭവിച്ച ദൈവത്തിന്റെ കരുണയെ ഓർത്തപ്പോൾ പൗലോസ് എന്ന ദൈവശാസ്ത്രജ്ഞന്റെ ഹൃദയം സങ്കീർത്തനക്കാരന്റെ കിന്നരമായി മാറുന്ന കാഴ്ചയാണ് നാം 17–ാം വാക്യത്തിൽ കാണുന്നത്.

ആരാധനകീർത്തനം– 17–ാമത്തെ വാക്യം ബൈബിളിലെ സങ്കീർത്തനങ്ങളിൽ കാണുന്ന ഒരു ശൈലി കാണാം. ഇതേ പ്രയോഗം 6:16, 2 തിമോ:4:18–ലും കാണാം. ഇടയലേഖനങ്ങളിൽ മുന്നുപ്രാവശ്യം ഈ നിലയിലുള്ള ധന്യവാദം കാണാം. ദൈവത്തിന്റെ മനസ്സലിവിനെക്കുറിച്ചായിരുന്നു മുൻവാക്യങ്ങളിൽ പ്രസ്താവിച്ചത്. അതിനു ശേഷം ദൈവത്തിന്റെ കരുണയെയും മഹത്വത്തെയെയും വർണ്ണിക്കുകയാണ്. മഹത്വപൂർണ്ണനായ രാജാവ് എന്ന നിലയിലാണ് സ്തുതി കരേറ്റുന്നത്. 1തിമോ:6:16, 1പത്രോസ് 4:11, യൂദാ 25, റോമ: 1:25, 11:36 ലും ഇതേപോലെയുള്ള സ്തുതിനാദം രേഖപ്പെടുത്തിയിരിക്കുന്നു. ഈ സ്തുതിനാദത്തിൽ നിന്നു വ്യക്തമാണ് കർത്താവ് മാത്രമാണ് ആരാധനയ്ക്കു യോഗ്യൻ എന്ന് എബ്രാ: 13:21, വെളി:4:10,11, 7:12.

ക്രിസ്തീയ വിശ്വാസത്തിൽ ആരാധനയ്ക്കു വളരെ വിലയും നിലയുമുണ്ട്. ഇംഗ്ലീഷിൽ വർഷിപ്പ് (Worship) എന്ന പദത്തിനു മലയാളത്തിൽ പല അർത്ഥങ്ങൾ കൊടുക്കുന്നുണ്ട്. ആരാധന എന്നാൽ അർഹതയുള്ളവനു കൊടുക്കുന്ന അംഗീകാരമാണ് (ബഹുമാനമാണ്). ആരാധനയിൽ സ്തുതിയുണ്ട്, സ്തോത്രമുണ്ട്. സ്തുതി എന്നു പറഞ്ഞാൽ ഒരാളെപ്പറ്റി നന്നായി പ്രശംസിക്കുക, അനുമോദനങ്ങൾ പറയുക, പുകഴ്ത്തുക എന്നൊക്കെയാണർത്ഥം. ദൈവശാസ്ത്രപരമായി പറഞ്ഞാൽ ദൈവത്തിന്റെ മഹത്വത്തെ പ്രകീർത്തിക്കുന്നതാണ്. അല്പം തെളിച്ച് പറഞ്ഞാൽ സ്തുതിയിൽകൂടി ദൈവത്തിന്റെ വല്ലഭത്വത്തെയും ആസ്തിത്വത്തെയും മഹത്വത്തെയും ദൈവത്തിന്റെ എല്ലാവിധ ഗുണഗണങ്ങളുടെ മഹത്വത്തെയും പ്രസ്താവിക്കുന്നു. ആരാധിക്കുക എന്നാൽ ബഹുമാനം പ്രകടിപ്പിക്കുക, ഉപചാരപൂർവ്വം വണങ്ങുക, നമസ്കരിക്കുക എന്നെല്ലാമാണ്. അപ്പോൾ സ്തുതിയുടെ ഏറ്റവും ഉയർന്ന അനുഭവവും അവസ്ഥയുമാണ് ആരാധന. സ്തോത്രം എന്നുള്ളത് ദൈവം ചെയ്തിട്ടുള്ള ഉപകാരങ്ങൾക്കു ഹൃദയത്തിൽ നിന്നും, ഹൃദയം നിറഞ്ഞ് ഉയർന്നുവരുന്നു നന്ദിവാക്കുകളാണ്.

ദൈവമക്കൾ ഞായറാഴ്ചയിലെ ആരാധനയോഗങ്ങളിൽ ദൈവത്തിനു സ്തോത്രം പറയാം എന്നു പറയുമ്പോൾ ഉദ്ദേശിക്കുന്നത് ദൈവം നമുക്കുവേണ്ടി ചെയ്തുതീർത്ത ഏറ്റവും വലിയ പ്രവർത്തിയായ കാൽവറി ക്രൂശിനെ ധ്യാനിച്ച് ദൈവത്തിന് നന്ദികരേറ്റുന്നതാണ് സ്തോത്രത്തിൽ കൂടി നാം ചെയ്യുന്നത്. ദൈവത്തിന്റെ മഹത്വത്തെ വാഴ്ത്തി ദൈവത്തെ സ്തുതിക്കുമ്പോൾ നമ്മുടെ ഒന്നുമില്ലായ്മയും നമ്മുടെ പൂജ്യമായ അവസ്ഥയും മനസ്സിലാക്കി ആ സർവ്വവല്ലഭനും സർവ്വശക്തനുമായ ദൈവത്തിന്റെ സന്നിധിയിൽ നാം വീഴണം. അതുപോലെ നാം ദൈവത്തിനു സ്തോത്രം ചെയ്യുമ്പോൾ നമുക്കു ലഭിച്ച വലിയതും പറഞ്ഞാൽ തീരാത്തതുമായ രക്ഷയുടെ കാരണഭൂതനായ ക്രിസ്തുവിനെയും തന്റെ ക്രൂശുമരണത്തെയും നാം ധ്യാനിക്കുന്നു. നമുക്കു ലഭിച്ച രക്ഷയുടെ വലിപ്പവും കാൽവറി ക്രൂശിലെ മർമ്മങ്ങളെയും ധ്യാനിക്കുമ്പോൾ നാം അറിയാതെ നമ്മെതന്നെ ദൈവത്തിന്റെ മുമ്പിൽ ആരാധനയായി സമർപ്പിക്കുകയാണ് വേണ്ടത്. അങ്ങനെ നാം സ്തുതിയിൽകൂടിയായാലും സ്തോത്രത്തിൽകൂടിയായാലും അവന്റെ പാദപീഠത്തിൽ വീഴുകയാണ് ചെയ്യുന്നത്. സ്തുതിയും സ്തോത്രങ്ങളും കൂടി ചേർക്കുമ്പോഴാണ് ഒരു ഭക്തന്റെ ആരാധന പൂർണ്ണമാകുന്നത്. ഒരു യഥാർത്ഥ ആരാധന എന്നത്.

**ഒന്നാമതായി** ആരാധന ഹൃദയത്തിന്റെ ഒരു ഭാവമാണ്. ഭക്തിയാദരവോടുകൂടെ മനുഷ്യഹൃദയം സൃഷ്ടിതാവുമായി ഇടപ്പെട്ടുകൊണ്ടിരിക്കുകയാണത്. ദൈവത്തിന്റെ മഹത്വത്തെയും വിശ്വാസയോഗ്യതയെയും പറ്റിയുള്ള അഗാധമായ ധ്യാനത്തിന്റെ ആരാധന തുടങ്ങുന്നു. ദൈവത്തോടുള്ള സ്നേഹത്തിന്റെ ആസ്വാദനമാണ് ആരാധനയെന്നു പറയുന്നതായിരിക്കും യുക്തം.

**രണ്ടാമതായി** ആരാധന ചിന്തകളുടെയും വികാരങ്ങളുടെയും ഒരു കവിഞ്ഞൊഴുക്കാണ്. മനുഷ്യഹൃദയത്തിൽ നിന്നും സ്വയമേ പുറത്തേക്കു ഒഴുകുന്നു വാക്കുകളുടെയും വികാരങ്ങളുടെയും പുറത്തള്ളലാണ്. സങ്കീർത്തനക്കാരൻ പറയുന്നു, നമ്മുടെ പാനപാത്രവും സന്തോഷത്താൽ നിറഞ്ഞുകവിയണം സങ്കീ. 23:5. വി. എം. ജോൺ, ചേത്തയ്ക്കൽ ആരാധനയ്ക്ക് നൽകുന്ന നിർവ്വചനം ഇപ്രകാരമാണ്, "ആരാധനകനിലുണ്ടാകുന്ന ഭയഭക്തിയാദരവുകളുടെയും അത്ഭുതത്തിന്റെയും ആസ്വാദനത്തിന്റെയും ആഴത്തിൽ നിന്നും ഉത്ഭവിക്കുന്നതാണ് ആരാധന". ആരാധനയെന്ന വാക്ക് ആദ്യമായി കാണുന്നത് ഉല്പത്തി 22:5ലാണ്. അബ്രഹാമിനെയും യിസ്ഹാക്കിനെയും മോറിയമലയിലേക്കു അനുഗമിച്ച ബാല്യക്കാരോട് അബ്രഹാം പറയുന്നത് ഞാനും ബാലനും അവിടത്തോളം ചെന്ന് ആരാധന കഴിച്ചു മടങ്ങിവരാം എന്നു പറയുന്നതായി കാണുന്നു. ദൈവമാണ് അബ്രഹാമിനോടുപോയി ആരാധിക്കുവാൻ പറഞ്ഞത്. ഒരിക്കൽ ഒരു സഭയിലെ പാസ്റ്ററെ പുറത്താക്കി പകരം മറ്റൊരു പാസ്റ്ററെ കൊണ്ടുവന്നു. പഴയ പാസ്റ്റർക്ക് യാത്രയയപ്പും പുതിയ പാസ്റ്റർക്ക് സ്വീകരണം ഒന്നിച്ചാണു സംഘടിപ്പിച്ചത്. പുതിയ പാസ്റ്ററാണ് ആദ്യം പ്രസംഗിച്ചത്. വിശുദ്ധ ബൈബിളിലെ യോഹന്നാന്റെ സുവിശേഷം ആസ്പദമാ

05

നോവൽ

# കാൽവറിയുടെ ഉയരങ്ങൾ



സുനിൽ വർഗീസ്,
ബാംഗ്ലൂർ

ആൽബീ...വളരെ മെല്ലെ കാതറിൻ വിളിച്ചു.

ഞാൻ വരരുതായിരുന്നു, എനിക്കറിയാം. പക്ഷേ ഇന്നാണ് നമ്മുടെ വിനോദിനെ.... നീ മറന്നു പോയോ എല്ലാം....?

ആൽബർട്ട് ദിവസം ഓർക്കാൻ ശ്രമിച്ചു. കലണ്ടർ ഉണ്ടെങ്കിലും പലപ്പോഴും അയാൾക്ക് അതിന്റെ ആവശ്യം ഉണ്ടാകാറില്ലായിരുന്നു. മാതേവനും മുനിയണ്ണനും ഒക്കെ നടത്തുന്ന കാലനിർണ്ണയത്തിൽ ആയിരുന്നു ആൽബർട്ടിന്റെയും ദിനങ്ങൾ മറഞ്ഞുകൊണ്ടിരുന്നത്. എന്നാൽ ഒരു മുരൾച്ചയ്ക്കു പിന്നാലെ ആൽബർട്ടിനുള്ളിൽ ചോരപുരണ്ട വാളുമായി മീരൻ കുതിച്ച് പോകുന്നുണ്ടായിരുന്നു. വിനോദിന്റെ ചേതനയറ്റ ശരീരം കയറ്റിയ ആംബുലൻസ് പൊടിപറത്തി നീങ്ങുന്നുണ്ടായിരുന്നു. ആൽബർട്ട് മെല്ലെ മുഖം തിരിച്ച് കാതറിനെ നോക്കി. അവൾ വിതുമ്പലടക്കുന്നു. എവിടേക്കെന്നില്ലാതെ നോക്കുന്നു. കൺതടങ്ങളിൽ കറുത്ത പാടുകൾ...ആകെ അവൾ ക്ഷീണിച്ചിരിക്കുന്നു.

എവിടോ സ്നേഹത്തിന്റെ ഉറവ തുറക്കപ്പെടുന്നു. ശരിയാണ്, പണ്ട് ,പണ്ടെന്നോ താൻ കാതറിൻ തന്റെ സ്വന്തമാണ് എന്ന് ചിന്തിച്ചിട്ടുണ്ടായിരുന്നു. പഴയ ഏടുകളിലെ ആൽബർട്ട് കാതറിന്റെ സ്നേഹത്തിനായി ഏറെ വെമ്പിയിരുന്നു. അതെ, അവയെല്ലാം പഴയ ഏടുകളാണ്. ഇനിയും ഒരുവേള, ചിതലുകൾക്ക് മാത്രം ഉള്ള ഏടുകൾ. ആൽബർട്ട് മുറ്റത്തേക്കിറങ്ങി.

കാത്തി, എന്താണ് നിന്നോടായി പറയേണ്ടത് എന്നറിയില്ല. എന്റെ മനസ്സും ഓർമ്മകളും മറ്റൊരു ഡയമൻഷനിലാണ്. അവിടെ എനിക്ക്.....എങ്ങനെ മുഴുമിപ്പിക്കണമെന്നറിയാതെ അയാൾ നിർത്തി.

പഴയതൊന്നും ഇപ്പോൾ ഞാൻ ഓർക്കാറില്ല, കാതറിൻ...എന്റെ ഓർമ്മകളിൽ മഞ്ഞു നിറഞ്ഞ താഴ്വരകളോ...ആളൊഴിഞ്ഞ വഴിത്താരകളോ...നമുക്കായി കാത്തു കിടക്കുന്ന കൽബഞ്ചുകളോ ഇല്ല, ഇപ്പോൾ.....

എന്താ ആൽബർട്ട് ...നീയിങ്ങനെ....?

കാതറിനിൽ ഒരു ശുഷ്കിച്ച ചിരി ഉണ്ടായി.

ഇങ്ങനെയൊരു സ്വീകരണമല്ലടാ, ഞാൻ നിന്നിൽ നിന്നു പ്രതീക്ഷിച്ചത്....എങ്കിലും കണ്ടതിൽ വളരെ സന്തോഷം....നിന്റെ പ്രവർത്തനങ്ങളെ കർത്താവ് അനുഗ്രഹിക്കട്ടെ...അവൾ വാതിൽക്കൽ വെച്ച ബാഗ് എടുത്ത് തോളിൽ തൂക്കി. ആ കണ്ണുകൾ നിറയുന്നത് ആൽബർട്ട് കണ്ടു. പിന്നേയും കാലങ്ങളോളം പഴക്കമുള്ള ഒരു ചിരി അവളിൽ ഉണ്ടാകുന്നു.

സീയൂ ദെൻ...ഞാൻ പ്രാർത്ഥിക്കുന്നുണ്ട്...എന്നും നിനക്കായി...

ഒരു നിമിഷം കൂടി അവൾ കാക്കുന്നു. വാക്കുകൾ പരതി ആൽബർട്ട് മേഘങ്ങളൊഴിഞ്ഞ ആകാശത്തേക്ക് നോക്കി. പിന്നീടെപ്പോഴോ, മുഖം തിരിക്കുമ്പോൾ കാതറിൻ ഒതുക്കു കല്ലുകൾ ഇറങ്ങി പോകുന്നതാണ് കണ്ടത്. ഒരു പിൻവിളി പ്രതീക്ഷിക്കുന്നതു പോലെയായിരുന്നു അവൾ നടക്കുന്നതെന്ന് ആൽബർട്ടിന് തോന്നി. വളരെ പതിയെ..ഒരിക്കലൂടെ തിരികെ നോക്കുവാനുള്ള ത്വരയോടെ... വാസ്തവത്തിൽ, ഒരിക്കലൂടെ തിരികെ വന്നാലോ എന്ന ആകുലതയോടെ അവൾ നടക്കുകയായിരുന്നു, അപ്പോൾ. ഹൃദയത്തിനുള്ളിൽ നോവിന്റെ ദേശാടനക്കിളികൾ ചേക്കേറുന്നു. കണ്ണുകൾ ഇറുകെ പൂട്ടി വല്ലാത്തൊരു വ്യഥയിൽ ആൽബർട്ട് അങ്ങനെ തന്നെ നിന്നു.

വർണ്ണത്തൂവലുകളുള്ള തൊപ്പി ചൂടി, മനോഹരമായ ചിരിയോടെ ഓടി വരുന്ന കാതറിനെ അപ്പോൾ അയാൾക്ക് ഓർത്തെടുക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല. ചുറ്റും കലാലയത്തിന്റെ സ്പന്ദനങ്ങൾ.....ഇടനാഴികൾ...പൂത്തു നിൽക്കുന്ന വാകമരം....ഉച്ച തിരിഞ്ഞ സമയം ലൈബ്രറിയിലായിരുന്നു ആൽബർട്ട്. ഖലീൽ ജിബ്രാന്റെ പ്രവാചകനിലെ വരികൾ അയാളിലേക്ക് പ്രവഹിക്കുന്നുണ്ടായിരുന്നു. എതിരെ കാതറിൻ ഇരിക്കുന്നു.

ആൽബർട്ട്..?

പല തവണ അവൾ വിളിച്ചതിനു ശേഷമാണ് അയാൾ മുഖം ഉയർത്തുന്നതു തന്നെ.

ആൽബർട്ട്.. നീ അനുഭവിക്കുന്നു എന്നു പറയുന്ന നിന്നെ ലഹരി പിടിപ്പിക്കുന്ന ഒരു തലം മാത്രമല്ല ഈ ക്രിസ്ത്യാനിത്വം. നീ നമ്മുടെ മീറ്റിംഗിൽ ക്രിസ്തുവിനെ ഏറ്റു പറഞ്ഞു. ശരി തന്നെ. എന്നാൽ നീ മാനസാന്തരപ്പെട്ടാലും സ്നാനപ്പെട്ടാലും ക്രിസ്ത്യാനി ആകുകയില്ല. അത് പവിത്രമായ അധികാരവും ക്രിസ്തുവിനെ പ്രതിനിധീകരിക്കുവാനുള്ള നിയോഗവുമാണ്.

നിയോഗം...! ആൽബർട്ട് ഖലീൽ ജിബ്രാനെ അടച്ചു വെച്ചു. നീ എന്താ കാതറിൻ പറഞ്ഞു വരുന്നത്?

ആൽബീ, ശിഷ്യത്വം എന്ന തലത്തിൽ മാത്രമാണ് നിയോഗം നിലനിൽക്കുന്നത്.

ആൽബർട്ടിൽ ആകാംഷയുടെ ഉൾക്കനം.

നമുക്ക് പുറത്തേക്കിറങ്ങാം... ആ രാജമല്ലിയുടെ ചുവട്ടിൽ പോയിരിക്കാം. അവളാണ് ആദ്യം എഴുന്നേറ്റത്. അവർ ലൈബ്രറിയുടെ പുറത്തേക്കെത്തി.

ആൽബീ, നീ ചിന്തിക്കുന്നു. ....നീ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു എന്ന്...ഞാനും ആ ദൈവദാസന്മാരും പറഞ്ഞതും നീ മനസ്സിലാക്കിയതും വെച്ച് നീ ഇപ്പോൾ സ്നാനപ്പെട്ടു...തിരുവചനപ്രകാരമുള്ള ആരാധനയ്ക്ക് പോകുന്നു. ഇനിയുള്ള ജീവിതം കർത്താവിനെന്ന് ഒരു സ്ഥിരം വാക്കും അല്ലേ..?

യേസ്..അവൻ മൂളി കൊണ്ട് രാജമല്ലിയുടെ ചുവട്ടിലായുള്ള സിമന്റ് ബെഞ്ചിലിരുന്നു.

പക്ഷേ..ആ ജീവിതം എങ്ങനെയാണ് നീ ചിലവഴിക്കുവാൻ പോകുന്നത്?

ഒരു നിമിഷം ആൽബർട്ടിനെ ആ ചോദ്യം സ്പർശിച്ചു. പക്ഷേ...

നീ പലപ്പോഴും ചോദിച്ചിട്ടില്ലേ എന്റെ പപ്പായെക്കുറിച്ച്..? പൊടുന്നനെ കാതറിന്റെ കണ്ണുകൾ തുടിച്ചത് ആൽബർട്ട് ശ്രദ്ധിച്ചു. ശരിയാണത്, അവളെ പരിചയപ്പെട്ട നാൾ മുതൽ നിരന്തരമായി താൻ അവളുടെ പപ്പായേയും മമ്മിയേയും കുറിച്ച് പലതവണ ചോദിച്ചിട്ടുണ്ടല്ലോ.കാമ്പസ് രാഷ്ട്രീയത്തിന്റെ ലഹരി പേറി നടന്ന കഴിഞ്ഞ വർഷങ്ങളിൽ ഈറൻ നിലാവു പോലെ എത്തി ദിവ്യമായ സ്നേഹത്തെക്കുറിച്ചു മാത്രം നിരന്തരമായി പറഞ്ഞു നടന്ന ഒരുവൾ.... കരുണയുടേയും സ്നേഹത്തിന്റേയും നിറങ്ങൾ ചാലിച്ച കാൻവാസിൽ ശുഭ്രമായി ഒഴുകുന്ന നദിയായിരുന്നവൾ. അന്നൊക്കെ തനിക്ക് കാതറിനോട് ഒരു തരം ആരാധന ആയിരുന്നുവല്ലോ...!

ഒരിക്കൽ, കൂട്ടുകാരനെ എതിർ പാർട്ടിയിലുള്ള ഒരുവൻ തല്ലിയതിൽ പ്രകോപിതനായി കോളജിൽ സമരം നടത്തി, തല്ലിയവനെ ക്രൂരമായി മർദ്ദിക്കുമ്പോൾ, അത് കണ്ട് ഭയപ്പാടോടെ എല്ലാവരും നിൽക്കുമ്പോൾ കാതറിൻ മാത്രമാണ് വേണ്ട ആൽബീ എന്ന് അലറി കൊണ്ട് തന്നെ പിടിച്ചു മാറ്റാനായി എത്തിയത്. കോപാന്ധനായ താൻ അന്ന് അവളേയും പ്രഹരിച്ചിരുന്നു. പിന്നീട് നിറഞ്ഞ കുറ്റബോധത്തോടെ അവളെ കാണുവാൻ വിജുവിന്റെ കൂടെ ഹോസ്പിറ്റലിൽ ചെന്നപ്പോഴായിരുന്നല്ലോ, താൻ ആദ്യമായി അവളുടെ മാതാപിതാക്കളെ അന്വേഷിക്കുന്നത്.


വർദ്ധിച്ച ആകാംഷയോടെ ആൽബർട്ട് സിമിന്റു ബെഞ്ചിൽ നിന്ന് എഴുന്നേറ്റു.

ആൽബീ..., പാറി പറക്കുന്ന മുടിയിഴകൾ കോതിവെച്ച് അവളും എഴുന്നേറ്റു. സമരം ആരംഭിക്കുന്നതിന്റെ പ്രാരംഭമായി ഓഡിറ്റോറിയത്തിന്റെ ഭാഗത്ത് ഒരു ജാഥ അപ്പോൾ രൂപം കൊള്ളുന്നുണ്ടായിരുന്നു. അപ്പോൾ ഇ

08

**ചോദ്യോത്തര വേദി**

# ആധുനീക യിസ്രായേലും കർത്താവിന്റെ രണ്ടാംവരവും



**ജോർജ്ജ് ഫിലിപ്പ് തെക്കേക്കര**

**ചോദ്യം:** യേശുവിനെ **സത്യദൈവവും നിത്യജീവനുമായി** അംഗീകരിക്കാത്ത യെഹൂദനുമായി ദൈവത്തിന് **ഇനിയും** ഒരു കാര്യപരിപാടിയും **ഇല്ലെന്ന്** ചില ക്രിസ്ത്യാനികൾ വിശ്വസിക്കുമ്പോൾ, ഇസ്രായേൽ രാജ്യം 1948-ൽ രൂപീകൃതമായതും, പല രാജ്യങ്ങളിലെ ജൂതസമൂഹം യിസ്രായേലിലേക്ക് കൂടിയേറുന്നതും ദൈവീക വാഗ്ദത്ത പ്രകാരമാണന്നും ചില ക്രിസ്ത്യാനികൾ കരുതുന്നു. ആധുനീക യിസ്രായേലിന്റെ രൂപീകരണം എങ്ങനെയായിരുന്നു? കർത്താവിന്റെ പുനരാഗമനത്തിന് യിസ്രായേൽ രാഷ്ട്രമായിട്ടോ യെഹൂദനുമായിട്ടോ വല്ല ബന്ധവുമുണ്ടോ? ഇസ്രായേൽ പാലസ്തീൻ സംഘട്ടനത്തിൽ ധാരാളം കുഞ്ഞുങ്ങളും സ്ത്രീകളും കൊല്ലപ്പെട്ടതിൽ ഇസ്രായേലിന് യാതൊരു വിഷമവും തോന്നാത്തത് എന്തുകൊണ്ടാണ്?

**ഉത്തരം: യിസ്രായേലിന്റെ രൂപീകരണവും ദൈവീക വാഗ്ദത്തവും**

വെളിപ്പെട്ട സത്യദൈവത്തോടും വചനത്തോടും പ്രതിബദ്ധതയില്ലാതിരുന്ന ജൂതസമൂഹം പല രാജ്യങ്ങളിലേക്ക് വചനപ്രകാരം (ആവ. 28) ചിതറിക്കപ്പെട്ടു. എങ്കിലും യെഹസ്കേൽ പ്രവാചകൻ മുഖാന്തരം ഒരു വാഗ്ദത്തം അവർക്ക് നിലനിന്നിരുന്നു. അതിപ്രകാരമാണ്: “ഞാൻ നിങ്ങളെ (യിസ്രായേൽ ജനതയെ) ജാതികളുടെ ഇടയിൽ നിന്ന് കൂട്ടി സകല ദേശങ്ങളിൽ നിന്നും ശേഖരിച്ച് സ്വന്തദേശത്തേക്ക് വരുത്തും” (യെഹ. 36:24). രണ്ടായിരത്തഞ്ഞൂറു വർഷങ്ങളായി സ്വന്തദേശത്തു നിന്ന് അകന്ന്, പല രാജ്യങ്ങളിലായി ചിതറിക്കിടന്ന യെഹൂദന്മാർ പഴയ പ്രതാപകാലങ്ങൾ ഓർത്ത് വിലപിച്ചിരുന്നു. പഴയനിയമ പ്രവചനപ്രകാരം ദാവീദിന്റെ സിംഹാസനത്തിൽ വാണരുളുന്ന, ലോകം മുഴുവൻ ഭരിക്കുന്ന മശിഹായെ അവർ പ്രതീക്ഷിച്ചിരുന്നു. എങ്കിലും നൂറ്റാണ്ടുകളായി ഒന്നും സംഭവിച്ചില്ല. മരിച്ച് ഉയിർത്തെഴുന്നേറ്റ യേശുവിനോട്, വിശ്വാസികളായിത്തീർന്ന യെഹൂദന്മാർ ചോദിച്ച ചോദ്യവും ഇതായിരുന്നു: “കർത്താവേ, യിസ്രായേലിന് നീ രാജ്യം പുനസ്ഥാപിച്ച് കൊടുക്കുന്നത് ഇപ്പോഴാണോ? (അപ്പൊ. പ്രവ. 1:6).

**ആധുനിക യിസ്രായേലിന്റെ രൂപീകരണം**

ഒന്നാം ലോകമഹായുദ്ധത്തിന്റെ പുറകോട്ടുള്ള 400 വർഷങ്ങൾ പാലസ്തീൻ പ്രദേശങ്ങളെല്ലാം തുർക്കിയിലെ ഓട്ടോമാൻ സാമ്രാജ്യത്തിനു കീഴിലായിരുന്നു. ഒന്നാം ലോകമഹായുദ്ധത്തിൽ തുർക്കി ജർമ്മനിയുടെ  പക്ഷം ചേർന്നത് ബ്രിട്ടീഷുകാരെ പ്രകോപിപ്പിച്ചു. ബ്രിട്ടീഷുകാർ തുർക്കിയെ യുദ്ധത്തിൽ തോല്പിച്ച് പാലസ്തീന്റെ നിയന്ത്രണം ഏറ്റെടുത്തു. 1917-ൽ ബ്രിട്ടീഷ് പട്ടാളം ജനറൽ **അല്ലൻബിയുടെ** നേതൃത്വത്തിൽ യെരുശലേമിലേക്ക് പടമുന്നേറ്റം നടത്തി. ബ്രിട്ടന്റെ വിദേശകാര്യ സെക്രട്ടറി **ബാൽഫർ പ്രഭുവും** പ്രധാനമന്ത്രി **ഡേവിഡ് ലോയ്ഡ് ജോർജ്ജും** ജൂതസമൂഹം യിസ്രായേലിലേക്ക് മടങ്ങുമെന്നുള്ള ബൈബിൾ പ്രവചനങ്ങളോട് ആഭിമുഖ്യമുള്ളവരായിരുന്നു. കൂടാതെ ബ്രിട്ടനിലെ ജൂതനേതാവായ **ചെയിം വിസ്മാനുമായി** (chaim weizan) ഉറ്റസമ്പർക്കം ബ്രിട്ടീഷ് പ്രധാനമന്ത്രിയും വിദേശകാര്യ സെക്രട്ടറിയും പുലർത്തിയിരുന്നു. രസതന്ത്രജ്ഞനായിരുന്ന **വിസ്മാൻ** ഈ സമയത്താണ് കൃത്രിമ വെടിമരുന്നു (Synthetic aceton) കണ്ടുപിടിക്കുന്നത്. യുദ്ധസമയത്ത് ബ്രിട്ടന് വെടിമരുന്ന് കണ്ടുപിടിച്ചു കൊടുത്തതിന് എന്തു പ്രതിഫലമാണ് തിരിച്ച് പ്രതീക്ഷിക്കുന്നതെന്ന് **പ്രധാനമന്ത്രി ലോയ്ഡ് ജോർജ്ജ്** ചോദിച്ചപ്പോൾ **വിസ്മാൻ** പറഞ്ഞ മറുപടി ഇപ്രകാരമായിരുന്നു: ‘**എനിക്ക് ഒരു കാര്യം മാത്രമേ ആവശ്യമുള്ളൂ. എന്റെ ജനത്തിന് ഒരു ദേശീയ ഭവനം ഉണ്ടാകണം**’. ബ്രിട്ടീഷ് ഗവൺമെന്റ് 1917 നവംബർ 9-ാം തീയതി ഈ വിഷയത്തിൽ പ്രഖ്യാപനം നടത്തി. **ബാൽഫർ പ്രഖ്യാപനം** എന്നായിരുന്നു ഇതിന് പേരിട്ടത്. അതിപ്രകാരമായിരുന്നു: **‘ജൂതജനത്തിന് പാലസ്തീനിൽ ഒരു ദേശീയ ഭവനം  ഉണ്ടാകണമെന്നുള്ള കാഴ്ചപ്പാടിൽ ബ്രിട്ടീഷ് ഭരണകൂടം അതിന് അനുകൂല പ്രഖ്യാപനം നടത്തുന്നു. ഈ ലക്ഷ്യം നടപ്പിൽ വരുത്തുവാൻ ഏറ്റവും മെച്ചമായ പരിശ്രമങ്ങൾ നടത്തുന്നതായിരിക്കും”** പ്രഖ്യാപനം നടന്നുവെങ്കിലും അറബികളുടെ സമ്മർദ്ദം മൂലം 1948 വരെ ജൂതരാഷ്ട്രം പ്രായോഗികതലത്തിൽ കൊണ്ടുവരുവാൻ കഴിഞ്ഞില്ല. 1947-ൽ പാലസ്തീനെ ജൂതരാഷ്ട്രവും അറബിരാഷ്ട്രവുമായി  വിഭജിക്കുവാൻ ഐക്യരാഷ്ട്രസഭ വോട്ടു ചെയ്തു. 1948 മെയ് 14-ാം തീയതി **ഡേവിഡ് ബെൻ ഗൂറിയൻ** ജൂതരാഷ്ട്രമായി യിസ്രായേൽ സ്ഥാപിക്കപ്പെടുന്നതായി പ്രഖ്യാപിച്ചു. ജൂതരാഷ്ട്രമുണ്ടായെങ്കിലും യെഹൂദ്യയും ശമര്യയും ഉൾപ്പെട്ട പഴയ യെരുശലേം ജോർദ്ദാന്റെ നിയന്ത്രണത്തിലുള്ള പശ്ചിമതീരത്തായിരുന്നു. 1967-ൽ ഇസ്രായേൽ ജനതയെ മൊത്തം കടലിൽ തള്ളുമെന്ന് ഭീഷണിപ്പെടുത്തി ഈജിപ്റ്റിന്റെ പ്രസിഡന്റ് **നാസർ** യിസ്രായേലിനെതിരെ യുദ്ധം പ്രഖ്യാപിച്ചു. സിറിയയും  ജോർദ്ദാനും യുദ്ധത്തിൽ ഈജിപ്റ്റിന്റെ കൂടെക്കൂടി. ഈജിപ്റ്റ്, സിറിയ, ജോർദ്ദാൻ എന്നീ മൂന്നു രാജ്യങ്ങളെ ഒരേ സമയത്ത് 1967-ലെ യുദ്ധത്തിൽ യിസ്രായേലിന് അഭിമുഖീകരിക്കേണ്ടിവന്നു. ആറു ദിവസമേ യുദ്ധം നീണ്ടു നിന്നുള്ളൂ. ഈജിപ്റ്റും സിറിയയും ജോർദ്ദാനും ദയനീയമായി പരാജയപ്പെട്ടു. ഈ യുദ്ധത്തിൽ ഗോലാൻ കുന്നുകളും, സീനായിയും, യെഹൂദ്യയും ശമര്യയും പഴയ യെരുശലേമും ഉൾപ്പെട്ട ജോർദ്ദാന്റെ **പശ്ചിമതീരവും യിസ്രായേൽ** കൈവശപ്പെടുത്തി. യെരുശലേമിനെ യിസ്രായേലിന്റെ തലസ്ഥാനവുമാക്കി. യെരുശലേമിനെ യിസ്രായേലിന്റെ തലസ്ഥാനമായി അംഗീകരിച്ചുകൊണ്ടുള്ള ബില്ലിന് അമേരിക്കൻ പ്രസിഡന്റ് ജോർജ്ജ് ബുഷ് 2003-ൽ അംഗീകാരം നൽകി.

യിസ്രായേൽ രാഷ്ട്രത്തിനോടും ജൂതസമൂഹത്തോടും ദൈവത്തിന് കാര്യപരിപാടികളൊന്നും ഇല്ലെങ്കിൽ താഴെപ്പറയുന്ന വചനങ്ങൾക്ക് ഉത്തരം കണ്ടെത്തുകയോ വിശദീകരിക്കുകയോ ചെയ്യുക.

(1) ഗബ്രീയേൽ ദൂതൻ മറിയയോടു വെളിപ്പെടുത്തിയ വാഗ്ദത്തങ്ങൾ എന്നാണ് **പൂർണ്ണമായും,** പൂർത്തീകരിക്കുക? “യേശു **ദാവീദിന്റെ സിംഹാസനത്തിൽ** വാണരുളും. അവൻ **യാക്കോബ് ഗൃഹത്തിന് എന്നേക്കും രാജാവായിരിക്കും;** അവന്റെ രാജത്വത്തിന് അവസാനം ഉണ്ടാകുകയില്ല” (ലൂക്കോസ് 1:32-33)

(2) യേശു സ്വർഗ്ഗാരോഹണം ചെയ്യുന്നതിന് മുമ്പ് ശിഷ്യന്മാർ ചോദിച്ച ചോദ്യവും അതിന് യേശു കൊടുത്ത ഉത്തരവും താഴെ കൊടുക്കുന്നു. ‘കർത്താവേ, യിസ്രായേലിന് നീ രാജ്യം പുനസ്ഥാപിച്ചു കൊടുക്കുന്നത് ഇപ്പോഴാണോ? യേശു അവരോട്: “പിതാവ് തന്റെ സ്വന്തം അധികാരത്തിൽ നിശ്ചയിച്ചിട്ടുള്ള കാലങ്ങളോ സമയങ്ങളോ നിങ്ങൾ അറിയേണ്ടതില്ല”. (അപ്പൊ. പ്രവ. 1:6)

(3) ആദിമ അപ്പൊസ്തലന്മാർ യെരുശലേമിലെ ആദ്യത്തെ ആലോചന യോഗത്തിൽ ഉദ്ധരിച്ച വാക്യങ്ങൾ പൂർണ്ണമായും വിശദീകരിക്കുക “അതിനുശേഷം ഞാൻ മടങ്ങിവരും. ഞാൻ ദാവീദിന്റെ വീണുപോയ കൂടാരത്തെ വീണ്ടും പണിയും; അതിന്റെ ശൂന്യശിഷ്ടങ്ങൾ വീണ്ടും പണിത് അതിനെ സ്ഥാപിക്കും” (അപ്പൊ. പ്രവ. 15:16).

(4) യേശുക്രിസ്തുവിന്റെ  പുനരാഗമത്തിന് തൊട്ടുമുമ്പ്, രണ്ടു വ്യക്തികൾ കൊല്ലപ്പെടുകയും അവരുടെ ശവശരീരങ്ങൾ **യിസ്രായേലിലെ തെരുവീഥികളിൽ** മൂന്നരദിവസം കിടക്കുകയും ലോകത്തിലെ സകല വംശക്കാരും ഗോത്രക്കാരും ഭാഷക്കാരും ജാതിക്കാരും ടെലിവിഷനീലൂടെ അത് കാണുകയും ചെയ്യുന്നത് എന്തിനാണ്? (വെളിപ്പാട് 11:3-12)

(5) യേശുവിന്റെ ദൃശ്യമായ പുനരാഗമനം യിസ്രായേലിലെ ഒലിവ് മലയിൽതന്നെ സംഭവിക്കുന്നത് എന്തുകൊണ്ടാണ്? (സെഖര്യാവ് 14:4,5)

(6) ഭൂമിയിലെ സകല വംശങ്ങളിലും ആരെങ്കിലും സൈന്യങ്ങളുടെ യഹോവയായ രാജാവിനെ നമസ്കരിപ്പാൻ **യെരുശലേമിലേക്ക്** വരാത്തപക്ഷം അവർക്കു മഴയുണ്ടാകുകയില്ല’ (സെഖര്യാവ് 14:16-19). ഇതെന്നാണ് സംഭവിക്കുക?

**ജൂതജനത്തിന്റെ ഹൃദയാവസ്ഥ**

ലോകവസാന നാളുകളിൽ ജൂതജനത്തിന്റെ സ്വഭാവ പ്രത്യേകത ബൈബിളിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: “ആ നാളിൽ യെഹൂദാ മേധാവികളെ വിറകിന്റെ ഇടയിൽ തീപ്പന്തംപോലെയും കറ്റയുടെ ഇടയിൽ തീപ്പന്തംപോലെയും ആക്കും; അവർ ചുറ്റുമുള്ള സകലജനതകളെയും തിന്നുകളയും” (സെഖര്യാവ് 12:6). എന്നാൽ കഴിഞ്ഞ പാലസ്തീൻ ഇസ്രായേൽ സംഘട്ടനത്തിൽ ലോകരാജ്യങ്ങൾ യിസ്രായേലിനെ **ഏകപക്ഷീയമായി** കുറ്റപ്പെടുത്തിയിട്ടില്ല എന്നതും ചിന്തിക്കേണ്ടതാണ്. കേരളത്തിലെ ക്രിസ്തീയ നേതാക്കൾ പലരും യിസ്രായേലിനെ കുറ്റപ്പെടുത്തിയപ്പോൾ, ക്രിസ്തീയരെ കൊന്നൊടുക്കുന്ന ഇറാക്കിലെ ഇസ്ലാമിക തീവ്രവാദികളെ ഈ നേതാക്കൾ ഇതുവരെ അപലപിച്ചു കണ്ടില്ല.

## 01 മാർപാപ്പയുടെ നിർദ്ദേശം.....

സൂചനയുണ്ട്. സ്വവർഗ്ഗാനുരാഗികളെ അനുകൂലിച്ചുള്ള പ്രമേയമാണ് ആദ്യം തയ്യാറാക്കിയിരുന്നത്. എന്നാൽ, നിരവധി തവണ മാറ്റിയെഴുതിയ ശേഷമാണ് അന്തിമ വിജ്ഞാപനം പുറത്തിറക്കിയത്.

സിനഡിന്റെ പുതിയ തീരുമാനത്തിനെതിരെ ശക്തമായ വിമർശനവുമായി സ്വവർഗ്ഗാനുരാഗ സംഘടനകൾ രംഗത്തു വന്നിട്ടുണ്ട്. കരട് റിപ്പോർട്ട് അനുകൂലമായിട്ടും അന്തിമ റിപ്പോർട്ട് സ്വവർഗ്ഗാനുകൂലികൾക്ക് എതിരായത് നിരാശപ്പെടുത്തുന്നതാണെന്ന് അമേരിക്കൻ സംഘടനയായ ന്യൂ വെയ്സ് മിനിസ്ട്രി കുറ്റപ്പെടുത്തി. എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളാനുള്ള അവസരമാണ് ചർച്ച് നഷ്ടപ്പെടുത്തിയതെന്ന് ഡിഗ്നിറ്റി യു.എസ്.എ. എന്ന സംഘടന അഭിപ്രായപ്പെട്ടു.

പോപ്പിന്റെ അപ്രമാദിത്വം, തെറ്റാവരം എന്നീ സവിശേഷ അധികാരങ്ങളെ ചോദ്യം ചെയ്യുന്ന പുതിയ ജനാധിപത്യക്രമം സഭയിൽ ശക്തിപ്പെടുന്നതിന്റെ സൂചനകൾ കാണുന്നു. ഈ തീരുമാനം സഭയിലെ പുരോഗമനവാദികളെ നിരാശപ്പെടുത്തുന്നതും പാരമ്പര്യവാദികളെ ശക്തിപ്പെടുത്തുന്നതുമാണ്. വലിയ പൊളിച്ചെഴുത്ത് പ്രതീക്ഷിച്ച സുനഹദോസിന്റെ തീരുമാനം ലോകം ശ്രദ്ധയോടെയാണ് ഉറ്റുനോക്കിയത്. സഭയ്ക്കുള്ളിൽ നടക്കുന്ന ആശയ.സമരം മറനീക്കി പുറത്തുവരാനാണ് സാദ്ധ്യത. എന്തായാലും പോപ്പിന്റെ പരിഷ്ക്കരണ നീക്കങ്ങൾക്ക് വലിയ തിരിച്ചടിയാണുണ്ടായത്

## ബൈബിൾ ക്ലാസ് ഉദ്ഘാടനം ചെയ്തു

**ചാലക്കുടി:** പെനിയേൽ ബൈബിൾ സെമിനാരിയുടെ നേതൃത്വത്തിൽ ചാലക്കുടിയിൽ ബൈബിൾ ക്ലാസ് ആരംഭിച്ചു. അദ്ധ്യാപകനും ഐ.പി.സിയുടെ സീനിയർ ശുശ്രൂഷകനായ പാസ്റ്റർ കെ. സി. മാത്യൂസ് വേദവചനം അഭ്യസിക്കുന്നതിന്റെ പ്രാധാന്യത്തെപ്പറ്റി സന്ദേശം നൽകി പ്രാർത്ഥിച്ച് ബൈബിൾ ക്ലാസ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർ എൻ.ഡി ജോൺസൺ ശുശ്രഷകൾക്ക് നേതൃത്വം നൽകി. എല്ലാ തിങ്കളാഴ്ചയും വൈകുന്നേരം 6 മുതൽ 8 വരെ ചാലക്കുടി എ.ജി ആരാധനാലയത്തിൽ ക്ലാസുകൾ നടത്തപ്പെടുന്നു. സാബു മത്തായി കാതോട്ട്, പാസ്റ്റർ ബർന്നബാസ് എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകുന്നു.

## 11 കണ്ടതും കേട്ടതും.....

ൺവെൻഷന്റെ അടുക്കും ചിട്ടയുമൊക്കെ ഏറ്റവും നന്നായിരുന്നു. ജനറൽ കൺവെൻഷനിൽ പാട്ടു പാടുന്നതു സഭാംഗങ്ങൾ തന്നെയാണ്. പാടാൻ അല്പം കഴിവുള്ളവരെയൊക്കെ സംഘടിപ്പിച്ച്, പാട്ടു പരിശീലിക്കും. പാസ്റ്റർ എം.സി മത്തായി, മക്കൾ, പിന്നെ ബാക്കി ചില കുട്ടികൾ എന്നിവരാണു പാടുന്നത്. പശ്ചാത്തലസംഗീതക്കാരെ കൂലിക്കു വിളിക്കും. 2000 ലെ ജനറൽ കൺവെൻഷനിൽ, പാസ്റ്റർ ജോർജ്ജ് വർഗീസ് (ബാബുസാർ) ആയിരുന്നു സംഘാടകൻ. ഒരു കാസറ്റിറക്കാൻ തീരുമാനിച്ചു. കുമ്പനാട്ടുനിന്നുള്ള കുട്ടികളെയെല്ലാം സംഘടിപ്പിച്ചു പാട്ടു പഠിപ്പിച്ചു. എന്നോട് ഒരക്ഷരം മിണ്ടിയതേയില്ല. ‘ജയിമോഹനെക്കൊണ്ടു പാട്ടു പാടിക്കണ’മെന്ന് പറയേണ്ടിയവർ പറഞ്ഞുമില്ല. പോൾ വിളക്കുവെട്ടം എന്ന പാട്ടുകാരന്റെ നിയന്ത്രണത്തിലായിരുന്നു കാര്യങ്ങൾ. പോളിന് അവിടെ ലഭിച്ച സ്വാതന്ത്ര്യം ഒന്നു വേറെയായിരുന്നു. ഒരു ലഘുവിവരണം കാസറ്റിന്റെ പ്രാരംഭഭാഗത്തുണ്ടായിരുന്നു. സ്വാഭാവികശബ്ദം മാറ്റി, കൃത്രിമശബ്ദത്തിൽ (അങ്ങനെ ശബ്ദം മാറ്റി പാട്ടുപാടുന്നവരമുണ്ട്) അവതാരകൻ പറഞ്ഞത് ഓർമ്മയിൽ നിന്ന് എഴുതുന്നു: “ഞാൻ നിനക്കു സ്തുതിപാടുമ്പോൾ എന്റെ അധരങ്ങളും നീ വീണ്ടെടുത്ത എന്റെ പ്രാണനും സന്തോഷിക്കും”. സങ്കീർത്തനം എഴുപത്തിഒന്നിന്റെ ഇരുപത്തി മൂന്ന്. ചർച്ച് ഓഫ് ഗോഡ്, വൈ.പി.ഇ. യുടെ ആഭിമുഖ്യത്തിൽ തയ്യാറാക്കി അവതരിപ്പിക്കുന്ന ‘പ്രെയ്സ് ആൻഡ് വർഷിപ്പ് റ്റൂ തൗസൻഡ്’ ദൈവനാമമഹത്വത്തിനായി, കർത്താവായ യേശുക്രിസ്തുവിന്റെ പാദാര**വൃ**ന്ദങ്ങളിൽ സമർപ്പിക്കുന്നു.

**നീക്കിബാക്കി:** ഈ കാസറ്റിൽ, യാതൊരു കഴിവുമില്ലാത്തവരും പാട്ടു പറഞ്ഞു. പക്ഷേ ‘ഇന്റൻസ് കോൺസ്പിറസി’യുണ്ടായിരുന്നതിനാൽ, എന്നെ നിശ്ശേഷം ഒഴിവാക്കി. (അന്നു വിഷമം തോന്നിയെങ്കിലും ഇന്ന് അങ്ങനെയൊന്നും തോന്നാറില്ല). പാട്ടു പാടിച്ചില്ലെങ്കിലും, എന്നെക്കൂടി റെക്കോ(ർ)ഡിങ്ങിനു കൊണ്ടുപോയിരുന്നെങ്കിൽ, കാസറ്റ് യേശുക്രിസ്തുവിന്റെ പാദാര**വൃ**ന്ദങ്ങളിൽ സമർപ്പിക്കേണ്ടിവരില്ലായിരുന്നു

## 01 പി. വൈ. പി. എ. സംസ്ഥാന ക്യാമ്പ്.....

വിവിധ സെഷനുകളിൽ ക്രിസ്തുവിൽ അനുഗ്രഹീത ദൈവദാസന്മാരായ എം. പൗലോസ് രാമേശ്വരം, ഫിലിപ്പ് ചെറിയാൻ ബാംഗ്ലൂർ, കെ. സി. ജോൺ, സാം ജോർജ്ജ്, ജേക്കബ് ജോർജ്ജ്, ബാബു ചെറിയാൻ, വിൽസൺ ജോസഫ്, ജോൺ എസ്. ശാമുവേൽ, ജോൺസൺ ഡാനിയേൽ, ബി. മോനച്ചൻ, ജിജി വർഗീസ് യു. എസ്. എ., ഡോ. കുഞ്ഞപ്പൻ സി. വർഗീസ്, ഡോ. ജെയ്സി ജെയ്സൺ, ജോസ്. കെ. ഏബ്രഹാം, ബ്രദർ വർക്കി കാച്ചാണത്ത് തുടങ്ങിയവർ ശുശ്രൂഷിക്കും. യുവജനങ്ങൾക്ക് പ്രയോജനപ്രദമായ മിഷൻ ചലഞ്ച്, ബൈബിൾ ക്ലാസ്സ്, കൗൺസിലിംഗ്, കാത്തിരിപ്പുയോഗങ്ങൾ, താലന്തു നൈറ്റ്, സുവിശേഷ റാലി തുടങ്ങിയ പ്രോഗ്രാമുകൾ ഈ ക്യാമ്പിൽ പ്രത്യേകതയാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 1000 പേർക്ക് മാത്രമേ പ്രവേശനം ഉണന്ടാകുകയുള്ളൂ എന്ന് സംസ്ഥാന സെക്രട്ടറി പാസ്റ്റർ സാബു ചാപ്രത്ത് അറിയിച്ചു. സംസ്ഥാന ഭാരവാഹികളായ സിനോജ് ജോർജ്ജ്, ലൈജു ജോർജ്ജ്, കെ. ബി. ബിനു, സുനിൽ മാത്യു, അജു അലക്സ്, ജോബി ജോസഫ് തുടങ്ങിയവർ നേതൃത്വം നൽകും.

ലേഖനം

# ഇനി ഞാൻ മരിക്കട്ടെ...



റെജി പോൾ
ഷാർജ
palachoodan@gmail/hotmail.com

സംയുക്ത മലയാള ക്രൈസ്തവ സമ്മേളനം കഴിഞ്ഞ് അത് നടത്തിയ ദ്വീപിൽ നിന്ന് എല്ലാ ക്രൈസ്തവ വിഭാഗങ്ങളുടെയും പ്രതിനിധികൾ ഒരേ വള്ളത്തിൽ കയറി കായലിലൂടെ കരയിലേക്ക് യാത്രയായി. ദ്വീപിലെ സമ്മേളനത്തിൽ നടന്ന ചർച്ചയിലും സെമിനാറിലും ഒക്കെ പരസ്പരം ഏറ്റുമുട്ടി, സ്വന്തം ഉപദേശ തികവിനെയും മറ്റുള്ളവരുടെ ഉപദേശപ്പിശകിനെയും തലനാരിഴ കീറിയും വെല്ലുവിളിച്ചും മൂന്നു ദിവസം കഴിഞ്ഞത് കൊണ്ട് മിക്കപേരും ക്ഷീണിതരായിരുന്നു. അവരെക്കൂടാതെ തുഴക്കാരനും മറ്റൊരു യാത്രക്കാരനും കൂടി ബോട്ടിൽ ഉണ്ട്. ബോട്ട് ഏകദേശം കായലിന്റെ മധ്യഭാഗത്തെത്തിയപ്പോൾ തുഴക്കാരന്റെ നിലവിളി കേട്ട് എല്ലാവരും പാതിമയക്കത്തിൽ നിന്നുണർന്നു. “അയ്യോ സാറന്മാരെ, വള്ളത്തിൽ വെള്ളം കയറുന്നു. നിങ്ങൾക്കെല്ലാവർക്കും നീന്താനറിയാമോ?” ഈ ചോദ്യം മുഴുവൻ ചോദിച്ചു തീരും മുൻപേ വള്ളത്തിൽ നിന്ന് കൂട്ടക്കരച്ചിൽ ഉയർന്നു. പിന്നെ പെട്ടെന്ന് വീണ്ടുവിചാരമുണ്ടായിട്ട് കഴിഞ്ഞ മൂന്ന് ദിവസം തങ്ങളുടെ വിശ്വാസവീര്യം പ്രസംഗിച്ചു പയറ്റിയവരുടെ മുൻപിൽ നാണക്കേടാവുമെന്നോർത്തു തങ്ങളുടെ ഭയവും വെപ്രാളവും എല്ലാം പെട്ടെന്നൊതുക്കി.

“അക്കരയ്ക്കു യാത്ര ചെയ്യും സീയോൻ സഞ്ചാരി...” പെട്ടെന്നെല്ലാവരും ശബ്ദത്തിന്റെ ഉറവിടം തപ്പിയപ്പോൾ സമ്മേളനവുമായി ബന്ധമില്ലാത്ത ഏകയാത്രക്കാരൻ വള്ളത്തിന്റെ ഒരറ്റത്തിരുന്നു ഉയരത്തിലേക്ക് കരങ്ങളുയർത്തി ഭക്തിയോടെ പാടുന്നു. പെട്ടെന്ന് പെന്തെക്കോസ്ത് പാസ്റ്റർ ആ മനുഷ്യന്റെ അരികിലേക്ക് ചെന്ന് ചോദിച്ചു “മുങ്ങിയതാണോ?”. അപ്പോഴാ മനുഷ്യൻ നിഷ്കളങ്കതയോടെ മറുപടി പറഞ്ഞു “ഇല്ല... മുങ്ങാതിരിക്കാനാ പാടുന്നെ”. ഉടനെ പുറകിൽ നിന്ന് യാക്കോബായ പുരോഹിതൻ ഒച്ചവെച്ചു: “നിങ്ങക്കെവിടെ ചെന്നാലും മുക്കണെ കാര്യമാ ആദ്യം. ഇവിടെ മനുഷ്യൻ മരണവെപ്രാളമെടുക്കുമ്പോഴാ...ഗീവറുഗീസ് പുണ്യാളാ എന്നെ രക്ഷിക്കണേ..... കരയിൽ എത്തിച്ചാൽ ഒരു കൂട് മെഴുകുതിരി കത്തിച്ചോളാമെ”. എന്നിട്ട് തിരിഞ്ഞു: നോക്കിയപ്പോൾ കണ്ടത് കാതോലിക്ക പുരോഹിതനെ. ഉടനെ മുദ്രവാക്യം വിളിച്ചു; “അന്തോഖ്യായെ തൊട്ടു കളിച്ചാൽ അക്കളി തീക്കളി സൂക്ഷിച്ചോ”. ഇത് കേട്ട മെത്രാൻ കക്ഷി പുച്ഛിച്ചു “ങും...ഇപ്പോ ശീമോന്നു വന്നു രക്ഷിക്കും.. അതെങ്ങനാ... മനോരമ വായിച്ചാലല്ലേ വിവരമുണ്ടാകൂ”.

ഇതൊക്കെ കേട്ടിട്ട് ഒന്നും മനസ്സിലാകാത്ത തുഴക്കാരൻ വിളിച്ചികൂവി: “സാറന്മാരെ, നിങ്ങൾ ആരെങ്കിലും വന്നെന്നെ സഹായിക്കാമോ.. ഞാൻ തന്നെ എത്ര നേരം വള്ളത്തിലെ വെള്ളം കോരും?” അതു കേട്ട ഉടനെ ഏകനായ യാത്രക്കാരൻ ഓടി വന്ന് തുഴക്കാരനെ സഹായിക്കാൻ തുടങ്ങി. അപ്പുറത്ത് നിന്ന് ഈ സമയത്ത് ബ്രദറൻകാരൻ തുഴക്കാരനെ തിരുത്തി; “മനുഷ്യാ.... നിങ്ങൾ പറഞ്ഞതിൽ പിശകുണ്ട്. വള്ളം അല്ല ചങ്ങാടം ആണ് ശരി. ചില തർജ്ജമകളിൽ വന്ന തെറ്റാണ് വള്ളം എന്ന പദം ഉപയോഗിക്കാൻ ഇടയാക്കിയത്”. ഇതികേട്ട തുഴക്കാരൻ താനെന്തോ മഹാ അപരാധം ചെയ്തുവെന്ന കുറ്റബോധത്തോടെ എല്ലാവരെയും നോക്കിയിട്ട് തന്റെ ജോലി തുടർന്നു. അതുവരെ അനങ്ങാതിരുന്ന കരിസ്മാറ്റിക്ക് ലീഡർ പതുക്കെ എഴുന്നേറ്റു, “കുറെ നേരമായി ഞാൻ നിങ്ങളെയൊക്കെ ക്ഷമിക്കുന്നു. ഇനി വയ്യ...ബോട്ട് എങ്ങനെ അക്കരയെത്തുമെന്ന് ഞാനിപ്പോ കാണിച്ചു തരാം. എന്നിട്ടുടനെ “അഭിഷേകം..അഭിഷേകം...” എന്ന പാട്ട് മൊബൈൽ ഫോണിൽ ഉറക്കെ വെച്ചിട്ട് അതിനനുസരിച്ച് ചുവടുകൾ വെക്കാൻ തുടങ്ങിയപ്പോൾ എല്ലാവരും ഓടി ച്ചെന്നയാളെ പിടിച്ചു നിർത്തിയിട്ട് ഏക സ്വരത്തിൽ പറഞ്ഞു”, ഇപ്പോൾ തന്നെ മറിയാറായി..കരയിൽ ചെന്നിട്ടാവാം”. ആട്ടവും പാട്ടും നിറുത്തിയിട്ട് അയാളിങ്ങനെ എല്ലാവരെയും പുച്ഛിച്ചു; ‘പ്രതികൂലത്തിലും ആരാധിക്കാൻ കഴിയാത്തവനൊക്കെ വിശ്വാസിയാണെന്നും പറഞ്ഞു നടക്കുന്നു..പ്ഭൂൂ” ഇത് കേട്ട പെന്തെക്കോസ്ത് പാസ്റ്റർ ചൂടായി” ആരാധിക്കാൻ ഞങ്ങളെയാരും പഠിപ്പിക്കണ്ട. പിന്നെ കണ്ട അവിശ്വാസികളുടെയൊക്കെ കൂടെ ആരാധിക്കാൻ ഞങ്ങളെ കിട്ടില്ല. അത് കൊണ്ടാ”. അതുവരെ മിണ്ടാതിരുന്ന കത്തോലിക്ക പുരോഹിതൻ ഉണർന്നു ‘ഏതാരാധനക്രമമാണ് നിങ്ങൾ ഉദ്ദേശിച്ചത്? ലെത്തീനോ റോമനോ...ഈ വർഷം വേളാങ്കണ്ണിക്ക് പോകാൻ നേർച്ച നേർന്നതാ, പക്ഷെ പോയില്ല. അതിന്റെയാ ഇതൊക്കെ” എന്നിട്ട് നെടുവീർപ്പോടെ താണിരുന്നു. ഇതിനിടയിലും ദിവാ സ്വപ്നം കാണുന്ന എക്യുമെനിക്കൽ കാരനെ ആരോ തട്ടിയുണർത്തി; “ഇത്രയും പ്രശ്നമൊക്കെ ഉണ്ടായിട്ടും താനെന്നാ ഉറങ്ങുവാണോ” മറുപടി ഉടനെ വന്നു; “ഇല്ല ഞാൻ സ്വപ്നം കാണുകയാണ്. ഒരു വലിയ കൂട്ടം ഏതു തരക്കാരായാലും വേണ്ടില്ല ഞാൻ ലീഡ് ചെയ്യും...ഹായ്..” വെള്ളം കയറുന്നത് കുറച്ചൊക്കെ നിയന്ത്രണവിധേയമായപ്പോൾ യാത്രക്കാരൻ തിരികെ വന്ന് തന്റെ സഞ്ചിയിൽ നിന്ന് കറുത്ത ബയന്റിട്ട വേദപുസ്തകം എടുത്ത് വായിക്കാൻ തുങ്ങി. ഉടനെ കരിസ്മാറ്റിക്കാരനും എക്യുമെനിക്കലുകാരനും ഒപ്പം ചോദിച്ചു. “അതെന്തോന്നു പുസ്തകമാ? എവിടെയോ കണ്ടിട്ടുണ്ടല്ലോ” ഒന്ന് തല പൊക്കി നോക്കിയ ശേഷം ആ മനുഷ്യൻ വായന തുടർന്നു. ഇതുകേട്ട് ജീവിതത്തിലാദ്യമായി അന്ത്യോഖ്യാ-മലങ്കര ശത്രുക്കൾ ഒരേ ശബ്ദത്തിൽ പ്രതികരിച്ചു”, ഇത് ചാവുമ്പോൾ സങ്കീർത്തനം വായിക്കുന്ന പുസ്തകമല്ലേ...എല്ലാവനും ചത്തിട്ടു വായിച്ചാൽ പോരെ?” ഇത് കണ്ട ബ്രെദറൻ മൂപ്പൻ ഉറക്കെ വിളിച്ചു ചോദിച്ചു “അതേതു ട്രാൻസ്ലേഷനാ? എല്ലാമൊന്നും ശരിയല്ല. പലതിലും കൃത്യമായ വാക്കുകളല്ല ഉപയോഗിച്ചിരിക്കുന്നത്. മാത്രവുമല്ല അതിലുള്ള പലതും നിന്ന് പോയി”. താൻ മിണ്ടാതിരുന്നാൽ കുറച്ചിൽ ആണെന്ന് തിരിച്ചറിഞ്ഞ പെന്തെക്കോസ്ത് പാസ്റ്റർ ഇടപെട്ടു; “ഇയ്യാൾക്ക് അന്യഭാഷയുണ്ടോ?” ഇല്ലെന്ന അർത്ഥത്തിൽ അയാൾ തലയാട്ടി. അത് കണ്ട പെന്തെക്കോസ്ത് പാസ്റ്റർ നെടുവീർപ്പോടെ തീർപ്പ് കൽപ്പിച്ചു. നിന്റെ കാര്യം പോക്കാ. അപ്പോൾ കരിസ്മാറ്റിക്ക് ലീഡർ പെന്തെക്കോസ്ത് പാസ്റ്ററെ താങ്ങി;” “ഇയാൾക്ക് അഭിഷേകമില്ലെന്നു എനിക്ക് നേരത്തെ മനസ്സിലായിരുന്നു. ഉണ്ടെങ്കിൽ ഞാൻ ചാടിച്ചപ്പോൾ തുള്ളിയേനെ”. ഇതിന്റെയൊക്കെയും നടുവിലിരുന്ന് മാർത്തോമ പുരോഹിതൻ ഉറക്കെ പതം പറഞ്ഞു” എന്റെ ദൈവമേ...ഞാൻ മരിച്ചാൽ എന്റെ ഭാര്യയും പിള്ളേരും പട്ടിണിയാവുമല്ലോ”. ഇതിനുത്തരമായി, “ഞങ്ങൾ കല്യാണം കഴിക്കാത്തത്’ എന്ത് കൊണ്ടാണെന്ന് ഇപ്പൊ പിടികിട്ടിയോ? എന്ന് ടീപിയെമ്മിലെ പാസ്റ്റർ ചോദിച്ചപ്പോൾ കത്തോലിക്കാ അച്ചൻ ആദ്യമായി തുല്യ ദുഃഖിതനെ കണ്ടപോലെ അദ്ദേഹത്തെ സ്നേഹത്തോടെ നോക്കി. ഇതിനിടയിൽ തുഴക്കാരൻ ദയനീയമായി കേണു; “എല്ലാവരും വശത്ത് കൂടെ കൈകൊണ്ട് തുഴഞ്ഞാൽ ഇനിയും വെള്ളം കയറുന്നതിനു മുമ്പ് കരയിലെത്താം”. അപരിചിതനായ യാത്രക്കാരൻ മാത്രം ഉടനെ തന്റെ കൈകൾ കൊണ്ട് തുഴഞ്ഞപ്പോൾ ബാക്കിയാരും കേൾക്കാത്ത മട്ടിലിരുന്നു. സമീപത്ത് കണ്ണടച്ചിരിക്കുന്ന ടീപീയെം പാസ്റ്ററോട് തുഴക്കാരൻ തോളിൽ തട്ടി വിളിച്ചു; “സാറെ... ഒരു കൈ സഹായിക്ക്” ഉടനെ അദ്ദേഹം തിരുവായ് മൊഴിഞ്ഞു; “ഞാനുപവാസത്തിലാണ്....ഇന്ന് സാമാന്യ വേലയൊന്നും ചെയ്തുകൂടാ. ഞാനുപവസിക്കുന്നത് കൊണ്ടാ നീയൊക്കെ ജീവനോടിരിക്കുന്നത്”. കുറെക്കഴിഞ്ഞപ്പൾ തുഴക്കാരന്റെ സന്തോഷസ്വരം കേട്ട് എല്ലാവരും ഉണർന്നു; “സാറന്മാരെ, നമ്മൾ ഉടനെ കരയ്ക്കടുക്കും ദൈവത്തിനു സ്തോത്രം” .എല്ലാവരും പുതുജീവൻ കിട്ടിയതുപോലെ ഉണർന്നു. “എന്തൊക്കെയായാലും ഞാൻ ഈകൂടെ ഉണ്ടായിരുന്നതുകൊണ്ട് എല്ലാവർക്കും കുറച്ചൊക്കെ വചനം പഠിക്കാൻ സാധിച്ചതിൽ സന്തോഷം” എന്ന ബ്രദറൻ മൂപ്പന്റെ ആത്മഗതം കേട്ട യാക്കോബായ പുരോഹിതന് പിടിച്ചില്ല; “പിന്നെ തന്റെയൊരു കൊണദോഷിക്കൽ...ഞാൻ മെഴുകുതിരി നേർന്നപ്പഴെ വെള്ളമിറങ്ങി തൊടങ്ങിയതാ”, ഇത് കേട്ട പെന്തെക്കോസ്ത് പാസ്റ്റർക്കു സഹിച്ചില്ല; “ദൈവത്തെ മറക്കുന്നവരെ... ഞാൻ നിങ്ങളെ കീറിക്കളയും... എന്റെ മേലുള്ള അഭിഷേകമാണ് വെള്ളമിറക്കിയതെന്നു ഇനിയെങ്കിലും സമ്മതിക്ക്”. കരിസ്മാറ്റിക്കുകാരനും വിട്ടു കൊടുത്തില്ല; “ആരാധനയിൽ വിടുതലുണ്ടെന്നു സമ്മതിക്കുന്നവരെല്ലാം കയ്യുയർത്തി മൂന്നു സ്തോത്രം പറഞ്ഞാട്ടെ” .ഉടനെ കത്തോലിക്കൻ ഉപദേശിച്ചു “നിങ്ങൾക്കൊക്കെ മിനിമം രണ്ടാഴ്ച എങ്കിലും ആന്തരിക സൗഖ്യധ്യാനം കൂടിയാലേ വിടുതൽ കിട്ടു. ഞാൻ സിസ്റ്റർ അൺകൊൻഷിയസിന്റെ നമ്പർ തരാം”. മൂലയ്ക്കിരുന്ന യാത്രക്കാരൻ മാത്രം മ്ലാനവദനനായി ഇരിക്കുന്നത് കൊണ്ട് എല്ലാവരും ഒരേ സ്വരത്തിൽ ചോദിച്ചു; “തനിക്കു മാത്രമെന്താ സന്തോഷമില്ലാത്തത്? അതിനു മറുപടിയായി അയാൾ പറഞ്ഞു, “ഞാനെന്തിനു സന്തോഷിക്കണം? നിങ്ങൾ മാത്രമല്ലേ കരയിലേക്കുള്ളൂ? “അപ്പൊഴെല്ലാവർക്കും ആശ്ചര്യമായി. “അതെന്താ താൻ വരുന്നില്ലേ? അതിനയാൾ മറുപടി പറഞ്ഞു “ആഗ്രഹമുണ്ടായിരുന്നു..പക്ഷെ നിങ്ങളുടെ കൂടെ ഒരു മണിക്കൂർ ചിലവഴിച്ചപ്പോൾ അതില്ലാതായി...നിങ്ങളോടൊപ്പം എനിക്ക് രക്ഷപ്പെടണ്ട” പിന്നെ തിരിഞ്ഞു തുഴക്കാരനോട് മാത്രം നന്ദി പറഞ്ഞുകൊണ്ട് അയാൾ കായലിന്റെ അഗാധതയിലേക്ക് കൂപ്പു കുത്തി...മുങ്ങിച്ചാകുന്നവന്റെ വെപ്രാളത്തോടെ അയാൾ വീണ്ടും പൊങ്ങി വരുമെന്ന പ്രതീക്ഷയോടെ കുറെനേരം കാത്തിരുന്ന തുഴക്കാരന്റെ കണ്ണിൽ നിന്നടർന്നു വീണ രണ്ടുതുള്ളി കണ്ണുനീർ കായലിൽ ഉപ്പുരസമുള്ള അശ്രു പൂജയായി. സ്വർഗ്ഗത്തിൽ നിന്ന് നെടുവീർപ്പുപോലൊരു ശബ്ദം കേട്ടു തലപൊക്കി നോക്കിയ അയാൾ കണ്ടത് കത്തിക്കാളുന്ന സൂര്യനെ മാത്രം. ആത്മീയ യാത്രക്കാരെ കരക്കിറക്കി വീണ്ടും ദ്വീപിലേക്ക് തിരികെ തുഴയുമ്പോൾ തിരിഞ്ഞൊന്നു കരയിലേക്ക് നോക്കിയപ്പോൾ ശുഭ്രവസ്ത്രധാരികൾ എല്ലാവരും ഒരു കറുത്ത പൊട്ടുപൊലെ ദൂരെ താന്താന്റെ വഴികളിലേക്ക് നടന്നു മറയുന്നതു കണ്ടു, ഇനിയൊരിക്കലും കാണാനാഗ്രഹിക്കാത്ത ഒരു ദുസ്വപ്നം പോലെ.

## 01 മതപരിവർത്തനം ചെയ്ത....

യാണെങ്കിൽ മതപരിവർത്തനം തടയാൻ കഴിയില്ല എന്ന് സംഘപരിവാർ സംഘടനകൾ ചിന്തിക്കുന്നു.

“പിന്നോക്ക വിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ അനുഭവിക്കുന്നവർക്ക് ദലിത് സംവരണം ലഭിക്കുകയാണെങ്കിൽ ഇവർക്കുള്ള ക്ഷേമ പ്രവർത്തനങ്ങൾ ഇരട്ടിയാകും” മന്തി ഗെഹ്ലോട്ട് പറഞ്ഞു.

”നിയമവകുപ്പ് സുപ്രീംകോടതിയിൽ സമർപ്പിക്കുന്ന അഫിഡവിറ്റിനെപ്പറ്റി എനിക്കറിയില്ല. എന്നാൽ മതപരിവർത്തനം ചെയ്തവർക്കുള്ള സംവരണത്തെ ഞങ്ങൾ എതിർക്കും” എന്ന് മന്ത്രി ഗെഹ്ലോട്ട് പറഞ്ഞു.

ഈ വിഷയത്തെപ്പറ്റി ലേഖകൻ ദേശീയ സഭാ കൗൺസിൽ (NCCI) എക്സിക്യൂട്ടീവ് സെക്രട്ടറി സാമുവൽ ജയകുമാറുമായി സംസാരിച്ചപ്പോൾ അദ്ദേഹം ഇങ്ങനെ പറഞ്ഞു, “ദലിത് ക്രൈസ്തവർക്കുള്ള സംവരണം ഭരണഘടന വിരുദ്ധമാണെന്ന് ഒരു വ്യക്തിക്ക് തീരുമാനിക്കാൻ കഴിയില്ല. സുപ്രീം കോടതിയാണത് തീരുമാനിക്കുന്നത്”.

ദേശീയ സഭാ കൗൺസിലും സുപ്രീം കോടതിയിൽ നടക്കുന്ന ഈ കേസിൽ കക്ഷികളാണ്.

1950–മുതൽ മതപരിവർത്തനം ചെയ്ത ക്രൈസ്തവരും മുസ്ലീങ്ങളും സംവരണത്തിനുവേണ്ടി പോരടിക്കുകയാണ്.

1950 –ലാണ് ഒരു രാഷ്ട്രപതി നിയമനത്തിലൂടെ ഈ രണ്ടുവിഭാഗങ്ങൾക്കും സംവരണം നിഷേധിച്ചത്. ജാതിവ്യവസ്ഥ ഹിന്ദുമതത്തിന്റെ ഭാഗമാണന്നും അതുകൊണ്ട് സംവരണം മറ്റ് മതത്തിലുള്ളവർക്ക് ബാധകമല്ലെന്നും നിയമം വ്യക്തമാക്കിയിരുന്നു. എന്നാൽ കാലാകാലങ്ങളിലായി സിക്ക്, ബുദ്ധ വിഭാഗത്തിൽപ്പെട്ട ദലിതർക്കും സംവരണാനുകൂല്യങ്ങൾ അനുവദിക്കപ്പെട്ടു.

## പാസ്റ്ററുടെ വീടിനുനേരെ ആക്രമണം

**തൃക്കരിപ്പൂർ:** പയനീയർ മിഷൻ സഭാ ശുശ്രൂഷകൻ പാസ്റ്റർ ജോൺസൺ ജെയിംസിന്റെ വസതിക്കുനേരെ സുവിശേഷ വിരോധികളുടെ ആക്രമണം. 19–ാം തീയതി ഞായറാഴ്ച ഉച്ചയോടെ തൃക്കരിപ്പൂർ വില്ലേജ് ആഫീസിനടുത്ത വാടകവീട്ടിലാണ് അക്രമികൾ ഭീകരാന്തരീക്ഷം സൃഷ്ടിച്ചത്.

പാസ്റ്ററെ ഭീഷണിപ്പെടുത്തുകയും വീട്ടിലെ കസേരകളും ടീപ്പോയും മറ്റുപകരണങ്ങളും അടിച്ചു തകർക്കുകയും ചെയ്തു. ചന്തേര പോലീസിൽ പരാതി നൽകിയിട്ടുണ്ട്. പന്ത്രണ്ടു വർഷത്തോളമായി തൃക്കരിപ്പൂരിൽ താമസിച്ച് ആത്മീയ ശുശ്രൂഷകൾ നടത്തി വരികയായിരുന്ന ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ ബസ്റ്റാന്റിനടുത്ത ജെസീസ് ഹാളിൽ ഞായറാഴ്ച പ്രാർത്ഥന നടത്താറുണ്ട്.

ഇവിടെ മതപരിവർത്തനം നടത്തുന്നതായി ആരോപിച്ചാണ് ചിലർ എതിർപ്പ്പ്രകടിപ്പിച്ച് രംഗത്ത് എത്തിയിരിക്കുന്നത്. തൃക്കരിപ്പൂരിലുള്ള എ.ജി. ചർച്ചിനുനേരെയും മാസങ്ങൾക്കു മുമ്പ് സമാനമായ സംഭവം ഉണ്ടായിട്ടുണ്ട്. മലബാറിന്റെ വിവിധ ഭാഗങ്ങളിൽ ക്രൈസ്തവ പ്രവർത്തനങ്ങൾക്കുനേരെ സുവിശേഷ വിരോധികൾ ആക്രമണങ്ങൾ അഴിച്ചുവിടുന്നതായും പരാതി ഉയർന്നിട്ടുണ്ട്. സംഭവത്തിൽ വിവിധ സംഘടനകൾ ഉത്കണ്ഠ രേഖപ്പെടുത്തി. മുഖ്യമന്ത്രിയും ആഭ്യന്തര മന്ത്രിയും ഉചിതമായ നടപടികൾ സ്വീകരിക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്.

## 03 വേദപഠനം....

ക്കിയാണ് പ്രസംഗിച്ചത്, തന്റെ പ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞു, ഞാൻ സത്യ ഇടയൻ, എനിക്കു മുമ്പേ വന്നവൻ കള്ളനും കവർച്ചക്കാരനുമാകുന്നു, ശേഷം പഴയപാസ്റ്റർ ഉല്പത്തിയിലെ അബ്രഹാമിനെപ്പറ്റി പറഞ്ഞിട്ട് പറഞ്ഞു, ഞാൻ പോയിട്ട് അധികം താമസിയാതെ തിരിച്ചുവരും, അതുവരെ ഈ കഴുതയോടൊപ്പം നിങ്ങൾ ഇരിക്കുക. അപ്പോൾ ബൈബിൾ വാക്യങ്ങളെ കോട്ടിക്കളയുകയും സന്ദർഭമനുസരിച്ച് ഉപയോഗിക്കുന്നവരുമുണ്ട്.

(തുടരും...)

**അനുഭവസാക്ഷ്യം**

# മരണത്തിലും പതറാതെ

ഇവാ. എം. എം. വർഗീസ്, നെരുൾ

അന്നൊരു ശനിയാഴ്ചയായിരുന്നു. തണുപ്പുള്ളൊരു പ്രഭാതം 2014 ജനുവരി 25-ാം തീയതി രാവിലെ പത്തുമണി ഞാനും എന്റെ ഭാര്യയും നാട്ടിലേക്കുള്ള യാത്രയ്ക്കായി ഗരീബ്രഥ് ട്രെയിനിൽ യാത്ര ചെയ്യവേ, പത്തുമണിയോടുകൂടി ഞങ്ങൾ സഞ്ചരിച്ചിരുന്ന ട്രെയിൻ കണ്ണൂർ റയിൽവേ സ്റ്റേഷനിലെത്തി അപ്പോൾ ട്രെയിനിനകത്തു നല്ല തണുപ്പുണ്ടായിരുന്നതിനാൽ എന്റെ ഭാര്യ എന്നോട് ഒരു ചൂടുകാപ്പി കിട്ടിയാൽ കൊള്ളാമെന്നു പറഞ്ഞതനുസരിച്ച് ഞാൻ ട്രെയിനിൽ നിന്നും ഫ്ളാറ്റ്ഫോമിലേക്കിറങ്ങി. റ്റീസ്റ്റാളിൽ നല്ല തിരക്കായിരുന്നതു കാരണം ഏറ്റവും ഒടുവിലാണെനിക്ക് കാപ്പി ലഭിച്ചത് ഞാൻ രണ്ടു കയ്യിലും ഓരോ കപ്പുകാപ്പിയുമായി പെട്ടെന്നു ട്രെയിനിൽ കയറാൻ ശ്രമിച്ചു. ഒരു കാൽ ഡോർ സ്റ്റെപ്പിലേക്ക് വച്ചപ്പോഴേക്കും ട്രെയിൻ നീങ്ങിത്തുടങ്ങി. ഞാൻ രണ്ടു കയ്യിൽ നിന്നും കാപ്പി ഗ്ലാസ്സ് താഴേക്കിട്ടു പക്ഷേ ഒരിടത്തും എനിക്കു പിടികിട്ടിയില്ല. ട്രെയിനടിയിൽപെട്ടതുതന്നെയെന്ന് എനിക്കു തോന്നി. എന്നാൽ അത്ഭുതമെന്നു പറയട്ടെ, പുറകിൽ നിന്നാരോ എന്നെ അകത്തേക്കു തള്ളുന്നതായി എനിക്കു അനുഭവപ്പെട്ടു. ഞാൻ ട്രെയിനിനകത്തേക്കു വീണു. ഡോറിന്റവിടെ പല്ലുതേച്ചുകൊണ്ടിരുന്ന ആരോ എന്നെ എഴുന്നേൽപ്പിച്ചു. എണ്ണീറ്റു നോക്കിയപ്പോൾ എന്റെ പാന്റ്സ് നനഞ്ഞതല്ലാതെയാതൊന്നും പറ്റിയില്ല. ഞാൻ ട്രെയിനിലേക്കു കാൽവച്ചപ്പോൾ ഫ്ളാറ്റ്ഫോമിൽ ആരും ഇല്ലായിരുന്നുവെന്നു ഞാൻ നേരത്തെ മനസ്സിലാക്കിയിരുന്നു. പിന്നെ ആരാണ് താഴേക്കു പോകേണ്ടിയിരുന്ന എന്നെ ട്രെയിനുള്ളിലേക്ക് തള്ളിയത്? പെട്ടെന്ന് എന്റെ മനസ്സിലേക്ക് ദൈവീക വാഗ്ദത്തം ഓടിയെത്തി. “നിന്റെ എല്ലാ വഴികളിലും നിന്നെ കാക്കേണ്ടതിന് അവൻ നിന്നെക്കുറിച്ചു തന്റെ ദൂതന്മാരോടു കല്പിക്കും” അതേ അത് എന്നെ കാക്കേണ്ടതിന് ദൈവം അയച്ച ദൂതൻ തന്നെ ആയിരുന്നു. ദൈവത്തിനു സ്തോത്രം.

2013 ഓഗസ്റ്റു മാസത്തിൽ ഇതേപോലെ ഞങ്ങൾ നാട്ടിൽ പോയിട്ട് ഇതേ ട്രെയിനിൽ ബോംബെയിലേക്കു വരുമ്പോൾ സമാനമായ കാഴ്ച കണ്ടു. ഞങ്ങൾ സഞ്ചരിച്ചിരുന്ന കോച്ചിൽ ഭാര്യഭർത്താക്കന്മാരായ ഒരു കുടുംബം ഉണ്ടായിരുന്നു. ട്രെയിൻ തൃശ്ശൂർ സ്റ്റേഷനിൽ നിന്നപ്പോൾ ആ സഹോദരൻ (ചെമ്പൂരിലുള്ള) രണ്ടു കയ്യിലും കാപ്പിയുമായി വന്ന് ട്രെയിനിന്റെ ഡോർ സ്റ്റെപ്പിലേക്കു കാൽ വെച്ച നിമിഷം ട്രെയിൻ നീങ്ങിത്തുടങ്ങി. കാപ്പി ഗ്ലാസിൽ നിന്നും അദ്ദേഹം കൈവിട്ടുമില്ല. പെട്ടെന്നു ഞങ്ങൾ ആ കാഴ്ച കണ്ടു. ഫ്ളാറ്റ്ഫോമിനും ട്രെയിനിനും ഇടയിലേക്ക് അദ്ദേഹം വീണു. കണ്ടുനിന്നവർക്കൊന്നും ചെയ്യുവാൻ സാധിച്ചില്ല. ആ ട്രെയിനിലുള്ള എല്ലാ അപായചങ്ങലകളും വലിച്ചുനോക്കി. ഒന്നും പ്രവർത്തിക്കുന്നില്ല. തൃശ്ശൂർ കഴിഞ്ഞാൽ അടുത്ത സ്റ്റോപ്പ് ഷൊർണൂർ ആണ്. അവിടെ എത്തിയപ്പോൾ തൃശ്ശൂരിൽ നിന്നും ആർ പി എഫ് ആംബുലൻസുമായി അവിടെ എത്തി ആ സഹോദരിയെ അവരുടെ ലഗേജുമായി തൃശ്ശൂരിലേക്കു കൊണ്ടുപോയി. പിന്നീട് അറിയാൻ കഴിഞ്ഞത് അദ്ദേഹം ട്രാക്കിൽ വീണപ്പോൾ തന്നെ രണ്ടു കാലും മുറിഞ്ഞു പോയി. അല്ല മണിക്കൂറുകൾക്കു ശേഷം അദ്ദേഹം ഈ ലോകത്തിൽ നിന്നും മാറ്റപ്പെട്ടു.

അതേ, “യഹോവയുടെ ദൂതൻ” തന്റെ ഭക്തന്മാരുടെ ചുറ്റുംപാളയമിറങ്ങി അവരെ വിടുവിക്കുന്നു എന്ന് ഒരിക്കൽ കൂടെ എന്റെ ജീവിതത്തിലൂടെ മനസ്സിലാക്കുവാൻ കഴിഞ്ഞു. പിന്നെ ഞായറാഴ്ച വടശ്ശേരിക്കരയ്ക്കടുത്തുള്ള ഒരു ഐ. പി. സി. സഭയിൽ ശുശ്രൂഷാ മദ്ധ്യേ ഈ സാക്ഷ്യം ആദ്യമായി ഘോഷിപ്പാൻ ദൈവം കൃപതന്നു. ശുശ്രൂഷയ്ക്കു ശേഷം ചില സഹോദരങ്ങൾ ഈ സാക്ഷ്യം കേട്ടപ്പോൾ അവരുടെ രോമകൂപങ്ങൾ എഴുന്നുവെന്ന് എന്നോടു പറയുവാനിടയായി. ഞാൻ ഈ സാക്ഷ്യം പ്രസ്താവിച്ചപ്പോൾ ഹല്ലേലൂയ്യാ സ്തോത്രങ്ങളാൽ ആ സഭാഹാൾ മുഖരിതമായി. കേട്ടവർക്ക് ധൈര്യം പ്രാപിപ്പാനിടയായി അതേ നമ്മുടെ ദൈവം ജീവിക്കുന്ന ദൈവമാകുന്നു. അവന്റെ വാഗ്ദത്തങ്ങൾക്കു മാറ്റമില്ല.

അനേകരുടെ ധൈര്യത്തിനും വിശ്വാസസ്ഥിരതയ്ക്കും ദൈവനാമമഹത്വത്തിനുമായി സമക്ഷവും ഭവിക്കട്ടെ. ദൈവം എല്ലാവരേയും ധാരാളമായി അനുഗ്രഹിക്കട്ടെ.

**ലേഖനം**

# ശത്രുവിനെ തുരുത്തുക



സാം തോമസ് കുവൈറ്റ്

ഇന്ത്യയുടെ മുൻ രാഷ്ട്രപതിയായിരുന്ന ഡോക്ടർ എ. പി. ജെ. അബ്ദുൾ കലാം, ഇന്ത്യയെക്കുറിച്ച് തനിക്കു ചില ദർശനങ്ങളുണ്ടെന്നു ഒരിക്കൽ പറഞ്ഞു. സകല സാമൂഹ്യ അരക്ഷിതാവസ്ഥകളിൽ നിന്നും പൂർണ്ണ സ്വതന്ത്രയായി വികസനത്തിന്റെ പാരമ്യതയിലെത്തിച്ചേരുക എന്നതാണ് ആ ദർശനമെന്ന് മുൻകാല ചരിത്രങ്ങൾ നിരത്തിവെച്ച് ജനത്തെ അദ്ദേഹം ബോധവാന്മാരാക്കി. ഭാരതത്തിന്റെ ആരംഭം മുതൽ ലോകത്തിലുള്ള പല ശക്തികളും ഭാരതത്തെ പിടിച്ചടക്കി സമ്പത്തിന്റെ ഭൂരിഭാഗവും കൊള്ളയടിക്കുകയും ജനങ്ങളെ അടിമകളാക്കി വെയ്ക്കുകയും ചെയ്തു. ഗ്രീക്കുകാർ, തുർക്കികൾ, മുഗളന്മാർ, പോർട്ടുഗീസുകാർ, ബ്രിട്ടീഷുകാർ, ഫ്രഞ്ചുകാർ, ഡച്ചുകാർ ഇവരെല്ലാം ഇന്ത്യയെ കൊള്ളയടിച്ചു. അതിൽ നിന്നൊരു മോചനത്തിനായി വളരെ വർഷങ്ങൾ കാത്തിരിക്കേണ്ടി വന്നു. സ്വാതന്ത്ര്യത്തിനായി അനേക ജീവിതങ്ങൾ പൊലിയപ്പെടുകയും ചെയ്തു. വിദേശ ശക്തികളുടെ അധീനതയിൽ നിന്നും മോചിതമാക്കപ്പെട്ടുവെങ്കിലും ഇന്നും പല സാമൂഹ്യതിന്മകളിൽ നിന്നും ഇന്ത്യക്കു മോചനം ലഭിച്ചിട്ടില്ല എന്നതാണ് വാസ്തവം. രാജ്യത്തിന്റെ അഖണ്ഡതയ്ക്കും വികസനത്തിനുമെതിരെ പ്രവർത്തിക്കുന്ന ശക്തികളെ പരാജയപ്പെടുത്തി സുശോഭനമായ ഒരു ഭാവി ലക്ഷ്യമിടണമെന്നാണ് ഡോ. കലാമിന്റെ ഉപദേശം.

ഒരു രാജ്യത്തിന്റെ പ്രതിരോധശക്തി ദുർബലമാകുമ്പോഴാണ് ശത്രു ഉള്ളിൽ പ്രവേശിക്കുന്നത്. അതിക്രമിച്ചു കയറുന്ന ശത്രു ഒരിക്കലും രാജ്യത്തിന്റെ അഭിവൃദ്ധി ആഗ്രഹിക്കുന്നില്ല മറിച്ച് ഉള്ള നന്മകൾ കൂടി നഷ്ടമാകും.. മനുഷ്യന്റെ സ്ഥിതിയും മറിച്ചല്ല. ദൈവത്തിലാശ്രയിക്കുകയും ശുഭകരമായ ഒരു ലക്ഷ്യത്തിനായി യാത്ര ചെയ്യുകയും ചെയ്യുന്ന ഒരുവന്റെ വിരുതു തെറ്റിക്കുവാൻ എതിരിടുന്ന ശത്രുവാണ് പിശാച്. വളരെ ദൈർഘ്യമില്ലാത്ത ഈ ജീവിതയാത്രയിൽ നന്നായി ജാഗ്രത പുലർത്തിയാൽ മാത്രമേ പരുക്കുകളൊന്നുമില്ലാതെ ലക്ഷ്യപ്രാപ്തി കൈവരിക്കുവാൻ കഴിയുകയുള്ളു. ദൈവവുമായി അടുത്ത സമ്പർക്കം പുലർത്തിയിരുന്നവർ പോലും ചില സാഹചര്യങ്ങളിൽ വഴി തെറ്റിപ്പോയത് ശ്രദ്ധേയമാണ്. ശത്രുവിന്റെ ആക്രമണമുണ്ടാകുമ്പോൾ ചെറുത്തു നിൽക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ ശത്രു ആ രാജ്യത്തിന്മേൽ ആധിപത്യം സ്ഥാപിക്കുകയും രാജ്യത്തിന്റെ നന്മകൾ കൊള്ളയടിക്കുകയും ചെയ്യുന്നതുപോലെ ഒരു വ്യക്തിയുടെ ജീവിതം പൈശാചിക ബന്ധനത്തിലായാൽ അവന്റെ സകല ആത്മീകനന്മകളും നഷ്ടമാകും. പഴയനിയമ കാലത്തുണ്ടായിരുന്ന പല പിതാക്കന്മാരുടെയും ജീവിതാനുഭവങ്ങൾ ഉദാഹരണങ്ങളായി നമുക്കു കാണുവാൻ കഴിയും.

ദൈവത്തിന്റെ സ്നേഹിതൻ ആയിരുന്ന അബ്രഹാമിനുണ്ടായ ഒരു അനുഭവം ശ്രദ്ധിക്കുക. തനിക്കു ലഭിച്ച ശ്രേഷ്ടമായ ദർശനപ്രകാരം യാത്ര തിരിച്ച അബ്രഹാം വാഗ്ദത്തദേശത്തേക്കുള്ള യാത്രാമദ്ധ്യേ വഴിതെറ്റി മിസ്രയീമിലെത്തി. മിസ്രയീം ലോകജീവിതമായി വ്യാഖ്യാനിക്കപ്പെടുന്നു. അത് ഒരു വിശ്വാസിക്ക് ഒരിക്കലും യോഗ്യമല്ല. അടിമത്വത്തിന്റെയും ശത്രുപീഡനത്തിന്റെയും സ്ഥലമാണ് മിസ്രയിം. ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട പലരും അവരുടെ ജീവിതയാത്രാമദ്ധ്യേ ലൗകിക സന്തോഷത്തിനായി അവർക്കു ലഭിച്ച ദർശനം നഷ്ടപ്പെടുത്തിയിട്ടുണ്ട്. ലോകത്തിന്റെ സന്തോഷത്തിലേയ്ക്കു തിരിയുമ്പോൾ ആത്മീകവളർച്ച തടസപ്പെടും.അതുമൂലം സ്വർഗ്ഗീയ അനുഗ്രഹങ്ങൾ നഷ്ടമാകും.

മിസ്രയീമിലെത്തിയ അബ്രഹാമിന് ദൈവവുമായി ആരംഭത്തിലുണ്ടായിരുന്ന സമ്പർക്കം നഷ്ടപ്പെടുന്നു. ആരാധനയ്ക്കു വിഘ്നം നേരിട്ടു. ഭാര്യയായ സാറ സഹോദരിയെന്ന് വ്യാജം പറഞ്ഞു. സന്താനലബ്ധിക്കായി ദൈവം നൽകിയ വാഗ്ദത്തത്തെ വിസ്മരിച്ച് കുറുക്കുവഴികൾ തേടി. അങ്ങനെ ഹാഗാർ അവരുടെ ജീവിതത്തിന്റെ ഭാഗമായി. യിശ്മായേൽ തന്റെ വംശാവലിയിൽ ഉൾപ്പെട്ടു. ജഡസന്തതി വാഗ്ദത്ത സന്തതിയെ ഉപദ്രവിച്ചു. ഒടുവിൽ കുടുംബസമാധാനം വരെ നഷ്ടപ്പെട്ടു. ദർശനം നഷ്ടപ്പെട്ട് ശത്രുവിന്റെ പാതയിൽ എത്തപ്പെടുന്ന ഒരു വ്യക്തിയ്ക്ക് പല അനർത്ഥങ്ങളും നേരിടും.

ദൈവശബ്ദത്തെ സംശയം കൂടാതെ അനുസരിച്ച അബ്രഹാമിന് ഇങ്ങനെയൊരു പാളിച്ചയുണ്ടായെങ്കിൽ ആധുനിക വിശ്വാസികൾക്ക് എത്രയധികം. അവസാനം ശുഭമായിരിക്കണമെങ്കിൽ നാം വളരെ ജാഗരൂകരായിരിക്കണം. സമ്പത്തു വർദ്ധിപ്പിക്കുവാനുള്ള അമിതാവേശത്താൽ നഷ്ടപ്പെട്ടു പോകുന്ന ആത്മീക ചിന്തകളും കണ്ണിനിമ്പമാകുന്ന കാര്യങ്ങളാൽ സംഭവിക്കാവുന്ന അശുദ്ധിയും നിത്യതയെക്കുറിച്ചുള്ള ദർശനമില്ലായ്മയുമെല്ലാം നമ്മുടെ ലക്ഷ്യത്തിൽ നിന്നും നമ്മെ അകറ്റിക്കളയുവാൻ പര്യാപ്തമാണ്.

പോകേണ്ടുന്ന വഴിയെപ്പറ്റിയുള്ള അജ്ഞതയും ചിലരെ തെറ്റായ വഴിയിലേക്കു നയിക്കാറുണ്ട്. ഒരു രാജ്യത്തു പുതുതായി എത്തിച്ചേരുന്ന ഒരു വ്യക്തിക്ക് അവിടുത്തെ വഴികളെക്കുറിച്ചോ നിയമങ്ങളെക്കുറിച്ചോ വ്യക്തമായ ഗ്രാഹ്യമില്ല എങ്കിൽ ആ രാജ്യത്ത് പരിചയമുള്ള ഒരാളുടെ സഹായം തേടേണ്ടത് വളരെ അത്യാവശ്യമാണ്. അല്ലാതെ സ്വന്തഇഷ്ടപ്രകാരവും മുൻ പരിചയങ്ങൾക്കനുസരിച്ചും സഞ്ചരിച്ചാൽ പലപ്പോഴും നിയമങ്ങൾ ലംഘിക്കപ്പെടുകയും അതിനു പിഴയൊടുക്കേണ്ടതായും വരും. ദൈവീകപാതയിൽ ലക്ഷ്യത്തിലേയ്ക്കു യാത്ര ചെയ്യുന്ന ഒരുവൻ ദൈവവചനത്തിലൂടെയുള്ള ആലോചനകൾക്കനുസരിച്ചായിരിക്കണം ജീവിതം നയിക്കേണ്ടത്. പൗലോസിന്റെ വാക്കുകൾ ശ്രദ്ധിക്കുക, “ദൈവാത്മാവു നടത്തുന്നവർ ഏവരും ദൈവത്തിന്റെ മക്കൾ ആകുന്നു” (റോമർ 8: 11) ദൈവവചനം പഥ്യോപദേശമായി സ്വീകരിച്ചാൽ പല അനർത്ഥങ്ങൾക്കും തടയിടുവാൻ കഴിയും.

ലോകത്തിൽ നാം ആയിരിക്കുമ്പോൾ, നമ്മിൽ ആധിപത്യം സ്ഥാപിച്ച് നമ്മിലുള്ള നന്മകൾ കൊള്ളയടിക്കുവാൻ അനേകം ശത്രുക്കൾ നമുക്കുചുറ്റുമുണ്ടെന്നു ബോധത്തോടു കൂടി ഉദാത്തമായ ദർശനം പ്രാപിച്ച് ഉന്നതമായ ലക്ഷ്യത്തിലേയ്ക്ക് വഴി തെറ്റാതെ യാത്ര ചെയ്യുവാൻ സഹായിക്കുന്ന ദൈവീക പരിജ്ഞാനത്തിനായി നമുക്കു പ്രാർത്ഥിക്കാം. സ്വർഗ്ഗത്തിലെ സകല ആത്മീക നന്മകളും നമുക്കവകാശപ്പെട്ടതാണ്. അതു കവർന്നു കളയുവാൻ തന്ത്രങ്ങൾ മെനയുന്ന ശത്രുവിനെ തുരത്തി ഒരു ശോഭനമായ ഭാവിക്കായി നമുക്കു കാത്തിരിക്കാം.

# ഹരിയാന സ്റ്റേറ്റ് 24–ാമത് കൺവൻഷൻ

**ഹരിയാന:** ഐ. പി. സി. ഹരിയാന സ്റ്റേറ്റ് 24-ാമത് കൺവൻഷൻ ഒക്ടോബർ 3-5 വരെ കൈത്തലിൽ നടന്നു. സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ.വൈ.ഗീവർഗീസ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർ ഒ.ജെ.മാത്യു, പാസ്റ്റർ വി.വർഗീസ്, പാസ്റ്റർ കെ.എം.ജോൺസൺ, പാസ്റ്റർ വിൻസൻ ഗീവർഗീസ് എന്നിവർ പ്രസംഗിച്ചു. ഞായറാഴ്ച സംയുക്ത ആരാധനയിൽ കെ. വൈ. ഗീവർഗീസ് തിരുവത്താഴ ശുശ്രൂഷ നടത്തി. ഹരിയാന വോയ്സ് ഗാനമാലപിച്ചു.

നോർത്തേൺ റീജിയനിൽ നിന്ന് മാറി 1990-ൽ ജനറൽ കൗൺസിൽ രൂപീകരിച്ച ഹരിയാന സ്റ്റേറ്റിൽ ഇപ്പോൾ 147 ലോക്കൽ സഭകളും 120-ഓം ശുശ്രൂഷകന്മാരുമുണ്ട്. സഭകൾ ഭൂരിപക്ഷവും ഗ്രാമീണ മേഖലയിലാണ് പ്രവർത്തിക്കുന്നത്.

## അറിയിപ്പ്

**ഡാളസിലെ സഭകളെ കുറിച്ചുള്ള വിവരണം ചില സാങ്കേതികകാരണങ്ങളാൽ ഈ ലക്കം ചേർക്കുവാൻ കഴിഞ്ഞില്ല. അടുത്തലക്കത്തിൽ തുടരും.**

പത്രാധിപർ

# ഡോ.കോര സംസാരിക്കുന്നു



1. ഇന്ത്യയും പാകിസ്ഥാനും ഏറ്റുമുട്ടൽ തുടങ്ങിയല്ലോ കോരയ്ക്കു പേടിയുണ്ടോ **സുബിൻ കുമ്പനാട്**

*ഏയ്. കുമ്പനാട്ടും മുളക്കുഴയും പുനലൂരും ഒക്കെ നടക്കുന്ന യുദ്ധത്തിനു മുമ്പിൽ ഇതൊക്കെ നിസാരമല്ലേ.*

2. മംഗൾയാൻ ചൊവ്വയിലെത്തി. ഇനി മനുഷ്യരും അവിടെ എത്തുമെന്നു കേട്ടു കോര എന്തു പറയുന്നു. **സാംസൺ ചെങ്ങന്നൂർ**

*മനുഷ്യർ താമസമാക്കട്ടെ അപ്പോൾ അവിടെ സഭയും തുടങ്ങുമല്ലോ എന്നിട്ടു വേണം സഭ പിളർത്തി ഒരു പാസ്റ്ററാകാൻ.*

3. അന്യഭാഷ പറഞ്ഞതിനു ശേഷം പറയുന്ന ദൂതിനെയാണോ പ്രവചനം എന്നു പറയുന്നത് **എബി കുമ്പനാട്**

*വേദപുസ്തകത്തിൽ അതിനെ വ്യാഖ്യാനം എന്നാണ് പറയുന്നത്. പെന്തെക്കോസ്തിൽ പ്രവചനം എന്നും.*

4. കുമ്പനാട് എന്തോ അനിഷ്ട സംഭവം നടന്നെന്നു കേട്ടല്ലോ കോരെ **ഷിബു കുമ്പനാട്**

*കുമ്പനാട് സാധാരണയായി ഇഷ്ടസംഭവങ്ങൾ നടക്കാറില്ലല്ലോ.*

## അമേരിക്കൻ വിശേഷം



**രാജൻ ആര്യപ്പള്ളിൽ**
**ചെയർമാൻ**

# മംഗൾയാനും മോദിയുടെ സന്ദർശനവും

ഭാരതത്തിന്റെ അഭിമാനം ഉയർന്ന സന്ദർഭമാണ് മംഗൾയാന്റെ ചൊവ്വാ ദൗത്യ വിജയം. ഇന്ത്യയുടെ ശക്തിയെയും കഴിവിനെയും കുറച്ചുകാണുന്ന പാശ്ചാത്യ ശക്തികൾക്കു മറുപടിയായിരുന്നു അത്. ചെലവുകുറഞ്ഞ ടെക്നോളജിയുടെ വിജയം ലോകം അത്ഭുതത്തോടെയാണ് വീക്ഷിച്ചത്. പരിഹസിച്ചവരുടെ വായടിപ്പിച്ചു എന്നത് സത്യം. ഒടുവിൽ നാസയും ഇന്ത്യയുടെ ചൊവ്വാ ദൗത്യത്തിൽ പങ്കുചേരാൻ തീരുമാനിച്ചു.

മോദിയുടെ അമേരിക്കൻ സന്ദർശനം തീർച്ചയായും ഭാരതത്തിന്റെ യശസുയർത്തിയിരിക്കുന്നു. ഇതിനു മുമ്പ് മറ്റൊരു പ്രധാനമന്ത്രിക്കും ലഭിക്കാത്ത മാധ്യമശ്രദ്ധ നേടുവാൻ ശ്രീ മോദിക്കു കഴിഞ്ഞു. പഴയ ഭാരതമല്ലിത് എന്ന സന്ദേശം പാശ്ചാത്യർക്ക് കിട്ടിക്കഴിഞ്ഞു ഒരു പുത്തൻ സാമ്പത്തിക ശക്തിയായി ഇന്ത്യയെ അംഗീകരിക്കേണ്ടി വന്നിരിക്കുന്നു. അതിനിടയിൽ അമേരിക്കയെ പിന്തള്ളി ചൈന ഒന്നാം നമ്പർ ലോകസാമ്പത്തിക ശക്തിയായി വളർത്തിയെന്ന വാർത്തയും പുറത്തു വന്നിരിക്കുന്നു. ക്രയവിക്രയം നടത്തുവാനുള്ള കഴിവിന്റെ അടിസ്ഥാനത്തിലുള്ള അളവനുസരിച്ച് 140 വർഷത്തിനിടയിൽ ആദ്യമായി അമേരിക്ക 2-ാം സ്ഥാനത്തായിരിക്കുന്നു. ഏതായാലും ഒരോ ഭാരതീയനും അഭിമാനിക്കാവുന്ന ദിവസങ്ങളായിരിക്കുന്നു കഴിഞ്ഞ ദിനങ്ങൾ. പോരിനൊരുങ്ങിയ പാകിസ്ഥാനെ ഒതുക്കിയതും മറ്റൊരു വിജയമായി.

# 01 ഐ.പി.സിയിൽ മാറ്റങ്ങൾക്കു....

പൂർത്തിയാക്കുന്നവർക്ക് സഭയുടെ മറ്റ് സ്ഥാനങ്ങളിൽ തിരഞ്ഞെടുക്കപ്പെടുവാൻ കഴിയില്ല. ഇവർ സേവനം മതിയാക്കിയാൽ ചീഫ് പാസ്റ്റർ സ്ഥാനം നൽകി ആദരിക്കും. ജനറൽ സെക്രട്ടറിമാരും വൈസ് പ്രസിഡന്റുമാരും സേവനം അവസാനിപ്പിച്ചാൽ ജനറൽ മിഷനറിയാകും. ഇവർ ജനറൽ പ്രസ്ബിറ്ററിയിലും അംഗങ്ങളാകും.

ആയിരം ലോക്കൽ സഭകളിൽ മുകളിലുള്ള സ്റ്റേറ്റുകൾക്ക് രണ്ടു വൈസ് പ്രസിഡന്റുമാരെയും നാല് ജോയിന്റ് സെക്രട്ടറിമാരെയും (ശുശ്രൂഷകന്മാർ രണ്ട്, വിശ്വാസികൾ രണ്ട്) തിരഞ്ഞെടുക്കാം. സ്റ്റേറ്റിൽ എക്സിക്യൂട്ടീവായിട്ടുള്ളവർ മറ്റ് സ്റ്റേറ്റുകളിൽ സെന്റർ/ലോക്കൽ പാസ്റ്റർമാരായിരിക്കാൻ കഴിയില്ല. 25ലധികം ലോക്കൽ സഭകളുള്ള സെന്ററുകൾക്ക് അസോസിയേറ്റ് സെന്റർ പാസ്റ്ററെ നിയമിക്കാം. 50ൽ അധികം സഭകളിലുള്ള സെന്ററുകൾക്ക് കൂടുതൽ അസോസിയേറ്റ് പാസ്റ്റർമാരെ നിയമിക്കാൻ സ്റ്റേറ്റ് പ്രസ്ബിറ്ററിയോട് ആവശ്യപ്പെടാം. വനിതാ സുവിശേഷകരെ നിയമിക്കാനുള്ള അധികാരം സ്റ്റേറ്റ് പ്രസ്ബിറ്ററിക്കുണ്ടാകും.

ജനറൽ ബോഡിയിൽ പങ്കെടുക്കുന്നവർക്കും പണം നൽകി സ്വാധീനിക്കാൻ ശ്രമിക്കുന്നവരെ (തെളിയിക്കപ്പെട്ടാൽ) രണ്ടു ടേം (10 വർഷം) ജനറൽ ബോഡിയിൽ നിന്നു പുറത്താക്കും. കേന്ദ്ര ജനറൽ ബോഡിയിൽ പങ്കെടുക്കുന്നവർക്ക് സെന്ററും, സ്റ്റേറ്റ് ജനറൽ ബോഡിയിൽ പങ്കെടുക്കുന്നവർക്ക് അതത് ലോക്കൽ സഭകളും യാത്രാചെലവ് നൽകണം. തിരഞ്ഞെടുപ്പ് നടക്കുന്ന ബൂത്തിന്റെ ഒരു കിലോമീറ്റർ ചുറ്റളവിൽ പ്രചാരപ്രവർത്തനങ്ങൾ അനുവദിക്കില്ല. ട്രസ്റ്റുകളുടെയും മറ്റു പണം പിരിക്കുന്ന സ്ഥാപനങ്ങളുടെയും പ്രധാന അധികാരികൾക്ക് സഭാഭരണത്തിൽ പങ്കാളികളാകാൻ പാടില്ല.

എല്ലാ ലോക്കൽ പാസ്റ്റർമാരും തങ്ങളുടെ ദശാംശം സെന്ററിനും, സെന്റർ, ഏരിയാ പാസ്റ്റർമാർ സ്റ്റേറ്റിനും കൃത്യമായി നൽകണം. ജനറൽ, സ്റ്റേറ്റ് എക്സിക്യൂട്ടീവുകളും മാസം 500 രൂപ വീതം അതതുസമിതികളിൽ നൽകണം. വിവാഹാവസരങ്ങളിൽ മൊത്തം ചിലവിന്റെ ഒരു ശതമാനം സഭയുടെ മിഷൻ, ചാരിറ്റി, ഫണ്ടുകളിൽ നൽകണം. ജനറൽ, സ്റ്റേറ്റ്, എക്സിക്യൂട്ടീവുകൾ പ്രത്യേക ശുശ്രൂഷകർ (വിവാഹം, ഓർഡിനേഷൻ, ഭവനപ്രതിഷ്ഠ) മുതലായവ ആശീർവദിച്ചാൽ 1000 രൂപ ബന്ധപ്പെട്ട സമിതികൾക്കു നൽകണം. സെന്റർ പാസ്റ്റർമാർ 500 രൂപ ലോക്കൽ പാസ്റ്റർമാർ 100 രൂപ ഇതിനായി നൽകണം എന്നിവയാണു കരടിൽ പായുന്ന പ്രധാന ഭേദഗതികൾ.

## • കഥ

# കരാർ



**ആഷേർ കെ. മാത്യു**
**9847137751**

"സ്വർപ്പൂരമീ..... കരാറിനു..... സാക്ഷി നില്ക്കു -ന്നെൻ മനമേ....."

ഗായകസംഘം വളരെ മനോഹരമായി പാടുന്നുണ്ട്. വർഷങ്ങളായി കേൾക്കുന്നതു കൊണ്ടാവണം, ഈ പാട്ട് ഹൃദിസ്ഥമാണ്. എഴുതപ്പെട്ട ആരാധനക്രമങ്ങളെ എതിർക്കുന്നത് തെറ്റാണോ എന്ന ചിന്ത പോലും ഇടക്ക് മനസ്സിൽ വരാറുണ്ട്.

സമയം ഒരു മണി കഴിഞ്ഞു. നല്ല വിശപ്പുണ്ട്. ആശംസാപ്രശംസകരുടെ ഒരു നീണ്ട നിര ശേഷിക്കുന്നതേയുള്ളൂ. പിന്നെയും അര മണിക്കൂറെടുത്തു, ഭക്ഷണം മുന്നിലെത്താൻ. ഭക്ഷണശാലയിലേക്ക് കയറുന്നതിന് മുമ്പുള്ള ആ തിക്കും തിരക്കും ഹൊ..... ഓർക്കാൻ വയ്യ..........

തൊട്ടടുത്ത് ഇരിക്കുന്നത് അവറാച്ചൻ. സംസാരിച്ചിരിക്കാൻ ഒരാളായി.

'ഒത്തിരി നാളായല്ലോ അവറാച്ച കണ്ടിട്ട്. സുഖമാണോ?"

"അതേടാ മോനേ........ എന്തു പറയാനാ.... പ്രായമൊക്കെ ആയില്ലിയോ....... ഇങ്ങനെ പോകുന്നു"

ഭക്ഷണം കഴിക്കുന്നതിന്റെ തിരക്കിനിടയിൽ പിന്നീടൊന്നും സംസാരിച്ചില്ല. പക്ഷേ, പോകുന്നതിന് മുമ്പെ വീണ്ടും അവറാച്ചനെ കണ്ടു. വെളിയിലേക്കിറങ്ങുന്ന ഗേറ്റിന്റെ സമീപം എന്നെക്കാത്തു നില്ക്കുന്നതു പോലെ അവറാച്ചൻ അവിടെ നില്ക്കുന്നുണ്ടായിരുന്നു.

"എടാ മോനെ.... നിന്നെ കാണണമെന്നു വിചാരിച്ചു തന്നെ ഞാനിരിക്കുകയായിരുന്നു. സ്വന്തമായി ഒരു വക്കീലുള്ളപ്പോൾ ഞാൻ എന്തിനാ വേറെ ആളെ അന്വേഷിക്കുന്നെ? നിനക്ക് എന്റെ ഇളയ മോളുടെ കാര്യം അറിയാമല്ലോ. വല്യ ആഘോഷപൂർവ്വം കെട്ടിച്ചു വിട്ടതാ.... പറഞ്ഞിട്ട് കാര്യമില്ല........ അവൾക്ക് അവന്റെ കൂടെ ജീവിക്കാൻ പറ്റില്ലെങ്കിൽ പിന്നെ......... ഇനി ഇപ്പോ നിയമപരമായി നീ കാര്യങ്ങൾ ഒന്ന് ശരിയാക്കിത്തരണം".

അവറാച്ചന്റെ ഇളയ മോൾ ഭർത്താവുമായി അത്ര രസത്തിലല്ല എന്നത് നേരത്തെ അറിഞ്ഞിരുന്നു. പക്ഷേ കാര്യങ്ങൾ ഇത്ര ഗുരുതരമാണെന്ന് കരുതിയില്ല.

"എന്താ ഇത് അവറാച്ചാ........ ഇതൊക്കെ ഇത്ര പെട്ടന്ന് തീരുമാനമെടുക്കേണ്ട കാര്യങ്ങളാണോ? ഒരു സാവകാശമൊക്കെ വേണ്ടേ? ഡൈവോഴ്സ് ആകുക എന്നൊക്കെ പറഞ്ഞാൽ അത്ര ചെറിയ കാര്യമാണോ?".

"നീ എന്താടാ ഒന്നുമറിയാത്തവനെ പോലെ സംസാരിക്കുന്നത്? ഇന്നത്തെ കാലത്ത് ഇതെന്താ ഇത്ര ആലോചിക്കാൻ? എന്റെ മോളെ അങ്ങനെ കണ്ണുനീര് കുടിക്കാൻ എനിക്ക് പറ്റില്ല".

അവറാച്ചൻ കാര്യമായിത്തന്നെയാണ്. ഉപദേശിച്ചിട്ട് കാര്യമില്ല. ഒരു കാര്യം തീരുമാനിക്കുന്നതിനു മൂന്നു വട്ടം ആലോചിക്കുന്ന ആളാണ്.

"അതല്ല അവറാച്ചാ..... നമ്മൾ ദൈവമക്കൾ മറ്റുള്ളവരെപ്പോലെ ഇങ്ങനെ വളരെ പെട്ടന്ന് ....... ഡൈവോഴ്സ് എന്നൊക്കെ പറയുമ്പോ....... മറ്റുള്ളവരുടെ മുമ്പിൽ ഒരു കുറിച്ചിലല്ലേ?".

"എടാ കുഞ്ഞേ......... നിന്നെപ്പോലെ വക്കീലുപണി ഒന്നുമില്ലേലും കോടതിയിൽ നടക്കുന്ന കാര്യങ്ങളൊക്കെ എനിക്കറിയാം. കിട്ടാവുന്ന പത്രോം മാസികകളും ഒക്കെ ഞാനും വായിക്കുന്നതാ. ഇപ്പം ഏറ്റവും കൂടുതൽ കുടുംബകോടതിയിൽ എത്തുന്നത് നമ്മുടെ സഭക്കാരാന്നാ ഞാൻ അറിഞ്ഞത്".

അത് ശരിയാണ്. ആദ്യമൊക്കെ കോടതിയിൽ വിശ്വാസികളായ സഹോദരങ്ങളെ കാണുമ്പോൾ ഒരു അമ്പരപ്പുണ്ടായിരുന്നു. പിന്നെപ്പിന്നെ......... കണ്ട് ശീലമായി.....ഇവരുടെ സഭകളിലൊന്നും പാസ്റ്റർമാർ ഇങ്ങനെത്തെ വിഷയങ്ങളിൽ ഇടപെടുന്നില്ലേ എന്ന ചിന്തയുണ്ടായിരുന്നു. പക്ഷേ, പരാതിക്കാർക്കൊപ്പം പാസ്റ്റർമാരെക്കൂടെ കോടതിയിൽ കാണാൻ തുടങ്ങിയതോടെ ആ ചിന്ത അസ്ഥാനത്തായി. മനസ്സിലേക്ക് പല മുഖങ്ങൾ കടന്നു വന്നപ്പോഴേക്കും അവറാച്ചൻ സംസാരം തുടർന്നു.

"എത്രയും പെട്ടന്ന് കാര്യങ്ങൾ തീർപ്പാക്കിയാൽ..... നല്ല ഒരു ആലോചന വന്നിട്ടുണ്ട്.... അതങ്ങ് നടത്താമാരുന്നു"

സഭയും പാസ്റ്റർമാരും വിശ്വാസികളുമൊക്കെ പുനഃർവിവാഹത്തെ എതിർക്കില്ലേ എന്ന ചോദ്യം മനസ്സിലുയരുന്നതിനു മുമ്പേ അവറാച്ചാൻ അതിന്റെ ഉത്തരവും പറഞ്ഞു കഴിഞ്ഞു. നമ്മുടെ സെന്റർ പാസ്റ്റർ തന്നെയാ ആലോചന കൊണ്ടുവന്നേക്കുന്നത്........ അവര് അന്തസ്സായിട്ട് അതങ്ങ് നടത്തുകയും ചെയ്യും..........അപ്പോൾ എല്ലാം പറഞ്ഞത് പോലെ... നീ വീട്ടിലോട്ട് വാ.... നമ്മക്ക് സംസാരിക്കാം"

വിവാഹമോചനം പുതിയ കാര്യമൊന്നുമല്ലെങ്കിലും സ്വന്തം സഭയിലെ അതിന്റെ രംഗപ്രവേശനത്തിൽ മനസ്സ് അസ്വസ്ഥനുമായിരിക്കുന്നു.

വീട്ടിലേക്ക് പോകുന്ന വഴിയിൽ മനസ്സിൽ നിറയെ അവറാച്ചൻ പറഞ്ഞ വാക്കുകളായിരുന്നു. അവറാച്ചന്റെ മകളുടെ വിവാഹദിവസത്തെ ഓർമ്മകളും കൂട്ടിനായെത്തി. വേദി നിറയെ ദൈവദാസന്മാർ. മണിക്കൂർ നീണ്ട പ്രസംഗങ്ങൾ ആശംസവാക്കുകൾ...... പക്ഷേ........ ഇപ്പോൾ എല്ലാം വെള്ളത്തിൽ വരച്ചതുപോലെ.

മനസ്സൊന്നു തണുക്കാൻ വേണ്ടി മനപൂർവ്വം തന്നെ ചുണ്ടിലേക്ക് ഒരു മൂളിപ്പാട്ടിനെ ക്ഷണിച്ചു. കുറച്ച് മുമ്പു കേട്ടത് കൊണ്ടാവാം........ "സ്വർപ്പൂരമി.......കരാറിനു.........സാക്ഷി നില്ക്കുന്നെൻ.......മനമേ.......". മധുരമായ ഈ ഗാനം തന്നെ ചുണ്ടിലെത്തി.

അപ്പോഴാണ് പാട്ടിലെ ആ വരികൾ ശ്രദ്ധിച്ചത്........ കരാറിനു സാക്ഷിയോ? വിവാഹം ഒരു കരാറാണെങ്കിൽ..... അതിൽ നിബന്ധനകളുണ്ടാകുമല്ലോ........ അപ്പോൾ പിന്നെ..... എന്താണ് കുഴപ്പം? വക്കീലു ബുദ്ധിയുടെ കാരണമാകും. അടുത്ത സംശയം അപ്പോഴേക്കും മനസ്സിൽ ഉയർന്നു വന്നു. വേദപുസ്തകത്തിൽ എവിടെയാണ് വാക്യം ....... വിവാഹം കരാറാണോ? അതോ ഉടമ്പടിയോ? വേദപുസ്തകം സ്ഥിരം വായിക്കാറുണ്ടെങ്കിലും ഈ ഒരു കാര്യം ശ്രദ്ധയിൽ പെട്ടിട്ടില്ല പരസംഗം നിമിത്തമല്ലാതെ ഭാര്യയെ ഉപേക്ഷിക്കരുതെന്നും ദൈവം യോജിപ്പിച്ചതിനെ മനുഷ്യർ വേർപിരിക്കരുതെന്നും ഒക്കെ വായിച്ചിട്ടുണ്ട്.

വൈകിട്ട് ഓഫീസിൽ നിന്നും വീട്ടിൽ ചെല്ലുമ്പോൾ തന്നെ ബൈബിൾ എടുത്ത് നോക്കണം. വിവാഹം കരാറാണോ എന്നറിയട്ടെ.... അഥവാ ഇനി അങ്ങനെയൊന്നില്ലെങ്കിൽ പിന്നെ...... പാട്ടെഴുതിയ ആളുടെ തെറ്റോ? അതോ പാടുന്നവരുടെ തെറ്റോ?.

എന്തായാലും ഓഫീസിൽ കുന്നുകൂട്ടിയിരിക്കുന്ന ഫയലുകളുടെ ഓർമ്മ വന്നത് മൂലം ഞാൻ വണ്ടിയുടെ സ്പീഡ് കൂട്ടി.

# പെന്തെക്കോസ്ത് യുവാക്കളുടെ ശുചീകരണ പ്രവർത്തനം മാതൃകാപരം: അഡ്വ. മാത്യു റ്റി. തോമസ് എം. എൽ. എ.



ശുചീകരണ പ്രവർത്തനം അഡ്വ. മാത്യു.റ്റി. തോമസ് ഉദ്ഘാടനം ചെയ്യുന്നു.

**തിരുവല്ല:** പെന്തെക്കോസ്ത് യുവാക്കളുടെ ശുചീകരണ പ്രവർത്തനം മാതൃകാപരമാണെന്ന് മുൻ മന്ത്രി അഡ്വ. മാത്യു റ്റി. തോമസ് എം.എൽ.എ. പ്രസ്താവിച്ചു.

ഗാന്ധി ജയന്തി ദിനത്തോടനുബന്ധിച്ച് ചർച്ച് ഓഫ് ഗോഡ് കേരളാ റീജിയൻ കല്ലൂപ്പാറ സെന്റർ വൈ.പി.ഇ.യുടെയും സണ്ടേസ്കൂളിന്റെയും ആഭിമുഖ്യത്തിൽ തിരുവല്ല ഗവണ്മെന്റ് ഹോസ്പിറ്റലിൽ നടന്ന ശുചീകരണ പ്രവർത്തനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. സാമൂഹിക സേവനത്തിന് യുവാക്കളെ പ്രാപ്തരാക്കുക എന്നത് സഭയുടെ ദൗത്യമാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. സണ്ടേസ്കൂൾ ഡയറക്ടർ പാസ്റ്റർ കെ.ജെ. ജോസഫ് അദ്ധ്യക്ഷത വഹിച്ചു. യൂത്ത് ഡയറക്ടർ പാസ്റ്റർ സണ്ണി പി. ജോയി മുഖ്യ സന്ദേശം നൽകി. സന്നദ്ധ പ്രവർത്തകരെ ആശുപത്രി സൂപ്രണ്ട് അനുമോദിച്ചു.

പാസ്റ്റർമാരായ സി. ബേബിച്ചൻ, എം.വി. മാത്യു, കെ.കെ. പ്രസാദ്, സഹോദരന്മാരായ പി.ജി പ്രസാദ്, ഷോബി ജോസഫ്, ബൈജു മർക്കോസ് എന്നിവർ നേതൃത്വം നൽകി. വൈ.പി.ഇ. പ്രവർത്തകരും സണ്ടേസ്കൂൾ വിദ്യാർത്ഥികളും ശുചീകരണ പ്രവർത്തനത്തിൽ പങ്കെടുത്തു.

# ശുചീകരണ പ്രവർത്തനങ്ങൾ നടത്തി



*ശുചീകരണ പ്രവർത്തനം അഡ്വ. മാത്യു ടി. തോമസ് ഉദ്ഘാടനം ചെയ്യുന്നു*

ഇന്ത്യാ പൂർണ്ണ സുവിശേഷ ദൈവസഭ കേരള റീജിയൻ മല്ലപ്പള്ളി സെന്റർ യുവജന വിഭാഗത്തിന്റെ നേതൃത്വത്തിൽ ഗാന്ധിജയന്തി ദിനത്തിൽ മല്ലപ്പള്ളി ഗവ. താലൂക്ക് ഹോസ്പിറ്റലിൽ ശുചീകരണ പ്രവർത്തനങ്ങൾ അഡ്വ. മാത്യു ടി.തോമസ് (എം.എൽ.എ) ഉദ്ഘാടനം ചെയ്തു. പരിസ്ഥിതി ശുചികരണത്തോടൊപ്പം മനസ്സും ശുചീകരിക്കപ്പെടണമെന്ന് ഉദ്ഘാടന പ്രസംഗങ്ങളിൽ എം.എൽ.എ. പറഞ്ഞു. പാസ്റ്റർ പി.സി എബ്രഹാം അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ ജോമോൻ മാത്യു, ബ്രദർ ഷിനു തങ്കച്ചൻ, ബ്രദർ വി.പി ജോയി എന്നിവർ പ്രസംഗിച്ചു.

# സഭായോഗത്തിനിടയിൽ നവവരൻ മരിച്ചു



**വെണ്ണിക്കുളം:** സഭായോഗത്തിൽ പങ്കെടുത്തുകൊണ്ടിരിക്കെ നവവരൻ നിത്യതയിൽ പ്രവേശിച്ചു. വാലാങ്കര ചർച്ച് ഓഫ് ഗോഡ് സഭാംഗവും ഷാലോം പുത്തൻപുരയ്ക്കൽ പി. സി. രാജുവിന്റെ മകനുമായ റിജോയ് വർഗീസാണ് (29) മരിച്ചത്.

ആറുമാസം മുമ്പാണ് റിജോയിയുടെ വിവാഹം നടന്നത്. സൗദിയിൽ ജോലിയിലായിരുന്ന റിജോയ് ചില ആഴ്ചകൾക്കുമുമ്പാണ് നാട്ടിൽ എത്തിയത്. 5-ാം തീയതി ഞായറാഴ്ച ഭാര്യയുടെ മാതൃസഭയായ കോട്ടയം കഞ്ഞിക്കുഴി ഐ. പി. സി. ചർച്ചിൽ സഭായോഗമദ്ധ്യേ സാക്ഷ്യം പറഞ്ഞുകൊണ്ടിരുന്ന സമയത്താണ് കുഴഞ്ഞുവീണത്. ആശുപത്രിയിൽ പ്രവേശിപ്പിച്ച റിജോയ് 12-ാം തീയതി മരിച്ചു. സംസ്കാരം വാലാങ്കര ചർച്ച് ഓഫ് ഗോഡ് സെമിത്തേരിയിൽ നടത്തി. പാസ്റ്റർ പി. സി. ചെറിയാൻ, സ്റ്റേറ്റ് ഓവർസിയർ റവ. പി. ജെ. ജെയിംസ് എന്നിവർ മുഖ്യ ശുശ്രൂഷ നിർവ്വഹിച്ചു. പാസ്റ്റർമാരായ കെ. വി. ജേക്കബ്, തമ്പി ജോർജ്ജ് എന്നിവർ നേതൃത്വം നൽകി. റിജോയിക്ക് ഒരു സഹോദരിയും സഹോദരനും ഉണ്ട്. മണർകാട് ശാലോം പുത്തൻപറമ്പിൽ എസ്ഥേർ ആണ് ഭാര്യ.

# ഐ. പി. സി. ചർച്ചിനു നേരെ ആക്രമണം

**വളാഞ്ചേരി:** സഭായോഗം നടന്നുകൊണ്ടിരിക്കുമ്പോൾ ഒരു സംഘം സുവിശേഷ വിരോധികൾ ആലയത്തിൽ അതിക്രമിച്ചു കയറി വിശ്വാസികളെ കയ്യേറ്റം ചെയ്തു. മർദ്ദനത്തിൽ പാസ്റ്റർ പി.എഫ്. ഫ്രാൻസിസിന് പരിക്കേറ്റു.

5-ാം തീയതി ഞായറാഴ്ച വളാഞ്ചേരി മൂച്ചിക്കൽ ഐ.പി. സി. സഭാഹാളിലാണ് സംഭവം നടന്നത്. ഞായറാഴ്ച പതിനൊന്നരയോടെ ആലയത്തിലേക്ക് അതിക്രമിച്ചു കയറിയവർ പുരുഷന്മാരെ കയ്യേറ്റം ചെയ്യുകയും സ്ത്രീകളെ അസഭ്യം പറയുകയും ചെയ്തു. പരിക്കേറ്റവർക്ക് വളാഞ്ചേരിയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സ നൽകി. പാസ്റ്റർ ഫ്രാൻസിസിന്റെ പരാതിയിൽ കണ്ടാലറിയാവുന്ന പത്തുപേർക്കെതിരെ വളാഞ്ചേരി പോലീസ് കേസെടുത്തു.

തിരുവത്താഴ ശുശ്രൂഷയ്ക്കായി ഒരുക്കിയിരുന്ന മേശ മറിച്ചിടുകയും അലങ്കോലപ്പെടുത്തുകയും ചെയ്തു. "ഇനിയും ആരാധന നടത്തിയാൽ ആലയം ബോംബ് വച്ച് തകർക്കുമെന്നും ചുട്ടുചാമ്പലാക്കുമെന്നും എല്ലാവരെയും കൊന്നു കളയുമെന്നും ഭീഷണി മുഴക്കിയതായും പറഞ്ഞു. വിവിധ ഷോപ്പുകളിൽ ജോലിചെയ്യുന്ന വിശ്വാസികളെ അവിടെ ജോലി ചെയ്യിക്കാൻ പാടില്ലെന്നും പറഞ്ഞ് സ്ഥാപനത്തിന്റെ ഉടമകളെ ഭീഷണിപ്പെടുത്തിയിട്ടുമുണ്ട്. സ്ഥലത്ത് സംഘർഷാവസ്ഥ നിലനിൽക്കുകയാണ്.

സംഭവത്തിൽ വിവിധ ക്രിസ്തീയ സംഘടനകൾ പ്രതിഷേധിച്ചു. ഓൾ ഇന്ത്യ ക്രിസ്ത്യൻ കൗൺസിൽ സംഭവത്തെ അപലപിച്ചു. മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല, അബ്ദുൾ സമദ് സമദാനി എം.എൽ.എ., മലപ്പുറം എസ്.പി, ഉത്തര മേഖല ഡി.ഐ.ജി. എന്നിവർക്ക് പരാതി നൽകിയിട്ടുണ്ട്.

Believers Journal
P.O. Box: 31, Manjadi P.O.,
Thiruvalla - 689 105

## 03 നോവൽ....

ന്നും എന്തോ കാരണത്തിന് സമരമാണ്. താനും ആ കൂട്ടത്തിൽ ഇപ്പോൾ മുൻപന്തിയിൽ തന്നെ നിൽക്കേണ്ടവനായിരുന്നുവെന്ന് ആൽബർട്ടിന് ചിരി വന്നു.

ഞാൻ നയൻതിൽ പഠിക്കുമ്പോഴാണ് എനിക്ക് അവരെ നഷ്ടമായത്....കാമ്പസ് റോഡിലൂടെ ഒരു ബുള്ളറ്റ് ഇരമ്പി പോകുന്നു. ആൽബർട്ട് വല്ലാത്ത ഭാവത്തോടെ അവളെ നോക്കി.

നഷ്ടമായന്നോ..?

പ്രാർത്ഥിക്കാനാണെന്ന് പറഞ്ഞു വന്ന ആരോ പപ്പായെ വാൾ കൊണ്ട്....പപ്പായുടെ നിലവിളി കേട്ട് വന്ന മമ്മിയേയും അവർ....എന്നാലും പ്രാർത്ഥിച്ചു കൊണ്ടിരുന്നപ്പോൾ തന്നെ കർത്താവിന്റെ അടുത്തേക്ക് പോകാൻ അവർക്കു കഴിഞ്ഞല്ലോ....അതു കഴിഞ്ഞാ ഞാൻ കേരളത്തിലേക്ക് വരുന്നത്....

കാതറിൻ നീ പറയുന്നത്...? വർദ്ധിച്ചു വന്ന നൊമ്പരത്തോടെ അയാൾ അവളെ നോക്കി.

അതെ, ഇത്ര ലാഘവത്തോടെ പറയുന്നതിൽ നീ ആശ്ചര്യപ്പെടുന്നുണ്ടാവും...എനിക്ക് ഇരട്ടച്ചങ്കാണെന്നും മറ്റും കരുതി അല്ലേ...? എനിക്ക് അല്പം പോലും വിഷമമില്ല ആൽബീ...കാരണം അവർ എന്റെ കർത്താവിന്റെ സന്നിധിയാണടോ....

നിന്റെ പപ്പാ...?

മധ്യപ്രദേശിലേക്ക് ചെന്ന മിഷണറി ആയിരുന്നു. ഇരുൾ നിറഞ്ഞ ജീവിതവുമായി...അർത്ഥമില്ലാതെ അലയുന്ന..അടിമപ്പണി ചെയ്തു നരകിക്കുന്ന ഒരു ജനതയ്ക്കു...സ്വയബോധം സാധ്യമാക്കി കൊടുത്തതിനാ.. ..അവർ....

ആരായിരുന്നു....?

അറിയില്ല, ആൽബീ...ശരിക്കും അതിനെക്കുറിച്ച് ഒരു അന്വേഷണം പോലും പോലീസിന്റെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടില്ല. വാസ്തവത്തിൽ കാതറിന്റെ കണ്ണുകൾ നിശബ്ദം നിറഞ്ഞൊഴുകുകയാണെന്ന് ആൽബർട്ട് തിരിച്ചറിഞ്ഞു.

കാതറിന്റെ പപ്പായെക്കുറിച്ചാണ് പിന്നീടുള്ള ദിവസങ്ങളിൽ ഏറെയും ആൽബർട്ട് ചിന്തിച്ചത്. അന്നേ തോന്നിയതാണ് അദ്ദേഹം ചെയ്തതു പോലെയുള്ള ഒരു ശുശ്രൂഷാ തലം തന്നിലൂടെ നിറവേറണമെന്ന്. വെറുതെ വിശ്വാസിയായി ജീവിക്കുവാനല്ലെ ഒരോരുത്തരേയും കർത്താവ് ക്ഷണിക്കുന്നതെന്നുള്ള കാതറിന്റെ വാ ക്കുകൾ കാലങ്ങളോളം മനസ്സിൽ മുഴങ്ങി കൊണ്ടിരുന്നല്ലോ. പിന്നീട് കാമ്പസ് കാലത്തിനു ശേഷം താൻ ബൈബിൾ കോളജിലേക്ക് പോയി. കാതറിനും അവളുടെ കരുതലും സ്വപ്നങ്ങളും അന്ന് തനിക്ക് നഷ്ടമാ യി...അല്ലെങ്കിൽ തന്നെ തനിക്കവളോട് തോന്നിയിരുന്ന ഇഷ്ടം ഒരിക്കൽ പോലും താൻ പറഞ്ഞിരുന്നില്ലല്ലോ. ആ നഷ്ടത്തെക്കുറിച്ചു ആകുലപ്പെടുന്നത് അവസാനിപ്പിച്ച്....ക്രിസ്തുവിനായി നിലകൊള്ളുവാൻ നീല മുടിയിൽ എത്തിയതും ഡേവിഡിനോടൊപ്പം ഉള്ള ജീവിതവും അങ്ങനെ പോകുമ്പോഴാണ് നീലമുടിയിൽ വിനോദിനൊപ്പം കാതറിൻ വീണ്ടും വരുന്നത്.

വിനോദിന്റെ ചേതനയറ്റ ശരീരം അന്ന് കൊണ്ടു പോകുമ്പോൾ അവൾ ആൽബർട്ടിനെ എന്തിനെന്ന് ഇതുവരെ തിരിച്ചറിയുവാൻ കഴിയാത്ത ഭാവത്തിൽ തുറിച്ചു നോക്കിയിട്ട് ആംബുലൻസിൽ കയറി പോയതാണ്. അതിനു ശേഷം വിനോദിന്റെ സംസ്ക്കരസമയത്തും പിന്നീടും ഒരിക്കൽ പോലും അവൾ തന്നെ ഒന്നു നോക്കുക കൂടി ചെയ്തിരുന്നില്ല.

ഇതാ, ഇപ്പോൾ അവൾ വീണ്ടും വന്നിരിക്കുന്നു.

ഒരിക്കൽ മനസ്സു നിറഞ്ഞ് അവളെ സ്നേഹിച്ചിരുന്നു എന്ന് അവൾക്കറിയില്ലല്ലോ. പോട്ടെ...അവൾ തിരികെ പോയതു നന്നായി...ആൽബർട്ടിൽ കൃത്രിമമായ ആശ്വാസം ഉണ്ടായി. തന്റെ മിഷൻ പ്രവൃത്തനങ്ങളിൽ ഒരിക്കലും കാതറിനെ ഇഴചേർക്കുവാൻ കഴിയുകയില്ലെന്ന് അയാളിലേക്ക് ഒരു സന്ധ്യ വന്നു പതിച്ചു. അപ്പോൾ നീലമുടിയിലും സന്ധ്യ കനക്കുകയായിരുന്നു. (തുടരും)

## 12 മാധ്യമവിചാരം....

സൂചിപ്പിച്ച കവികളൊക്കെ പദ്യങ്ങളാണ് എഴുതിയത്. കേക, നതോന്നത. സാഹിത്യമഞ്ജരി തുടങ്ങിയ വൃത്തരൂപങ്ങൾക്ക് അനുസൃതമായി വാക്കുകൾ പെറുക്കിവെച്ചുള്ള പണ്ഡിതോചിതമായ സാഹിത്യക്കസർത്തായിരുന്നു ഉണ്ണായി വാര്യരും നമ്പ്യാരും മറ്റും ചെയ്തത്. ഈ മഹാരഥന്മാരുടെ കവിതകൾ ചിലത് മനഃപാഠമാക്കിയ ലേഖകന് വേദവിഹാരം പാടിയപ്പോൾ തോന്നിയത് സൈമൺ സാർ എന്ന പ്രതിഭ ഇരയിമ്മൻ തമ്പി, ഉണ്ണായി വാര്യർ, നമ്പ്യാർ, എഴുത്തച്ഛൻ, കണ്ണശ്ശ പണിക്കന്മാർ തുടങ്ങിയ മഹാപ്രതിഭകൾക്കുമുമ്പിലെ എൽ. കെ. ജി.ക്കാരനാണ്. മാത്രമോ യുസ്തൂസ് യോസഫ് എന്ന വിദ്വാൻകുട്ടിയുമായി തുലനം ചെയ്താലും സ്ഥിതി ഇതുതന്നെ. പദ്യത്തിൽ നിന്നും ആധുനിക കവിതയെ വേർതിരിച്ചുകാണേണ്ട ഘട്ടമെത്തുമ്പോൾ ഒ. എൻ. വി., ചുള്ളിക്കാട്, കടമ്മനിട്ട, എ. അയ്യപ്പൻ തുടങ്ങിയ പ്രതിഭകളെ ഓർമ്മവരുന്നു. നാളെയുടെ പെന്തെക്കോസ്ത് ചരിത്രകാരന്മാർ പി. എസ്. ചെറിയാനെയും മറ്റും ഒ. എൻ. വി.യോട് തുലനം ചെയ്യുമോ എന്ന് ഞാൻ ഭയപ്പെടുന്നു. അത്തരം ഒരു കാലം വരും മുമ്പേ ഇവിടെനിന്ന് എന്നെ എടുത്തുകൊള്ളേണമേ എന്നാണ് പ്രാർത്ഥന. സജി സീതത്തോടിനെയോ ചെറിയാനെയോ ചുള്ളിക്കാടിനോടോ എ. അയ്യപ്പനോടോ ഉപമിച്ചുകണ്ടാൽ മാധ്യമവിചാരകൻ ആ ചരിത്രകാരനുനേരെ കടമ്മനിട്ടയുടെ ഭാഷയിൽ 'കുപ്പമാടക്കുഴിയിൽ നിന്നും സർപ്പവ്യൂഹമൊരുക്കി നിങ്ങടെ നേർക്ക് പത്തിയെടുത്തുച്ചിരച്ചുവരും' എന്നത് മറക്കണ്ട. ഏഴംകുളം സാംകുട്ടിയെ തകഴിക്കും കേശവദേവിനും തുല്യനാക്കിയ നിരൂപക ശിരോമണികൾ നാളെ അല്പപ്രാണികളായ നമ്മെ വാനോളം ഉയർത്തും മുമ്പ് ജയ്മോഹൻ രക്ഷപ്പെട്ടുകൊള്ളൂ. കാർട്ടൂണിസ്റ്റ് ശങ്കറിനും, ബാൽത്താക്കറയ്ക്കും, ഒ. വി. വിജയനും തുല്യനാക്കി ജയ്മോഹനെ ആദരിക്കുന്ന കാലം വരുംമുമ്പ് ജയ്മോഹൻ താങ്കൾ കാലം ചെയ്യണം.

അല്പത്തത്തെ അധികവൽക്കരിക്കുന്നത് നമ്മുടെ ഒരു ശീലമായിക്കഴിഞ്ഞു. ഒരു വസന്തകാലം വാഗ്ദാനം ചെയ്തിട്ട് ഒരു പൂവിതൾ കൊടുത്ത് തിരിച്ചയ്ക്കുക. കരിസ്മാ വിടുതൽപോലെ, ഏതാണ്ട് നടക്കും എന്ന് വ്യാമോഹിപ്പിച്ച് കാട്ടാക്കട മേൽശാന്തിമാരെ കൂട്ടിനുവിളിക്കുക. ഒന്നും നടക്കില്ലെന്ന് സ്വന്തം നടപ്പിലൂടെ തെളിയിക്കുക. കഷ്ടിച്ച് അഞ്ഞൂറുപേർ വായിക്കുന്നില്ലാത്ത പത്രം കാട്ടി അഞ്ച് ലക്ഷം കോപ്പിയുണ്ടെന്ന് പറയുക. കൗൺസിലിൽ കയറിയിരുന്ന് നന്നായി ഉറങ്ങിയിട്ട് പുറത്തുവന്ന് എല്ലാം ഞാൻ അടിച്ചു കസറിപ്പറഞ്ഞുവെന്ന് വീമ്പിളക്കുക. അങ്ങനെയെന്തെല്ലാം കോമാളിത്തരങ്ങൾ. അതുകൊണ്ട് കവികളും സർഗ്ഗധനന്മാരായ എഴുത്തുകാരും ഇനിയും ഇവിടെനിന്ന് എഴുന്നേൽക്കണം. അത്തരം ഒരു ശുഭകാലം സ്വപ്നം കാണുന്നതിനും നമുക്കെന്ത് തടസ്സം?

**ഒരു നിമിഷം:** സൈമൺ സാറിന്റെ വേദവിഹാരം ചില അക്ഷരവൈരികൾ ചേർന്ന് പുനഃപ്രസിദ്ധീകരിച്ചിട്ടുണ്ട്. ഒരു വരിയിൽ ഒമ്പത് തെറ്റ് എന്ന നിലയിലാണ് അക്ഷരപിശാചുകൾ നൃത്തം ചെയ്യുന്നത്. സത്യമാണ് പറയുന്നത്. എല്ലാം സത്യം.

# നിത്യതയിൽ



**സാം മെക്കൻ റോയ് വിൻസന്റ് (റോയ്) (33)**

**ആലുവ:** ചാലക്കുടി ഐ.പി.സി. സഭാംഗം ബെഥേൽ ഭവൻ റിട്ട.പോസ്റ്റ് മാസ്റ്റർ വിൻസന്റ് തോമസിന്റെ മകൻ സാം മെക്കൻ റോയ് വിൻസന്റ് (റോയ്) (33) ഒക്ടോബർ 9 ന് കർതൃസന്നിധിയിൽ ചേർക്കപ്പെട്ടു. ആലുവ സെന്റർ സൺഡേ സ്കൂൾ സെക്രട്ടറിയായി പ്രവർത്തിച്ചുവരികയായിരുന്നു. കഴിഞ്ഞ സൺഡേ സ്കൂൾ താലന്ത് പരിശോധനയുടെ പൂർത്തിയാക്കിയ റിസൽട്ട് സെന്റർ സൂപ്രണ്ടിന് കൊടുത്തിനുശേഷം രാത്രിയിൽ തിരികെ വരുമ്പോൾ ഓടിച്ചിരുന്ന ബൈക്ക് നിയന്ത്രണം വിട്ട് മതിലിലിടിച്ചാണ് മരണം സംഭവിച്ചത്. സംഭവസ്ഥലത്തുവച്ചു തന്നെ താൻ പ്രിയം വച്ച കർതൃ സന്നിധിയിൽ ചേർക്കപ്പെട്ടു. ഭവനത്തിൽ നടന്ന ശുശ്രൂഷകൾക്ക് പാ: എബ്രഹാം. പി.മാത്യു നേതൃത്വം നൽകി.സെന്റർ ശുശ്രൂഷകൻ പാസ്റ്റർ സ്റ്റീഫൻ മാത്യു സംസ്കാര ശുശ്രൂഷ നിർവ്വഹിച്ചു. ഭാര്യ ജിനു ,മകൾ: ഏയ്ഞ്ചൽ, മാതാവ്: പരേതയായ ഏലിയാമ്മ വിൻസന്റ്, സഹോദരൻ: തോമസ് (രാജു) സഹോദരി: ലിന്റ (റൈന) സഹോദരീ ഭർത്താവ്: അൽജോ.



**പാസ്റ്റർ എൻ.വി ജോൺ നെന്മലയിൽ (81)**

**പിണ്ണാക്കനാട്:** ഇൻഡ്യാ പൂർണ്ണ സുവിശേഷ ദൈവസഭ കേരള റീജിയൻ മുൻ പാസ്റ്റർ എൻ.വി ജോൺ നെന്മലയിൽ (81) സെപ്റ്റംബർ 6-ാം തീയതി ശനിയാഴ്ച കർത്തൃ സന്നിധിയിൽ ചേർക്കപ്പെട്ടു. ദൈവസഭ സെമിത്തേരിയിൽ ശവസംസ്കാരം നടത്തി. ഭാര്യ: അന്നമ്മ കോത്തല പ്ലാക്കത്തകിടിയിൽ കുടുംബാംഗമാണ്. മകൻ: സാംകുട്ടി ജോൺ, മരുമകൾ: ആശ, കൊച്ചുമക്കൾ: അലൻ, എമിലിൻ



**അന്നമ്മ പത്രോസ് (65)**

**പട്ടിമറ്റം:** മുടവന്തിയിൽ ചാക്കോ പത്രോസിന്റെ ഭാര്യ അന്നമ്മ പത്രോസ് (65) നിത്യതയിൽ. വസതിയിലെ ശുശ്രൂഷകൾക്ക് ശേഷം പുത്തൻകുരിശ് ഐ. പി. സി. സെമിത്തേരിയിൽ ശവസംസ്കാരം നടത്തി. മഴുവന്നൂർ മൈലാട്ടുമോളേൽ കുടുംബാംഗമാണ്. മക്കൾ: ഷൈനി, തമ്പി മുടവന്തിയിൽ (പെന്തെക്കോസ്ത് യുവജന സംഘടന മുൻ സംസ്ഥാന വൈസ് പ്രസിഡന്റ് & ട്രഷറർ, സഭ മുൻ കൗൺസിൽ അംഗം, അക്ഷയ കേന്ദ്രം സംരംഭകൻ, കോ-ഓപ്പറേറ്റ് കോളജ് പ്രിൻസിപ്പാൾ), ജോസ് പത്രോസ് (യു.എസ്.എ- മയാമി). മരുമക്കൾ: എൻ. വി. ബേബി, മെക്സി കെ. ജോർജ്ജ്, ബിന്ദു.



**സാറാമ്മ കുര്യൻ (കുഞ്ഞമ്മ-86)**

**നിരണം വെസ്റ്റ്:** പുള്ളിപ്പടവിൽ പുത്തൻപുരയ്ക്കൽ പരേതനായ പി.ഒ കുര്യന്റെ ഭാര്യ സാറാമ്മ കുര്യൻ (കുഞ്ഞമ്മ-86) ഒക്ടോബർ 15ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരം ശനിയാഴ്ച രാവിലെ 9 മണിക്ക് ഭവനത്തിലെ ശുശ്രൂഷയ്ക്ക് പാസ്റ്റർ പി. കെ. മാത്യു നേതൃത്വം നൽകി. പാസ്റ്റർ പി. വി. ഐസക് ഐ.പി.സി ടാബർനാക്കിൾ സെമിത്തേരിയിൽ സംസ്കാര ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. പാസ്റ്റർമാരായ പി. സി. ചെറിയാൻ, എൻ. സ്റ്റീഫൻ, ജോസഫ് ജോൺ, ഗോഡ്ലി സി. ഉതുപ്പ് എന്നിവർ ശുശ്രൂഷിച്ചു. കരിപ്പുഴ പാലയ്ക്കത്താഴ പുത്തൻവീട്ടിൽ കുടുംബാംഗമാണ്.

# കൊച്ചുവർത്തമാനം



**പാസ്റ്റർ ബിജു ജോയി തുവയൂർ**
ഗൾഫ് എഡിറ്റർ



## പാസ്റ്ററും...ബ്രദറും...

സാബു പാസ്റ്റർ ഒരു നല്ല പ്രസംഗകനും കഴിവുറ്റ സംഘാടകനും ഏതു നിലയിലും ഉത്സാഹമുള്ളവനും ഒക്കെയാണ്. പിതാവിന്റെ പാതയെ പിൻപറ്റി കർത്തൃവേലയ്ക്കായി ഇറങ്ങി പുറപ്പെട്ട ചെറുപ്പക്കാരൻ 30 വയസ്സ് കടന്നിട്ടില്ല എങ്കിലും ആരും സമ്മതിച്ചുപോകും "മിടുമിടുക്കൻ" സഭാ കേന്ദ്രവുമായുള്ള പരമ്പരാഗത അടുപ്പവും തന്റെ പിതാവിന്റെ സാക്ഷ്യവും സഭകളിൽ "നല്ലത്" ലഭിയ്ക്കുന്നതിനും, സംഘടനാതലത്തിൽ "അവസരങ്ങൾ" ഉണ്ടാകുന്നതിനും വളരെ സഹായകമായി തീർന്നിച്ചുള്ളത് എടുത്തു പറയേണ്ട കാര്യം തന്നെ.

ഗൗരവം വിടാതെയുള്ള നടത്തവും, വസ്ത്രധാരണരീതിയും ഒരു ഉദ്യോഗസ്ഥ പരിവേഷം തനിക്ക് ഉണ്ടാക്കികൊടുത്തിട്ടുള്ളതും എടുത്തു പറയേണ്ട കാര്യം തന്നെ. ഇനി കാര്യത്തിലേക്ക് കടക്കട്ടെ. ഏതു സ്ഥലം സഭയിലും കൂട്ടായ്മകളിലും ആരേയും "ബ്രദർ, സിസ്റ്ററേ" എന്നല്ലാതെ വേറെ ഒന്നും വിളിച്ചൊരുശീലം സാബുച്ചനില്ല. തന്റെ മാതാപിതാക്കളേക്കാൾ പ്രായമുള്ളവരാണെങ്കിലും 'വിളി'ക്ക് ഒരു മാറ്റവുമില്ല. ഏതു കൂടിവരവുകളിലും ആരെങ്കിലും ഒന്നും ചലിച്ചാൽ "എന്താ ബ്രദറെ" എന്ന ചോദ്യം തന്നെ പതിവുശൈലി. എന്നാൽ തന്നെ 'പാസ്റ്റർ' എന്നല്ലാതെ 'ബ്രദറേ' എന്ന് ആരെങ്കിലും ഒന്നു വിളിച്ചുപ്പോയാൽ പിന്നെ ഉണ്ടാകുന്ന പുകിലൊന്നും പറയാനും പറ്റില്ല.

എന്തിനു പറയുന്നു കഴിവും പ്രാപ്തിയും ഉണ്ടെങ്കിലും താനായിരുന്നയിടങ്ങളിലെല്ലാം ഒരു വർഷം കഴിയും മുമ്പേ "ശുശ്രൂഷ തീർത്തുകൂടാരം മാറ്റി മാറ്റി" പേകേണ്ടതാണ് എന്ന കാര്യം ഒരു നിയോഗം പോലെ അരങ്ങേറുന്നു. നാം എത്ര പ്രാപ്തർ ആയിരുന്നാലും നമ്മുടെ സംസ്കാരവും, ആത്മീകതയും പ്രായമുള്ളവരെ ആദരിക്കുന്ന രീതിയുള്ളതാണ്. ദൈവവചനവും പ്രായമുള്ള വരെ മാതൃ-പിതൃ തുല്യരായി പരിഗണിപ്പാനും, സംബോധന ചെയ്യുവാനും നമ്മെ പ്രേരിപ്പിക്കുന്നു. "ബഹുമാനം കൊടുത്തു ബഹുമാനം വാങ്ങാൻ" കർത്താവും ആവശ്യപ്പെടുന്നു. 'തന്നെ എല്ലാവരും ആദരിച്ചുകൊള്ളണം താൻ ആരേയും ആദരിക്കില്ല" എന്ന നിലപാടു ശരിയല്ല. പണമോ, പദവിയോ, പ്രാപ്തിയോ, സ്വാധീനമോ, അവസരങ്ങളോ ദൈവകൃപയാൽ ലഭ്യമായിക്കഴിഞ്ഞാൽ മറ്റുള്ളവരുടെമേൽ "യജമാനൻ" ആകുന്നവരോർക്കുക നിങ്ങൾ നാശത്തിന്റെ വക്കിലാണ്. ദൈവകൃപയുടെ ലക്ഷണം "മറ്റുള്ളവരെ നമ്മേക്കാൾ ശ്രേഷ്ഠനായി കാണാനുള്ള കൃപ" ആണ് ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

# നവതി ചാരിറ്റി പദ്ധതിയ്ക്കു തുടക്കം കുറിച്ചു



**കുമ്പനാട്:** ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ നവതി പദ്ധതികളോടനുബന്ധിച്ചുള്ള ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ആദ്യഘട്ടം ഉദ്ഘാടനം സഭ ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ നിർവ്വഹിച്ചു.

ഐ.പി.സി. ജനറൽ സെക്രട്ടറി പാസ്റ്റർ ഡോ. കെ. സി. ജോൺ അദ്ധ്യക്ഷത വഹിച്ചു. ഐ.പി.സി. ജനറൽ വൈസ് പ്രസിഡന്റ് പാസ്റ്റർ പാസ്റ്റർ ബേബി വർഗീസ്, ജോയിന്റ് സെക്രട്ടറി പാസ്റ്റർ സാം ജോർജ്ജ്, നവതി കമ്മറ്റി സെക്രട്ടറി സുധി എബ്രഹാം, ട്രഷറർ പി. വി. കുട്ടപ്പൻ, സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ.സി തോമസ്, വൈസ് പ്രസിഡന്റ് പാസ്റ്റർ രാജു പൂവക്കാല, ജോയിന്റ് സെക്രട്ടറി പാസ്റ്റർ ഷിബു നെടുവേലി, പാസ്റ്റർ കെ. കെ. ജോർജ്ജ്, പാസ്റ്റർ ജോർജ്ജ് വെട്ടിയാർ, ജോയി താനുവേലിൽ, എം.വി. ഫിലിപ്പ്, സുവി. സിനോജ് ജോർജ്ജ്, സുവി. അജു അലക്സ്, ഷിബിൻ ജി. ശാമുവേൽ എന്നിവർ പ്രംഗിച്ചു.

ഇടുക്കി, കോട്ടയം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ ഇരുനൂറിലധികം പേർക്ക് 20 ലക്ഷം രൂപയുടെ സഹായമാണ് നൽകിയത്. നവതി സമാപനം ജനുവരിയിൽ കുമ്പനാട് നടക്കും.

# 8-ാമത് ജനറൽ കൺവൻഷൻ

**ചാരുംമൂട്:** യു. പി. എഫ്. ചാരുംമൂട് ഒരുക്കുന്ന 7-ാമത് ജനറൽ കൺവൻഷൻ നവംബർ 6-9 വരെ ചാരുംമൂട് യു. പി. എഫ് നഗറിൽ നടക്കും. എല്ലാ ദിവസവും വൈകിട്ട് 6 മുതൽ 9 വരെ നടക്കുന്ന യോഗങ്ങളിൽ റവ. കെ. ജെ.മാത്യു, പാസ്റ്റർ കെ. കെ. ചെറിയാൻ, പാസ്റ്റർ രാജു മേത്ര, പാസ്റ്റർ അജി ആന്റണി എന്നിവർ വചന ശുശ്രൂഷ നിർവ്വഹിക്കും. കൊല്ലം ഗോസ്പൽ സിംഗേഴ്സ് ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും. പാസ്റ്റർ പി. വി. ജോർജ്ജുകുട്ടി, പാസ്റ്റർ സി. ആർ. മൈക്കിൾ, പാസ്റ്റർ മാത്യു ലാസർ, പാസ്റ്റർ സതീശൻ, പാസ്റ്റർ പി. വി. പോൾ, പാസ്റ്റർ ബെന്നി വെട്ടിയാർ, ഇവാ. ഇ. ജോർജ്ജ് തുടങ്ങിയവർ നേതൃത്വം വഹിക്കും.

# വനിതാ കൺവൻഷൻ

**വെണ്ണിക്കുളം:** യൂണിയൻ ക്രിസ്ത്യൻ വിമൻസ് ഫെലോഷിപ്പ് വാളക്കുഴി യൂണിറ്റിന്റെ ചുമതലയിൽ 2014 നവംബർ 12 മുതൽ 15 വരെ വൈകുന്നേരം 6മണി മുതൽ 9 മണി വരെ സുവിശേഷ മഹായോഗം നടത്തപ്പെടുന്നു. ന്യൂ ഇൻഡ്യാ ബൈബിൾ ചർച്ച് പ്രസിഡന്റ് റവ. തോമസ് ഫിലിപ്പ് കൺവൻഷൻ ഉദ്ഘാടനം ചെയ്യും. പാസ്റ്റർ എബി എബ്രഹാം, പാസ്റ്റർ ജോയി പാറയ്ക്കൽ, സഹോദരിമാരായ മേഴ്സി തോമസ്, ശ്രീലേഖ എന്നിവർ പ്രസംഗിക്കും. നവംബർ 13,14,15 തീയതികളിൽ പകൽ ഉപവാസ പ്രാർത്ഥനയും നടത്തപ്പെടുന്നു. സിസ്റ്റർ അന്നമ്മ പത്രോസ് കോ - ഓർഡിനേറ്ററായി പ്രവർത്തിക്കുന്നു.

# ബീഹാർ കൺവൻഷൻ 2014

**ബീഹാർ:** ബീഹാർ മിഷൻ ഒരുക്കുന്ന കൺവൻഷനും മിഷൻ കോൺഫ്രൻസും നവംബർ 25 മുതൽ 28 വരെ മാൻപൂർ, ഗയയിൽവച്ച് നടക്കും. സുപ്രസിദ്ധ പ്രഭാഷകൻ ഡോ. ജോ കുര്യൻ (യു.കെ.) മുഖ്യ പ്രഭാഷണം നടത്തും. പാസ്റ്റർമാരായ അലക്സ് ജേക്കബ്, ഷെർവിൻ ജേക്കബ് എന്നിവർ നേതൃത്വം നൽകും.



ഡോ. ജോ കുര്യൻ

# •വൈവാഹികം•

കേരളത്തിലെ പ്രശസ്തമായ റിസോർട്ടിൽ അസിസ്റ്റന്റ് മാനേജരായി ജോലി ചെയ്യുകയും, സുവിശേഷവേലയിൽ തല്പരനുമായ സിറിയൻ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവാവ് (M.A., 30 വയസസ്സ്, 6' ഉയരം) പാലക്കാട് ജില്ല, വെളുത്തനിറം. ജോലിയോടുകൂടെ സുവിശേഷീകരണത്തിന് സമർപ്പണമുള്ള യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

**ഫോൺ- 9745326766, 9847819104**

Email: schackosabu@gmail.com

സിറിയൻ പെന്തെക്കോസ്ത് യുവതി (25 വയസ്സ്, 156 cm ഉയരം, B.Sc. Nurse), ബാംഗ്ലൂരിലെ പ്രശസ്തമായ ഹോസ്പിറ്റലിൽ ജോലി ചെയ്യുന്നു. ലിപ്നോഡ് ക്യാൻസർ വന്ന് പൂർണ്ണ സൗഖ്യം പ്രാപിച്ചതാണ്. ജോലിയോടുകൂടെ സുവിശേഷീകരണത്തിന് താല്പര്യമുള്ള യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

**ഫോൺ- 9562923579, 8593819197**

Email: salemp46.comgmail.com

Website: www.beljourn.com www.beljourn.in

ലേഖനം

# പ്രാർത്ഥനാലയത്തിലെ തസ്ക്കരാധിപത്യം



ഷൈജു ഡാനിയേൽ അടൂർ
shyjudani@gmail.com

ദൈവാലയത്തിൽ പ്രവേശിച്ച യേശുക്രിസ്തു ഒരു വിപ്ലവകാരിയായി മാറുകയാണ്. ക്രിസ്തുവിനവിടെ കാണേണ്ടി വന്ന കാഴ്ച തന്നെ പ്രകോപിതനാക്കി. ക്ഷമയുടെയും സഹനത്തിന്റെയും ആചാര്യൻ പെട്ടെന്നുടനേ പ്രതികരിച്ചത് സൗമ്യഭാവത്തിലായിരുന്നില്ല. കയ്യിൽ കിട്ടിയ കയറുകൊണ്ടൊരു ചമ്മട്ടി വേഗത്തിലുണ്ടാക്കി ആട്, കാള, പ്രാവ് എന്നിവയുടെ വിൽപ്പന-ആവശ്യക്കാർ ഉൾപ്പടെ സകലരെയും പുറത്താക്കി. നാണ്യം തൂകി കളഞ്ഞ് പൊൻവാണിഭക്കാരുടെ മേശ, പ്രാക്കച്ചവടക്കാരുടെ പീഠം എന്നിവ മറിച്ചിട്ടു കൊണ്ട് അവർക്കെതിരെ തിരിഞ്ഞ് – 'ഇതിവിടെ നിന്നും കൊണ്ടുപോകുവീൻ' എന്ന ക്രിസ്തുവിന്റെ കൽപ്പനയുടെ മുൻപിൽ ആലയ ഭിത്തികൾ നടുങ്ങി!! പ്രാർത്ഥനാലയത്തെ കള്ളന്മാരുടെ ഗുഹയാക്കി മാറ്റിയ തസ്കരവൃത്തിക്കെതിരെ ആയിരുന്നു ദൈവാലയത്തിലെ യേശുവിന്റെ ഈ പ്രകോപന പ്രതികരണങ്ങൾ. പുരോഹിതന്റെ ഒത്താശയോടെ പിതാവിന്റെ ആലയത്തെ ചന്ത സ്ഥലമാക്കിയ പ്രമാണി വർഗ്ഗത്തിനെതിരെയുള്ള ക്രിസ്തുവിന്റെ സമര ഭാവം കച്ചവടക്കാരെ കുറച്ചൊന്നുമല്ല ചൊടിപ്പിച്ചത്.

ദൈവതേജസ്സിന്റെ മഹത്വം ഇറങ്ങിവന്ന് ആരംഭിച്ച ഈ പ്രാർത്ഥനാലയത്തിൽ നടക്കേണ്ടത് എന്തായിരിക്കേണം എന്ന് യേശു മനസിലാക്കിയിരുന്നു. സാധാരണക്കാരായ മനുഷ്യരും സർവ്വശക്തനായ ദൈവവും സമ്മേളിക്കണ്ട ദൈവാലയത്തിൽ ഇപ്പോൾ നടക്കുന്ന വ്യവസായ "സമ്മേളനങ്ങൾ" യേശുവിനെ അസ്വസ്ഥനാക്കി. യേശുക്രിസ്തുവിന്റെ "കള്ളന്മാരുടെ ഗുഹ" എന്ന പ്രയോഗത്തിൽ തന്നെയുണ്ട് വിശദീകരിക്കാനാകാത്ത ആലയമറവിലെ അഴിമതിയുടെ ഭീകരതകൾ! ഏതൊരതിക്രമക്കാരനും പിടിക്കപ്പെടാതെ കാലങ്ങളോളം ഒളിച്ചിരിക്കാൻ പാകത്തിൽ ക്രമീകരിക്കപ്പെട്ട ഗുഹകളായി സാധാരണക്കാരന്റെ പ്രശ്നം പരിഹരിക്കപ്പെടേണ്ട ദൈവാലയങ്ങൾ അത്ര പെട്ടെന്നൊന്നും പിടിക്കപ്പെടുകയില്ലെന്നു ഇവർ മനസ്സിലാക്കിയിരിക്കുന്നു. അതിനാൽ തന്നെ ഇത്തരം ഭക്തിവ്യവസായികളുടെ "സങ്കേതനഗരങ്ങളായി" ആലയങ്ങൾ അധഃപ്പതിക്കുന്നു. ഭക്തി വ്യവസായത്തോളം ലാഭസാധ്യതയുള്ള ഒരു കച്ചവടം ഇന്ന് നിലവിൽ ഇല്ല. കാള, ആട്, പ്രാവ് ഇവയെല്ലാം തന്നെ ആലയത്തിൽ നടക്കുന്ന യാഗത്തിന് ഒഴിച്ചു കൂടാൻ പറ്റാത്ത വസ്തുതകൾ ആണ്. അതുകൊണ്ട് തന്നെ ലാഭമോഹികളായ തസ്കര വൃന്ദം ആലയ മറവിൽ വിറ്റഴിക്കുന്ന ഉത്പ്പന്നങ്ങൾ ഏറെയും കൃപാവര ശുശ്രൂഷകൾ എന്ന പേരിലാണ്. ഭൂത-രോഗ-ശാപശാന്തികൾ, അപ്പം, മത്സ്യം, വീഞ്ഞ് തുടങ്ങിയവയെ പലമടങ്ങാക്കുന്ന വർദ്ധനവിന്റെ സുവിശേഷം, തുള്ളൽ, നൃത്തം, നടനം, ചിരി, തമ്പുരാക്കന്മാരുടെ ഫലിതാവതരണങ്ങൾ തുടങ്ങിയ കലാപരിപാടികൾ ഇത്യാദി എല്ലാം ഇവരുടെ വിപണനമേഖലകൾ ആണ്. ഇതെല്ലാം അന്ത്യകാല ഉണർവ്വിന്റെ ഭാഗമാണെന്നു പാവപ്പെട്ട ജനത്തെ തെറ്റിദ്ധരിപ്പിച്ചു ആലയത്തിൽ കച്ചവടം കൊഴുപ്പിക്കുകയാണ് ഈ വ്യവസായ സംഘങ്ങൾ. ഇതിനെ കുറിച്ചുള്ള വചനാഭിപ്രായം തിരിച്ചറിയാത്ത വിശ്വാസി സമൂഹം എല്ലാം തുള്ളൽ പ്രസ്ഥാനങ്ങൾക്ക് മുൻപിലും കഥയറിയാതെ ആട്ടം കാണുകയാണ്.

പ്രാർത്ഥനാലയത്തിൽ ആധിപത്യം സ്ഥാപിച്ചിരിക്കുന്ന കള്ളന്മാർ ഇവിടെ നിന്നും കവർച്ച നടത്തുന്നത് ഒരിക്കൽ ഈ ആലയത്തിൽ ഉണ്ടായിരുന്ന പ്രാർത്ഥനയും ആരാധനയും ദൈവവചനത്തിന്റെ ശുശ്രൂഷകളുമാണ്. ആത്മാവിന്റെ ശുശ്രൂഷ നടന്നിരുന്ന ആലയങ്ങൾക്കുള്ളിൽ ഇന്ന് അനവധി അനധികൃത വിപണനങ്ങൾ ആണ് നടക്കുന്നത്. ദൈവവചനം വിശ്വാസി ഹൃദയങ്ങളെ സ്വാധീനിച്ചിരുന്ന ഇടങ്ങളിൽ അതിനെതിരായി വചന വിരുദ്ധ വീര്യപ്രവർത്തികൾ ഇടം നേടി. യേശുക്രിസ്തു ഇവിടെ കള്ളന്മാർ എന്ന് വിവക്ഷിച്ചിരിക്കുന്നത് ആലയത്തിനുള്ളിലെ ഈ വ്യവസായ കൂട്ടരെയാണ്. ഇവരാണ് യാഗത്തെ നിയന്ത്രിക്കുന്നത്. ഇവരുടെ ചരക്കുകൾ തന്നെയാണ് യാഗ വസ്തുക്കൾ എന്നതും വിചിത്രമാണ്. അക്കാരണം കൊണ്ട് തന്നെ ഇവരാരും ആലയത്തിനന്യരല്ല. ആത്മീകതയോട് ചേർന്ന് നിൽക്കുന്നവർ എന്ന് പൊതുജനത്തിനു തോന്നുന്നവർ തന്നെയാണ് ആലയത്തെ ഗുഹയാക്കിമാറ്റുന്നത്. നീണ്ട കാലത്തെ ആലയ വാസത്തിലൂടെ അടവുനയങ്ങൾ ഒട്ടുമിക്കതും പഠിച്ചു കഴിഞ്ഞു. പിന്നീടവർ ആത്മീകതയുടെ കച്ചവടക്കാരും മുതലാളികളുമായി ഒടുവിൽ പിടിക്കപ്പെടാതെ ഒളിച്ചിരിക്കാൻ പ്രാർത്ഥനാലയത്തെ ഗുഹകളാക്കി മാറ്റുന്നു. ഇന്നത്തെ ആലയത്തിനുള്ളിൽ കാളയും ആടും പ്രാവുമൊന്നും അക്ഷരികമായി ഇത്തരക്കാരുടെ മൊത്ത കച്ചവടക്കാരായ പാശ്ചാത്യ മേനവന്മാർ ചവച്ചു തുപ്പിയ പലതും ഇവരുടെ പക്കൽ കാണാം. ചർദ്ദി, കുര, ചിരി, കരച്ചിൽ, തുള്ളൽ, നൃത്തം( എല്ലാത്തിന്റെയും മുൻപിൽ വിശുദ്ധ എന്ന് കൂടി ചേർക്കേണ്ടതാണ്) ആത്മാവിനെ ആവഹിച്ചിരുത്തിയ VCDകൾ, "തീ" പിടിച്ച രൂമാലുകൾ തൊട്ടാൽ, തൊടുന്നവനെ താഴെ വീഴ്ത്തുന്ന CDകൾ, അന്യായ ബന്ധനങ്ങളെ മുറിക്കുന്ന കത്തികൾ, ഭൂത പ്രേതങ്ങളെ കരിക്കാനുള്ള അഗ്നികുണ്ടങ്ങൾ, സാത്താന്യ ബാധകളെ ഇറക്കി ഇരുത്താനുള്ള കുപ്പികൾ, അജഗണങ്ങളുടെ നെറ്റിമേൽ പൂശാനുള്ള എണ്ണകൾ, വിശുദ്ധ വെള്ളം നിറച്ച ചെറു കുപ്പികൾ ഇവയൊക്കെ ഇവരുടെ കച്ചവട ചരക്കുകളിൽ ചിലത് മാത്രം!! മൂല്യങ്ങളും ലക്ഷ്യങ്ങളും സന്ദേശങ്ങളും അടങ്ങുന്ന അസ്തിത്വ സവിശേഷതകൾ നഷ്ടപെട്ട ഈ ആത്മീക കോമരങ്ങളുടെ തസ്ക്കരമേധാവിത്വത്തിനിടയിൽ ഞെരിഞ്ഞമരുന്ന ഒരു പറ്റം ദൈവദാസന്മാരും ദൈവമക്കളും ഉണ്ട് എന്നത് വേദനയുളവാക്കുന്നതാണ്. പ്രാർത്ഥനാലയങ്ങളിലൂടെ സംഭവിക്കേണ്ട വചനാധിഷ്ഠിതമായ ആത്മീക ശുശ്രൂഷകൾക്ക് വിലകൊടുക്കാതെ നവ ഉണർവ്വിന്റെ പേരിൽ സൃഷ്ടിക്കപ്പെടുന്ന ഉപദേശ വിരുദ്ധ പ്രവർത്തനങ്ങൾക്ക് നേരെ ദൈവം എക്കാലവും കണ്ണടച്ചിരിക്കില്ല എന്നത് അനിഷേധ്യ സത്യമാണ്. ആലയത്തിന്റെ മടങ്ങി വരവിന്റെ സന്ദേശങ്ങൾ എവിടെ?, ന്യായവിധിയുടെ ദൂതുകൾ എവിടെ? പക്ഷേ ദൈവം പ്രതികരിക്കും. ദൈവത്തെയും അവിടുത്തെ വചനത്തെയും അവഗണിച്ചു കൊണ്ടുള്ള എല്ലാ ആലയമറവിലെ തട്ടിപ്പുകളും ദൈവം നിരീക്ഷിക്കുന്നുണ്ട്. ഇതിനെതിരെ മഹാ ദൈവം സ്വർഗ്ഗത്തിൽ നിന്നിറങ്ങും! ഒരു ശുദ്ധീകരണം അവിടുന്ന് തന്റെ ആലയത്തിൽ നടത്താതിരിക്കില്ല.

ചിന്താധാര

# കീടത്തെ തുരത്തി വിഷം തിന്നുന്നവർ



പാസ്റ്റർ കെ. ജെ. മാത്യു

മനുഷ്യ ശരീരം ഭൂമിയിലെ പൊടികൊണ്ടാണ് ദൈവം സൃഷ്ടിച്ചത്. ഭൂമിയിലുള്ള ധാതുക്കളുടെ അംശം എല്ലാം ശരീരത്തിൽ ഉണ്ട്. ഈ ശരീരത്തിന്റെ വളർച്ചയ്ക്ക് ഭൂമിയിലുള്ള വസ്തുക്കൾ ശരീരത്തിലേക്ക് ചേരണം. അതിനായി ഭൂമിയിൽ നിന്ന് ലഭിക്കുന്ന ആഹാര വസ്തുക്കൾ നാം ഭക്ഷിക്കുന്നു. ശരീരത്തിനുവേണ്ടി നാം ഭക്ഷിക്കുന്ന ആഹാര പദാർത്ഥങ്ങളെ വിവിധ രാസപ്രവർത്തനങ്ങളിലൂടെ ദഹിപ്പിച്ച് അതിലുള്ള പോഷകങ്ങളെ ശരീരമാകുന്ന വലിയ യന്ത്രം കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് ആവശ്യമായ ഇന്ധനമാക്കി മാറ്റുകയും ചെയ്യുന്നു. ഇതിനാലാണ് മനുഷ്യശരീരം നിലനിൽക്കുന്നത്. ആഹാരം കഴിക്കുമ്പോൾ ശരീരത്തിനു ലഭിക്കേണ്ട ഊർജ്ജം ലഭിച്ച് ഓരോ ഭാഗങ്ങളും പ്രവർത്തിക്കുന്നു; വളർച്ച പ്രാപിക്കുന്നു. ആഹാരം കഴിക്കുന്നില്ലെങ്കിൽ ശരീരം അശക്തമായിത്തീരുന്നു. വളർച്ച കുറയുന്നു.

എന്നാൽ ഇന്ന് നാം ജീവിക്കുന്ന ചുറ്റുപാടുകളിലേക്ക് കണ്ണോടിച്ചാൽ എത്ര വിഷലിപ്തമായ സാഹചര്യമാണ് നമുക്ക് ചുറ്റും ഉള്ളതെന്ന് മനസ്സിലാക്കുവാൻ സാധിക്കും. നാം ജീവിക്കുന്ന ചുറ്റുപാടുകളിലെ വിഷപദാർത്ഥങ്ങളുടെ തോത് അനിയന്ത്രിതമായ തോതിൽ കൂടിക്കൊണ്ടിരിക്കുന്നു. വെള്ളത്തിൽ കീടനാശിനികൾ, മറ്റു മാലിന്യങ്ങൾ, ചുറ്റുപാടും പ്ലാസ്റ്റിക് മാലിന്യങ്ങളുടെ പ്രളയം, വായുവിലും വിഷം. പച്ചക്കറികളും പഴങ്ങളും കീടനാശിനികളിൽ കുളിച്ചു നിൽക്കുന്നു. ബേക്കറി വിഭവങ്ങളിൽ കൃത്രിമ മധുരവും നിറങ്ങളും, കേടുകൂടാതെ ദിവസങ്ങൾ സൂക്ഷിക്കാൻ സഹായകമായ രാസപദാർത്ഥങ്ങളും. ഇതെല്ലാം അവസാനം നമ്മുടെ ശരീരത്തിലെത്തുന്നു.

കീടനാശിനി കലരാത്ത പഴങ്ങളും പച്ചക്കറികളും ധാന്യങ്ങളും വെള്ളവും വായുവും മണ്ണുമൊക്കെ അത്യപൂർവ്വ വസ്തുക്കളായിമാറിക്കൊണ്ടിരിക്കുന്നു. പഞ്ചാബിൽ നിന്നും കേരളത്തിലേക്കു എത്തുന്ന ഗോതമ്പിൽ ഫോറേറ്റ് എന്ന കീടനാശിനിയുടെയും ഊട്ടിയിൽ നിന്നുവരുന്ന കോളീഫ്ളവറിൽ ക്ളോറോ പൈറിപോസ് എന്ന കീടനാശിനിയുടെയും ഏലത്തിൽ ക്വിനാൽഫോസ് എന്ന കീടനാശിനിയുടെയും അംശം അപകടകരമായ തോതിൽ ഉണ്ടെന്നു കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ റിപ്പോർട്ട് പുറത്തുവന്നത് ഈയിടെയാണ്. നാസിക് മുന്തിരി, സോണിപാത്തിൽ നിന്നുള്ള ആപ്പിൾ, ചൈനീസ് സബർജില്ലി, അമേരിക്കൻ ഓറഞ്ച് എന്നിവയിലും മാരക കീടനാശിനികളുടെ അംശമുണ്ടെന്ന് റിപ്പോർട്ടിൽ പറയുന്നു. കശുമാവിൻ തോട്ടങ്ങളിലും പച്ചക്കറിത്തോട്ടങ്ങളിലും തേയിലത്തോട്ടങ്ങളിലും ഏലക്കാടുകളിലും റബർതോട്ടങ്ങളിലുമൊക്കെ വിവേചനരഹിതമായി കീടനാശിനികൾ വാരിവിതറുന്നു.

കീടനാശിനികൾ ഉപദ്രവകാരികളായ കീടങ്ങളെ മാത്രം കൊല്ലുന്ന രാസവസ്തുക്കളല്ല. അക്ഷരാർത്ഥത്തിൽ ജീവനാശിനികൾ തന്നെയാണവ. മലയാളികൾക്ക് അടുക്കളയിൽ ഒഴിച്ചുകൂടാനാവാത്ത ഒന്നാണ് കറിവേപ്പില. തമിഴ്നാട്ടിൽ നിന്നുള്ള കറിവേപ്പിലയിൽ മാരകമായ തോതിൽ എൻഡോസൾഫാന്റെ അംശമുണ്ടെന്ന വാർത്തയും ഈയിടെ പുറത്തു വന്നിരുന്നു. എന്തിനധികം? ചില കമ്പനികളുടെ കുപ്പി വെള്ളത്തിലും കുപ്പി പാനീയങ്ങളിലും അനുവദനീയ പരിധിക്കപ്പുറം മാരകമായ കാർബണിക് കീടനാശിനികളുടെ അംശമുണ്ടെന്നു ഡൽഹിയിലെ സെന്റർ ഫോർ സയൻസ് ആന്റ് എൻവയൺമെന്റ് പഠനങ്ങൾ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ലോകാരോഗ്യ സംഘടനയുടെ (WHO) കണക്കനുസരിച്ച് മൂന്നാം ലോകരാജ്യങ്ങളിൽ പ്രതിവർഷം അഞ്ചുലക്ഷത്തോളം പേരാണ് കീടനാശിനി വിഷബാധയ്ക്ക് വിധേയരാകുന്നത്.

ശരീരത്തിലേക്കു ചെല്ലുന്ന ആഹാരം ദഹിക്കപ്പെടേണ്ടതുപോലെ ദഹിക്കപ്പെടുന്നില്ലായെങ്കിൽ ശരീരത്തിനു അപ്രയോജനവും ആപത്ക്കരവും ആകുന്നതുപോലെ ദൈവവചനമാകുന്ന ആഹാരം ദേഹിയിലേക്ക് പ്രവേശിച്ച് ഗ്രഹിക്കേണ്ടതുപോലെ ഗ്രഹിക്കണം. ഇല്ലായെങ്കിൽ അപ്രയോജനവും ആപത്ക്കരവും ആയിത്തീരും. എന്നാൽ ആത്മീക ജീവൻ പ്രാപിച്ച ഒരു വ്യക്തിയിലെ ദേഹിയുടെ ആഹാരമാണ് ദൈവവചനം. യേശുക്രിസ്തു പറയുന്നു. "മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല ജീവിക്കുന്നത് ദൈവത്തിന്റെ വായിൽ നിന്നും വരുന്ന സകല വചനം കൊണ്ടും ജീവിക്കുന്നു". വിശുദ്ധ വേദപുസ്തകം വീണ്ടും നമ്മെ ഓർമ്മപ്പെടുത്തുന്നു. "എന്നാൽ ആഹാരം നമ്മെ ദൈവത്തോട് അടുപ്പിക്കുന്നതുമല്ല, അകറ്റുന്നതുമല്ല. ശരീരത്തിനു ദോഷം വരുത്താത്ത ആഹാരമൊക്കെയും കഴിക്കാം. ഭൂമിയും അതിന്റെം പൂർണ്ണതയും കർത്താവിനുള്ളതാണ്.

തിരുവെഴുത്തുകളെ മാറ്റി മറിക്കുന്നവർക്കു ദൈവവചനം നൽകുന്ന ഗൗരവതരമായ താക്കീത് വെളിപ്പാടു പുസ്തകത്തിൽ നാം വായിക്കുന്നുണ്ട്. "ഈ പുസ്തകത്തിലെ പ്രവചനം കേൾക്കുന്ന ഏവനോടും ഞാൻ സാക്ഷീകരിക്കുന്നതെന്തെന്നാൽ; അതിനോടു ആരെങ്കിലും കൂട്ടിയാൽ ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്ന ബാധകളെ ദൈവം അവനു വരുത്തും. ഈ പ്രവചനപുസ്തകത്തിലെ വചനത്തിൽ നിന്നു ആരെങ്കിലും വല്ലതും നീക്കിക്കളഞ്ഞാൽ ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്ന ജീവവൃക്ഷത്തിലും വിശുദ്ധ നഗരത്തിലും അവനുള്ള അംശം ദൈവം നീക്കിക്കളയും" (വെളി. 22:18, 19) തിരുവെഴുത്തുകളെ തുച്ഛീകരിക്കാനും പരിഹസിക്കാനും അവയുടെ വിശ്വാസ്യതയിൽ സംശയം ജനിപ്പിക്കത്തക്കവണ്ണമുള്ള വിമർശനങ്ങൾ തൊടുത്തുവിടാനും തയ്യാറാകുന്ന പലരും ഇക്കാലത്തുണ്ട്. ഭക്തിയുടെ മാർഗ്ഗം ആദായ സൂത്രം എന്നു ചിന്തിക്കുന്നവർക്ക് പറ്റിയ കാലമാണിതെങ്കിലും തക്ക സമയത്തു തന്നെ ദൈവത്തിന്റെ ന്യായവിധി പെട്ടെന്ന് ഇവരുടെമേൽ വരും.

നിർമ്മലമായ ദൈവവചനത്തിന്റെ അന്തസത്തയെ മാറ്റിക്കളയുകയും പെന്തെക്കോസ്തിന്റെ ധാർമ്മികതയ്ക്ക് യാതൊരു വിലയും കല്പിക്കാത്ത വചന വിരുദ്ധമായ പാഷാണ ഉപദേശത്തെയും അമിതകൃത്രിപ്പുകാരെയും വിട്ടൊഴിയുക. ദൈവവചനത്തിലേക്ക് മടങ്ങുക.

## ഐ.പി.സി. പുതുപ്പള്ളി സെന്റർ കൺവൻഷൻ

**പുതുപ്പള്ളി:** ഐ.പി.സി പുതുപ്പള്ളി സെന്റർ കൺവൻഷൻ 2014 നവംബർ 26 മുതൽ 30 വരെ പുതുപ്പള്ളിയിൽ വെച്ച് നടക്കുന്നതാണ്. പാസ്റ്റേഴ്സ് പി.എ മാത്യു, ബാബു ചെറിയാൻ, തോമസ് ഫിലിപ്പ്, കെ.ജെ തോമസ്, ഷാജു സി. ജോസഫ്, പ്രഫ. മാത്യു പി. തോമസ് എന്നിവർ പ്രസംഗിക്കും. ബേർശേബാ വോയ്സ് (കോട്ടയം) ഗാനങ്ങൾ ആലപിക്കും.

കാലികം

# പിഴവുകൾ മറച്ചുള്ള പെന്തെക്കോസ്തുവിവാഹം



സജി നെടുങ്കണ്ടം

“വിവാഹം എല്ലാവർക്കും മാന്യം” പക്ഷെ ആരേയും ചതിക്കരുത്. തന്റേതല്ലാത്ത കാരണത്താൽ വിവാഹബന്ധം വേർപെടുത്തിയ വിശ്വസിയായ യുവാവ് തക്കതായ തുണയെ തിരയുന്നു എന്നുള്ള വിവാഹപരസ്യം പെന്തെക്കോസ്തുകാരുടെ ഇടയിൽ പേർ പറയുകപോലും ചെയ്തിരുന്നില്ല. വേർപെട്ട സമൂഹത്തിന് നേരിട്ട അപചയത്തിന് ഇതുതന്നെ ഉത്തമ ഉദാഹരണമാണ്. പൊതുജനസമക്ഷം സാക്ഷ്യം നഷ്ടപ്പെടുത്തി ദൈവനാമം ദുഷിക്കുന്ന രീതിയിലുള്ള പ്രവർത്തനശൈലികളിൽ നിന്നും തനിച്ചു പാർക്കുന്ന ഈ ക്കൂട്ടർ തിരിച്ചുവരണം. ഈ കാലഘട്ടത്തിൽ എടുത്തുപറയേണ്ട ഒന്നാണ് പെന്തെക്കോസ്തുകാരുടെ പെരുപ്പവും പെരുമയും. സമൂഹത്തിൽ തള്ളപ്പെട്ടവരും ആദരിക്കപ്പെടാതെപോയിരുന്നവരുമായിരുന്നു കേരളക്കരയിലെ ആരംഭകാല വിശ്വാസികൾ. പാപത്തോട് അകന്നും ദൈവത്തോട് അടുത്തും ജാതീയ ആചാര അനുഷ്ഠാനങ്ങളിൽ നിന്നും തികച്ചും വേർപാട് ആചരിച്ചും വേദപുസ്തക സത്യങ്ങൾക്ക് വിലകൽപ്പിച്ചിരുന്ന ഈ സമൂഹത്തിന്റെ പിൻതലമുറയ്ക്ക് ഇന്ന് എന്തുപറ്റി? ഒരിക്കൽ വിശുദ്ധിക്ക് യോജിക്കാത്തത് എന്നു പറഞ്ഞ് വിലക്കിയതെല്ലാം ഇന്ന് പെന്തെക്കോസ്തുകാരന്റെ വീട്ടിലെ വിഭവങ്ങൾ ആയില്ലേ? പുതിയ സംസ്കാരം പുത്തൻ ആശയങ്ങളും ശൈലികളും പുൽകാനുള്ള ആവേശം ഈ തലമുറയ്ക്ക് എവിടുന്ന കിട്ടി. വസ്ത്രധാരണത്തിലും ജീവിതരീതിയിലുമെല്ലാം ആധുനിക സമൂഹത്തോട് മത്സരിക്കുന്നവരായി ആരംഭകാല ഭക്തന്മാരുടെ കൊച്ചുമക്കൾ അധഃപ്പതിച്ചില്ലേ. ആത്മീയ അച്ചടക്കത്തിൽ വളരേണ്ട മക്കളെ അവരുടെ ഇഷ്ടത്തിന് കയറൂരി വിട്ട് അവരിൽ നിന്നുള്ള നന്മ അനുഭവിക്കാൻ കാത്തിരിക്കുന്ന രക്ഷകർത്താക്കളെ അവർ നിങ്ങൾക്കുവേണ്ടി ഒരുക്കുന്നത് നിലയ്ക്കാത്ത കണ്ണീരിനുള്ളതു മാത്രമാണ് എന്ന് ഓർത്തുകൊൾക. ഭക്തിയുടെ വേഷം കെട്ടൽ അവസാനിപ്പിക്കാൻ പെന്തെക്കോസ്തുകാർ ഇനിയും അമാന്തിക്കരുത്. പിതാക്കന്മാർ പഠിപ്പിച്ച വേർപാടും വിശുദ്ധിയും അമിതമായിപ്പോയി എന്ന കണ്ടെത്തൽ ഇനിയെങ്കിലും നാം തിരുത്തേണ്ടിയിരിക്കുന്നു.

പെന്തെക്കോസ്തുകാർ നടത്തുന്ന വിവാഹങ്ങൾ വചനാധിഷ്ഠിതവും തികച്ചും ദൈവപ്രസാദമുള്ളതുമാണ്. വിവാഹത്തിന്റെ സ്ഥാപകൻ ദൈവമാണ്. മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല എന്നാണ് ദൈവം പറയുന്നത്. വിവാഹപ്രായമായ യുവതിയുവാക്കൾക്ക് തക്കസമയത്ത് വിവാഹം നടക്കേണ്ടതിന് ദൈവസഭ പ്രാർത്ഥിക്കുകയും അതിനായി ശ്രദ്ധിക്കേണ്ടതുമാണ്. മാതാപിതാക്കൾ ഇക്കാര്യത്തിൽ അതീവശ്രദ്ധാലുക്കൾ ആയിരിക്കണം. വിവാഹ പ്രായമായ പുരുഷനോ സ്ത്രീക്കോ തക്കതായതുണയെ തിരഞ്ഞുകണ്ടെത്താൻ നാം ഉത്സാഹിക്കണം. വൈകല്യങ്ങൾ മറച്ചുള്ള വിവാഹത്തിന് യുവതിയുവാക്കൾ തയ്യാറാകരുത്. മാതാപിതാക്കൾ ഇതിനെ പ്രോത്സാഹിപ്പിക്കുകയും അരുത്. വെളിപ്പെടുത്താൻ കഴിയാത്ത രോഗമോ വൈകല്യമോ ഉള്ളവർ സകലവും പരിഹരിക്കാൻ പ്രാപ്തിയുള്ള ദൈവത്തിൽ കാര്യങ്ങൾ ഭരമേല്പിക്കുക. വിളിച്ച ദൈവം വിശ്വസ്തനാണ് അവിടുന്ന ആരെയും ഉപേക്ഷിക്കുന്നില്ല. വിദേശത്ത് ജോലിചെയ്യുന്ന മക്കളുടെ വിവാഹം ആലോചിക്കുമ്പോൾ ഫോട്ടോ കാണിച്ചും ഫെയ്സ്ബുക്കും നെറ്റുവഴിയുമുള്ള പെണ്ണുകാണലിൽ നിന്നും മക്കളെ പിൻതിരിക്കാൻ മാതാപിതാക്കൾ തുനിയുന്നില്ലായെങ്കിൽ കല്യാണം നടക്കും എന്നാൽ കണ്ണീർതോരില്ലാ എന്ന കാര്യം കൂടി ഉത്തരവാദിതപ്പെട്ടവർ ഓർത്തിരിക്കുന്നത് നല്ലത്. ഫോട്ടോയിൽ കണ്ട് ഇഷ്ടപ്പെട്ടാൽ വിവാഹത്തിന് വേദിയിൽ എത്തുന്ന മണവാട്ടി ഫോട്ടോയുമായി പുലബന്ധം പോലും ഇല്ലാത്തതായിരിക്കും. ഒടുക്കം കാർമ്മികൻപോലും ഇല്ലാത്തതായിരിക്കും. ഒടുക്കും കാർമ്മികൻ പൊതു സഭയെ ഒന്നായി എഴുന്നേൽപ്പിച്ച് പഴുതില്ലാത്ത പ്രഖ്യാപനം പരസ്യപ്പെടുത്തുമ്പോൾ ദൈവത്തോട് നീതി പുലർത്തണം എന്നുകൂടി ഓർത്താൽ നല്ലത്. അതാകട്ടെ “ദൈവം യോജിപ്പിച്ചതിനെ മനുഷ്യർ വേർതിരിക്കരുത്” എന്നത്രെ. യേശുവിന്റെ കൽപ്പന കാറ്റിൽ കരിയിലപോലെ പറത്തിക്കളയുന്ന പെന്തെക്കോസ്തു മാതാപിതാക്കളെ ഭാര്യഭർത്താക്കന്മാരെ യുവതിയുവാക്കളെ അന്ത്യന്യായവിധിയിൽ ദൈവം നിങ്ങളെയും ശിക്ഷിക്കാതെ വിടില്ല. എന്നാൽ മക്കൾക്കുവേണ്ടി ഒരു പുരുഷനെയോ സ്ത്രീയെയോ തക്കതുണയായിരിക്കാൻ അന്വേഷിക്കുമ്പോൾ തന്നെ ഉണർന്നു പ്രാർത്ഥിക്കുക ചതിവിൽ അകപ്പെടരുത്.

വിവാഹബന്ധത്തിൽ ഏർപ്പെടുന്നവർ അവരുടെ കുടുംബത്തിലെ ഒരു മുറി ദൈവീകകോടതിയായി മാറ്റി വയ്ക്കുക. സീരിയലും കോമഡിഷോയും കണ്ട് പുറമേ ഉള്ള മനുഷ്യന് പൂത്തിരി കത്തിക്കുന്നനേരം ഭർത്താവും ഭാര്യയും പ്രാർത്ഥനയ്ക്കായി മുട്ടു മടക്കുക. കുടുംബകോടതിയുടെ വരാന്തയിൽ പെന്തെക്കോസ്തുകാരന്റെ കണ്ണീർ വീഴാൻ നാം അനുവദിക്കരുത്. പെന്തെക്കോസ്തിലെ പാസ്റ്റർ വേഷധാരികളായ ബ്രോക്കർമാരോട് ഒരു അപേക്ഷ. നിങ്ങൾ എണ്ണിവാങ്ങുന്ന ഫീസ് ചതിവിൽപ്പെടുത്തിയതും തട്ടിപ്പുനടത്തിയും ആകരുത്. നിങ്ങളുടെ സേവനം പ്രയോജനമായി ഭവിക്കാറുണ്ട്. അപ്പോൾതന്നെ പാസ്റ്റർ എന്ന പേരിൽ ബ്രോക്കർപണി എടുക്കരുത്. എന്നാൽ കൂടുതൽപ്പേരും പോരായ്മകൾ മറച്ചുവച്ച് ചതിവിൽപ്പെടുത്തി നിന്നോണ്ടു തന്നെ ബിരിയാണിതിന്ന് ബ്രോക്കർ കാശുമായി മുങ്ങുന്നു. പിന്നീട് അടുത്തകുടുംബത്തെ കുടുക്കിൽപ്പെടുത്താൻ ഫോട്ടോയുമായിപായുന്നു. പാവപ്പെട്ട ദൈവജനത്തിന്റെ കണ്ണുനീർ നിങ്ങൾ ഒരു ചാൺ വയറിനുവേണ്ടി കോടതി വരാന്തയിൽ വീഴിച്ചാൽ നിങ്ങൾക്കുമുണ്ട് മണത്താൽ എന്ന പരസ്യം തന്റേടി അല്ലാത്ത കാരണത്താൽ എന്ന് ആരോ തിരിച്ചുവായിച്ചത് ഓർക്കുന്നു. ദൈവനാമം ദുഷിക്കുന്ന ഈ വിധ ശൈലിയിൽ നിന്നും നാം പുറത്തുകടക്കണം. പൊതുജനത്തിന്റെ മുമ്പിൽ പെന്തെക്കോസ്തുകാർ ഇനിയും അപഹാസ്യരാകാൻ അനുവദിക്കരുത്. ദൈവഭയം ഇല്ലാത്ത ജാതികളെപ്പോലെ വേർപെട്ട ഈ സമൂഹം വഴിയിൽ വീണുകിടക്കരുത്. “വിവാഹം എല്ലാവർക്കും മാന്യം” പക്ഷെ മാന്യവും പവിത്രവുമായ കുടുംബബന്ധത്തെ ചതിവിൽപ്പെടുത്തി തകർക്കരുത്. ഓർക്കുക.....“നിങ്ങൾ വിതയ്ക്കുന്നതുതന്നെ കൊയ്യും”.

---

കണ്ടതും കേട്ടതും

# “ഹെവൻലി ഹോസ്റ്റ്” – ഒരു ചരമക്കുറിപ്പും പാദാരവൃന്ദവും

ജയ്മോഹൻ അതിരുങ്കൽ, 9567759748




തൊണ്ണൂറുകളുടെ രണ്ടാം പകുതിയിലാണു സംഭവം. ഞാനന്നു കുമ്പനാട്ടു താമസിക്കുകയാണ്. ചർച്ച് ഓഫ് ഗോഡ്, കുമ്പനാടു വിഭാഗത്തിന്റെ വകയായി, കുമ്പനാടു ബഥേൽ മൈതാനത്തു നടത്തിയിരുന്ന ബൈബിൾ സ്കൂളിന്റെ ചുമതലയായിരുന്നു എനിക്ക്. എന്നുവെച്ചാൽ, ബൈബിൾ സ്കൂളിലെ വിദ്യാർത്ഥികളുടെ മേൽനോട്ടം, അദ്ധ്യാപകരെ വിളിക്കുക, ആരെങ്കിലും പഠിപ്പിക്കാൻ വന്നില്ലെങ്കിൽ പകരക്കാരെ ഏർപ്പാടാക്കുക എന്നിവയൊക്കെയാണ് എന്റെ ഉത്തരവാദിത്വം. അന്ന് എന്റെ താമസം, ചർച്ച് ഓഫ് ഗോഡ് സഭാ മന്ദിരത്തിന്റെ പിന്നറ്റത്തായുള്ള രണ്ടു മുറികളിലൊന്നിലായിരുന്നു. കുമ്പനാട്ടെ ദൈവമക്കൾ എന്നോടും ആ ബൈബിൾ സ്കൂളിനോടും കാണിച്ച സ്നേഹവും സഹകരണവും മറക്കാനാവാത്തതാണ്. നന്നായി നടന്ന ഒരു ബൈബിൾ സ്കൂളായിരുന്നു അത്. അവിടെപ്പഠിച്ചവരിൽ ഭൂരിപക്ഷം പേരും ഇന്നു കർത്താവിന്റെ വേലയിൽ പ്രയോജനപ്പെടുന്നുണ്ട്.1996 മുതൽ 2003 വരെയുള്ള ഏഴു വർഷമാണു പ്രസ്തുത സ്ഥാപനം നടത്തിയത്. പിന്നീടതു ‘ലേഡീസ് ബൈബിൾ സ്കൂളാ’യി. തുടക്കത്തിലും അതു ലേഡീസ് ബൈബിൾ സ്കൂളായാണു നടത്തിയത്. ഇടക്കാലയളവിൽ സഹോദരിമാരാരും പഠിക്കാൻ വരാതായപ്പോൾ, കുമ്പനാടു വിഭാഗം അതു ‘പുരുക്കളുടെ’ ബൈബിൾ സ്കൂൾ നടത്താനുപയോഗിച്ചുവെന്നേയുള്ളൂ. സഭാവഴക്കു തീർന്നു യോജിച്ചപ്പോൾ, ബൈബിൾ സ്കൂൾ നിർത്തുകയായിരുന്നു.

അക്കാലത്താണ് ഐ.പി.സി. സഹോദരന്മാരായ ചിലർ മുൻകൈയെടുത്ത്, ‘ഹെവൻലി ഹോസ്റ്റ്’ (സ്വർഗ്ഗീയസൈന്യം) എന്നൊരു സംഘടന തുടങ്ങുന്നത്. അവർക്കു കൂടിവരുന്നതിന് ഐ.പി.സി. സഭാഹാളുകൾ കിട്ടാത്തതുകൊണ്ടായിരിക്കാം, അന്നു കുമ്പനാടു ചർച്ച് ഓഫ് ഗോഡ് ബഥേൽ സഭാശുശ്രൂഷകനായിരുന്ന പാസ്റ്റർ പി.ജി. മാത്യൂസിനെ സമീപിച്ചു കാര്യം പറഞ്ഞു. അദ്ദേഹം (കമ്മിറ്റിയും) ബഥേൽ ഹാൾ അനുവദിക്കുകയും ചെയ്തു. ഞായറാഴ്ച തോറും വൈകുന്നേരം (എല്ലാ ഞായറാഴ്ചയുമില്ലെന്നാണ് ഓർമ്മ) അവിടെക്കൂടും. പാട്ട്, പ്രാർത്ഥന, സാക്ഷ്യം, പ്രസംഗം ഇങ്ങനെ പോകും. തിരുവല്ലാ – പുഷ്പഗിരി റോഡിൽ തയ്യൽക്കട (BONTON) നടത്തിക്കൊണ്ടിരുന്ന അനിൽ കുരുടാമണ്ണിലായിരുന്നു മുഖ്യസംഘാടകൻ. ഹെബ്രോൻ ഓഫീസിൽ ജോലിയുണ്ടായിരുന്ന ഒരു സഹോദരൻ, എലിം സഭയിൽ അന്നു ശുശ്രൂഷകനായിരുന്നയാളിന്റെ മകൻ സ്റ്റാൻലീ ജോൺ, ‘ജീസസ് ഒൺലി സേവ്യർ’ എന്നു ജോസി (Jos) നു ഫുൾഫോമുണ്ടാക്കിയ ഗായകൻ ജോസ് കുമ്പനാട്, എലിമിലെ ഒരു മുൻ ശുശ്രൂഷകന്റെ മകൻ ജോൺസൺ എന്നിവരൊക്കെയായിരുന്നു മറ്റു ഭാരവാഹികൾ. പാസ്റ്റർ പി.ജി. മാത്യൂസിന്റെ മകൻ ജെസ്വിൻ മാത്യൂസ്, എന്തു സഹായത്തിനും തയ്യാറായി സദാ ഒപ്പമുണ്ടായിരുന്നു.

ഹെവൻലീ ഹോസ്റ്റ് ഇങ്ങനെ പോയിപ്പോയി വലിയ പദ്ധതികളൊക്കെ ആസൂത്രണം ചെയ്തു തുടങ്ങി. ആദ്യമായി, സംഘടനയുടെ ഔപചാരികമായ ഉദ്ഘാടനം നടത്താൻ തീരുമാനിച്ചു. അങ്ങനെ, 1998 മെയ് 18–ാം തീയതി (അതോ ജൂൺ 18 ആണോയെന്നു നിശ്ചയമില്ല), ചർച്ച് ഓഫ് ബഥേൽ മൈതാനത്തുവെച്ചു സംഗീതനിശയും പ്രസംഗവും നടത്തി. ഇടിച്ചെറിയാ നൈനാനായിരുന്നു ഉദ്ഘാടകൻ. ധാരാളം പേർ പങ്കെടുത്ത ആ യോഗത്തിൽ, ഒരു പാട്ടു പാടുന്നതിന് അവർ എനിക്ക് അവസരം തന്നു. എം. വി. ചാക്കോസാർ, പാസ്റ്റർ രാജു പൂവക്കാല തുടങ്ങിയവർ ആശംസകളറിയിച്ചു. ആ മൈതാനത്തു യോഗം നടത്തിയതുകൊണ്ടും, ഞങ്ങളുടെ ബൈബിൾ സ്കൂളിലെ സഹോദരന്മാർ യോഗത്തിന്റെ ക്രമീകരണങ്ങൾക്കായി നന്നായി പണിയെടുത്തതുകൊണ്ടും എനിക്കു പാട്ടു പാടാൻ അവസരം തരേണ്ടിവന്നു എന്നതാണു സത്യം. കാസറ്റിലൊക്കെ അന്നു പാടിയിരുന്ന ജസിയെയും സംഘാടകർ പാടാൻ വിളിച്ചിരുന്നു. ജസിയുടെ കമ്മലും മാലയുമൊക്കെ ഊരിച്ച്, ഒരു ‘ഇൻസ്റ്റന്റ്’ പെന്തെക്കോസ്തുകാരിയാക്കിയിട്ടാണു സ്റ്റേജിൽ കയറ്റിത്. അതുപോലെ, കുമ്പനാട്ടുള്ള ഒരു സമുദായക്കാരൻ പാട്ടുകാരനെയും വിളിച്ചു പാടിച്ചിരുന്നു. ചാക്കോസാർ ഏതായാലും ഒരു കാര്യം പറഞ്ഞു, “ഇവിടെപ്പാടുന്നതൊക്കെ കൊള്ളാം. ഇവിടെപ്പാടിയിട്ട്, അവിടെപ്പാടാൻ കഴിഞ്ഞില്ലെങ്കിലാ പ്രശ്നം”.

ഇനി എന്റെ പാട്ടിനെപ്പറ്റി. ഞാനന്നു പാടിയതൊരു തമിഴ് പാട്ടായിരുന്നു. സുവിശേഷസന്ദേശമടങ്ങിയ ആ ഗാനത്തിന്റെ വരികളും പശ്ചാത്തലസംഗീതവുമൊക്കെ മികച്ചതായിരുന്നു. N364 (Korg) കീബോ(ർ)ഡായിരുന്നു അന്നത്തെ ആധുനികൻ. വിദഗ്ദ്ധനായ കീബോ(ർ)ഡ് വാദകൻ സാബു ആന്റണി, ആ ഗാനത്തിന്റെ പശ്ചാത്തലസംഗീതം അനായാസമായി, ആകർഷകമായി വായിച്ചു. തബലയും ഗിറ്റാറുമെല്ലാമുണ്ടായിരുന്നു. പാട്ടു ശരിക്കും ഹിറ്റായി. പിന്നീടതു പലയിടത്തും പാടിയിട്ടുണ്ട്. ഇന്നും അതു പാടിയാൽ, ജനങ്ങൾ ശ്രദ്ധിക്കുമെന്നുള്ളതു തീർച്ചയാണ് (ജസിയുൾപ്പെടെയുള്ളവർ ആ പാട്ടിനെ അഭിനന്ദിച്ചിരുന്നു).

നാളുകൾ കഴിഞ്ഞു. ഹെവൻലി ഹോസ്റ്റ് കുറെക്കൂടെ പുരോഗമിക്കാൻ തീരുമാനിച്ചു. കെ.ജി. മാർക്കോസ്, കുട്ടിയച്ചൻ, ബിനോയ് ചാക്കോ മുതലായവരെ വരുത്തി, ടിക്കറ്റ് വെച്ച് ഒരു ഗാനമേളയും ഒപ്പം പ്രസംഗവും. കുമ്പനാടു ശാലോം മാർത്തോമ്മാപ്പള്ളി ഓഡിറ്റോറിയത്തിൽ വെച്ചായിരുന്നു പരിപാടി. പക്ഷേ ആ യോഗത്തിൽ എന്നെ അവർ ഒഴിവാക്കി. മുമ്പു പാടിയ തമിഴ് പാട്ട് അത്രത്തോളം അവരെ സഹോദരന്മാരല്ലാതാക്കിയെന്നു പറയാം. എന്തുകൊണ്ടാണ് അവർ എന്നോട് അങ്ങനെ പെരുമാറിയതെന്ന് ഇന്നും എനിക്കറിഞ്ഞുകൂടാ. ഞാൻ അവർക്ക് ഉപകാരമല്ലാതെ, ഉപദ്രവം ചെയ്തിട്ടില്ല.

പക്ഷേ ഹെവൻലി ഹോസ്റ്റ് പിന്നെയധികം നാൾ മുന്നോട്ടു പോയില്ല. കുമ്പനാട്ട്, കുറെ പുസ്തകങ്ങളും സംഘടിപ്പിച്ച് ഒരു ലൈബ്രറിയൊക്കെ അവർ തുടങ്ങി. പിന്നെ അവയെല്ലാം എവിടേക്കോ കൊണ്ടുപോകുകയായിരുന്നു. എല്ലാ യോഗത്തിലും ‘സെറിമല’ (തമിഴ്നാട്ടിലുള്ള ഒരു സ്ഥലം), ‘സെറിമല’ എന്നു കേൾക്കാമായിരുന്നു. അവിടെ എന്തൊക്കെയോ വമ്പിച്ച പ്രവർത്തനമുണ്ടെന്നായിരുന്നു പറച്ചിൽ.

ഇതെഴുതിയപ്പോൾ മറ്റൊരു കാര്യവും ഓർമ്മ വരുന്നു. എന്നെ വളരെയേറെ വേദനിപ്പിച്ച ഒരു സംഭവമാണിത്. കുമ്പനാട്ടുവിഭാഗത്തിന്റേതായ കൺവെൻഷൻ എല്ലാക്കൊല്ലവും അനുഗൃഹീതമായി നടന്നുവന്നു. സഭ യോജിച്ചതൊക്കെ ശരിയാണ്. പക്ഷേ, കുമ്പനാട്ടു ലഭിച്ച ‘കൂട്ടായ്മ’ (Fellowship) യുടെ ‘സ്വാദ്’, തിരുവല്ലയിലില്ലായെന്നതാണു സത്യം. ക

04

MOB: 9447368795
beljourn@gmail.Com
beljourn.com/ www.bjournal.org
VOL 07, ISSUE 20

BELIEVERS JOURNAL

BELIEVERS JOURNAL
P. O. BOX NO. 31, MANJADI P.O
THIRUVALLA, KERALA - 689 105

Publishing Date
25/10/2014

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/7LA/225/2012-14

## മാധ്യമവിചാരം

# ഞാൻ ആലപിച്ച ആദ്യഗാനം സി. ഡി. ആകുന്നു



അനിൽ കൊടിത്തോട്ടം
9495733727

സൈമൺ സാറിന്റെ 'വേദവിഹാരം', പദ്യരൂപത്തിൽ ആലാപനം നിർവ്വഹിച്ച് സി. ഡി. പുറത്തിറങ്ങുന്നു. ഒന്നുരണ്ട് കവിത മാധ്യമവിചാരകനും അതിൽ ആലപിച്ചിട്ടുണ്ട്. (യേശുദാസിനൊപ്പമാണ് ഞാൻ പാടിപഠിച്ചത് എന്നത് അഭിമാനത്തോടെ ഓർക്കട്ടെ. യേശുദാസ് റേഡിയോയിലൂടെ പാടി കേൾക്കുമ്പോൾ ഞാൻ അടുത്തിരുന്നു പാടും. മക്കൾ പറയുന്നത് പപ്പാ പ്രസംഗിച്ചാൽ മതി പാടേണ്ടതില്ല എന്നാണ്. ഭാര്യ മറുത്തൊന്നും പറഞ്ഞിട്ടില്ല) ഉള്ളൂർ എസ്. പരമേശ്വരയ്യർ, വള്ളത്തോൾ തുടങ്ങിയ പുകൾപെറ്റ കവിവര്യന്മാർ പ്രശംസിച്ച കവിയാണ് സൈമൺ സാർ. സാമുവേൽ ചന്ദനപ്പള്ളി മുതൽ ജോർജ്ജ് കോശി മൈലപ്ര വരെയുള്ള എഴുത്തുകാരും അദ്ദേഹത്തെ പ്രശംസിച്ചിട്ടുണ്ട്. ബ്രദറുകാർ സൈമൺ സാറിനെ കാണുന്നത് മുസ്ലീങ്ങൾ നബിയെകാണുന്നതുപോലെയാണ്. പിതാവിനെക്കുറിച്ചോ പുത്രനെക്കുറിച്ചോ ആത്മാവിനെക്കുറിച്ചോ ദൂഷണം പറഞ്ഞാൽ അവർ സഹിക്കും. സൈമൺ സാറിനു നേരെ വാക്ക് പ്രയോഗിച്ചാൽ ബ്രദറൺ കാർ നിങ്ങളെ തല്ലിക്കൊല്ലും. ബ്രദറൺ എഴുത്തുകാരനായ സണ്ണി എഴുമറ്റൂർ ഒരിക്കൽ ജെ. എൻ. ഡാർബ്ബിയെ പൗലോസ് അപ്പൊസ്തലനോട് ഉപമിച്ചിരുന്നു. ഒ. എം. രാജുകുട്ടി പാസ്റ്ററുടെ പ്രസംഗം ഇഷ്ടപ്പെട്ട ഒരാൾ അദ്ദേഹത്തെ പൗലോസിനോട് തുലനം ചെയ്തത് ഓർമ്മവരുന്നു. ഈ ലേഖകനെ ഒരാൾ മികച്ച വാൽമീകി എന്ന് സ്റ്റേജിൽ പരിചയപ്പെടുത്തിയത് ജയ്മോഹൻ കാർട്ടൂണാക്കിയത് ഓർമ്മ കാണുമല്ലോ. അതിശയോക്തി കൊണ്ടുള്ള ഇത്തരം വച്ചുകെട്ടൽ പലപ്പോഴും അപകടകരമായി ഭവിക്കുന്നു.

സൈമൺ സാർ ക്രൈസ്തവർക്കിടയിലെ മഹാനായ കവിയാണ്. അദ്ദേഹത്തെ ബൈബിൾ പണ്ഡിതൻ, ഹീബ്രു-ഗ്രീക്ക്-സംസ്കൃത പണ്ഡിതൻ എന്നൊക്കെ പറയുന്നത് അമിതഭാരം അടിച്ചേൽപ്പിക്കലാണ്. അദ്ദേഹത്തോടുള്ള എല്ലാ ആദരവും നിലനിർത്തി പറയട്ടെ, അദ്ദേഹത്തിന്റെ ബൈബിൾ അധിഷ്ഠിത കൃതികളൊന്നും (ഈ കാലഘട്ടവുമായി തുലനം ചെയ്താൽ) പണ്ഡിതോചിതമല്ല. അദ്ദേഹത്തിന്റെ വെളിപ്പാട് പുസ്തകപഠനം ഈ നിരയിൽ ഇന്നേവരെ എഴുതിയ കൃതികളിൽ ഏറ്റവും നിലവാരം കുറഞ്ഞതാണ്. പരേതനായ വൈ. എസക്കിയേയിലിനും താഴെയാണ് സൈമൺ സാറിന്റെ ബൈബിൾ പാണ്ഡിത്യം. അദ്ദേഹത്തിന്റെ സമാഗമന കൂടാരം എന്ന കൃതി മുഴുവൻ അബദ്ധധാരണകളുടെ ഒരു സങ്കലനമാണ്. ഇതിന് വൈകാരികമല്ലാതെ ആത്മനിയന്ത്രണത്തോടെ മറുപടി നൽകാൻ അദ്ദേഹത്തിന്റെ ഫാൻസ് അസ്സോസിയേഷനിൽ അവശേഷിക്കുന്ന ബ്രദറുകാരെ സ്നേഹപുരസരം ക്ഷണിക്കുന്നു. വേദവിഹാരം ഉൽകൃഷ്ടവും മഹത്വവുമെന്ന് നമ്മൾ പ്രകീർത്തിക്കുന്നത് ഈ മേഖലയിൽ മറ്റാരും കൈവയ്ക്കാൻ ഇല്ലാതെപോയതുകൊണ്ടാണ് ആ അർത്ഥത്തിൽ സൈമൺ സാറിലെ പ്രതിഭയെ അങ്ങേയറ്റം നാം ബഹുമാനിക്കുന്നു. അദ്ദേഹം ചമച്ച പാട്ടുകളാണ് കാർമ്മികശുശ്രൂഷകളിൽ ഇന്നു നാം പാടുന്നത് എന്നത് ആ പ്രതിഭയുടെ സ്വാധീനവിലാസങ്ങൾക്ക് തെളിവുമാണ്. ദാന്തെയോടും ഷെല്ലിയോടുമൊക്കെ ഉപമിച്ച് സൈമൺ സാറിനെ ചിലർ മഹത്വവൽക്കരിക്കുന്നത് പതിവ് കാഴ്ചയാണ്. അദ്ദേഹത്തിന് അർഹിക്കുന്ന ആദരവ് നൽകണം പക്ഷെ അത് അതിശയോക്തിപരമാകരുത്. എന്തേ ഈ കുറിപ്പിനാധാരം? കഴിഞ്ഞ ലക്കത്തിൽ ജയ്മോഹൻ ജേണലിൽ 'കണ്ടതും കേട്ടതും' കുറിക്കുമ്പോൾ നമുക്കിടയിലെ കാവ്യദാരിദ്ര്യം സൂചിപ്പിച്ചുകണ്ടു. പി. എസ്. ചെറിയാനും, സജി സീതത്തോടും, മുളവന മോഹൻ ദാസും തങ്ങളുടേതായ സംഭാവനകൾ നൽകിയിട്ടുണ്ട് എന്നത് ഒഴിച്ചാൽ കാവ്യസാഹിത്യം എന്നല്ല സർഗ്ഗസാഹിത്യം തന്നെ ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. നോവലിൽ സാമുവേൽ മേന തന്റെ പ്രതിഭ തെളിയിച്ചിട്ടുണ്ട്. ഞാൻ ഏറെ വിമർശിക്കുമെങ്കിലും ഏഴംകുളം സാംകുട്ടി പ്രതിഭയുള്ള ആൾ തന്നെയാണ്. 'പാളം തെറ്റിയ തീവണ്ടി' വിമർശനം അർഹിക്കുന്നുവെങ്കിലും പെന്തെക്കോസ്തുകാർക്കിടയിൽ സ്വാധീനം ചെലുത്തിയ നോവലാണ്. വിമർശനങ്ങളെ നല്ല ബുദ്ധ്യാ ഉൾക്കൊള്ളുന്ന മനസ്സ് നമ്മുടെ ആളുകൾക്ക് ഇല്ലാത്തത് ഏഴംകുളത്തിനും ഭവിച്ചു എന്നതുമാത്രം. പുകഴ്ത്തൽ വീരന്മാരുമായി മാത്രം ചങ്ങാത്തം കൂടിയ ഏഴംകുളം ക്രിയാത്മകവിമർശനങ്ങളെ ഉൾക്കൊള്ളുമെങ്കിൽ അദ്ദേഹത്തിലെ പ്രതിഭ കൂടുതൽ ജ്വലനാത്മകമാകും. തോമസ് മാമ്മന്റെ 'വാടാത്ത മുന്തിരി', ഒ. ജെ. തെന്മാൻകുഴിയുടെ 'മൺതരികൾ മനുഷ്യരായി', മാത്യു പാലത്തിങ്കലിന്റെ 'ശിശിര സന്ധ്യകൾ', തോമസ് തോന്നയ്ക്കലിന്റെ 'ഹിഡാക്കൂറിലെ കഴുതകൾ' ഇവയൊക്കെ പെന്തെക്കോസ്ത് ലോകം ഏറ്റുവാങ്ങിയ കൃതികളാണ്. തത്വത്തിൽ ഞാൻ ജയ്മോഹനോട് യോജിക്കുന്നു, നമ്മുടെ സർഗ്ഗസാഹിത്യം ശുഷ്കമാണ്. ആഷേറിലെ പ്രതിഭയിൽ എനിക്കും വിശ്വാസമുണ്ട്. ആഷേർ എഴുതണം. ആത്മവിശ്വാസം കൈവിടേണ്ടതില്ല.

ഏറ്റവും പ്രതിഭാശേഷി ആവശ്യമുള്ള ഉജ്ജ്വലസാഹിത്യരൂപമാണ് കവിത. മുമ്പ്

08

# ഐ. പി. സി. സ്റ്റേറ്റ് ശുശ്രൂഷക സമ്മേളനം

**കുമ്പനാട്:** ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ കേരള സംസ്ഥാന ശുശ്രൂഷക സമ്മേളനം പ്രധാനപ്പെട്ട 6 കേന്ദ്രങ്ങളിലായി നടക്കും. നവംബർ 10- കുമ്പനാട് ഹെബ്രോൻപുരം - പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ ശുശ്രൂഷകന്മാർക്കായി, നവംബർ 11 - ഐ. പി. സി. തിയോളജിക്കൽ സെമിനാരി പുതുപ്പള്ളി- കോട്ടയം ഇടുക്കി ജില്ലകളിലെ ശുശ്രൂഷകന്മാർക്കായി, നവംബർ 17 - ന്യൂലൈഫ് ബിബ്ലിക്കൽ സെമിനാരി ചെറുവക്കൽ - കൊല്ലം ജില്ലയിലെ ശുശ്രൂഷകന്മാർക്കായി, നവംബർ 18 - തിരുവനന്തപുരം പേരൂർക്കട ഐ. പി. സി. ഫെയ്ത്ത് സെന്റർ - തിരുവനന്തപുരം ജില്ലയിലെ ശുശ്രൂഷകന്മാർക്കായി, നവംബർ 20 - ഐ. പി. സി. ഹെബ്രോൻ ഹാൾ ഒന്നാം മൈൽ, പെരുമ്പാവൂർ - എറണാകുളം, തൃശൂർ ജില്ലകളിലെ ശുശ്രൂഷകന്മാർക്കായി, ഡിസംബർ 3 - നിലമ്പൂർ പാലുണ്ട ന്യൂഹോപ്പ് ബൈബിൾ കോളജ് - പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, വയനാട് ജില്ലകളിലെ ശുശ്രൂഷകന്മാർക്കായി രാവിലെ 9 മുതൽ വൈകിട്ട് 4 വരെയുള്ള സമ്മേളനത്തിൽ ഉച്ചവരെയുള്ള ക്ലാസ്സിൽ ഉപദേശപരമായി വിഷയങ്ങളും ഉച്ചകഴിഞ്ഞ് പ്രീമാരിറ്റൽ കൗൺസിൽ എങ്ങനെ നടത്തണമെന്നതിനെക്കുറിച്ചും ക്ലാസ്സുകൾ നടക്കുന്നതായിരിക്കും. പ്രസ്ബിറ്ററിയാൽ അംഗീകാരം ലഭിച്ച എല്ലാ ശുശ്രൂഷകന്മാരും ആദിയോടന്തം നിർബന്ധമായി പങ്കെടുക്കണമെന്ന് സ്റ്റേറ്റ് എക്സിക്യൂട്ടീവ് അംഗങ്ങൾ അറിയിപ്പിൽ പറഞ്ഞു. അസൗകര്യമുള്ളവർ സെന്റർ/ഏരിയാ ശുശ്രൂഷകന്മാരുടെ ശുപാർശയോടെ അവധിക്ക് അപേക്ഷിക്കേണ്ടതാണ്.

# ബെഥേൽ ഗോസ്പൽ അസംബ്ലി
## സിൽവർ ജൂബിലി കൺവൻഷൻ ജനു. 15 മുതൽ

**പത്തനാപുരം:** ബെഥേൽ ഗോസ്പൽ അസംബ്ലി സിൽവർ ജൂബിലിയുടെ നിറവിൽ. 25-ാമത് കൺവൻഷൻ 2015 ജനു. 15 മുതൽ 18 (വ്യാഴം - ഞായർ) വരെ തീയതികളിൽ പത്തനാപുരം ബെഥേൽ കൺവൻഷൻ ഗ്രൗണ്ടിൽ വച്ച് നടക്കുന്നതായിരിക്കും. സിൽവർ ജൂബിലി വർഷം എന്നതിനാൽ വിപുലമായ പ്രവർത്തന പദ്ധതികളുമായാണ് ഇപ്രാവശ്യത്തെ കൺവൻഷൻ ക്രമീകരിച്ചിരിക്കുന്നത്.

1990-ൽ മുംബൈ കേന്ദ്രീകരിച്ച് ഒരു സഭയുമായി ആരംഭിച്ച ഈ പ്രവർത്തനം 25-ാം വർഷത്തിലേക്കു പ്രവേശിക്കുമ്പോൾ ഇന്ന് ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിലായി നിരവധി സഭകളും സ്ഥാപനങ്ങളും പ്രവർത്തനങ്ങളുമായി കർത്തൃവേലയിൽ മുന്നേറുന്നു എന്നത് പ്രശംസാർഹമാണ്. ആയിരങ്ങൾ പങ്കെടുക്കുന്ന ജനറൽ കൺവൻഷൻ എല്ലാ വർഷത്തിലും ജനുവരി മാസത്തിൽ പത്തനാപുരത്ത് വച്ച് നടത്തി വരുന്നു.

ഇപ്രാവശ്യത്തെ കൺവൻഷനിൽ റവ. ഡോ.ജോയി പി.ഉമ്മൻ (ഓവർസീയർ, ബി.ജി.എ), പാസ്റ്റർമാരായ കെ.ജോയി (ഡൽഹി), സാം ടി. മുഖത്തല, കെ.ജെ തോമസ് (കുമളി) തുടങ്ങി പ്രഗത്ഭരായ കർത്തൃദാസന്മാർ ദൈവവചനം ശുശ്രൂഷിക്കും. പാസ്റ്റർ ജോജോയുടെ നേതൃത്വത്തിൽ സംഗീത ശുശ്രൂഷ നിർവ്വഹിക്കും.




Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.